
www.malankaralibrary.com

# ഐക്യദീപം
AIKYADEEPAM

ഡിസംബർ 2023



ക്രിസ്തുമസ്
ന്യൂ ഇയർ ആശംസകൾ




കാലിത്തൊഴുത്തിൽ പിറന്നവനേ, കരുണ നിറഞ്ഞവനേ...
ദേവദൂതർ പാടി സ്നേഹദൂതർ പാടി ഈ ഒലീവിൻ പൂക്കൾ
ആരാധനാ നിശാ സംഗീത മേള...വരൂ വരൂ ദേവൻ പിറന്നിതാ..
ആകാശങ്ങളിലിരിക്കും ഞങ്ങടെ അനശ്വരനായ പിതാവേ...

www.malankaralibrary.com


KIDNEY TRANSPLANTATION

JOIN THE MOVEMENT OF SAVING LIVES...TOGETHER, WE CAN MAKE A DIFFERENCE...



3 LAKHS DIALYSIS

65+ | KIDNEY TRANSPLANTS

PUSHPAGIRI
MEDICAL COLLEGE HOSPITAL

www.malankaralibrary.com


# ഐക്യദീപം
aikyadeepam

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

പുസ്തകം 54 ലക്കം 12 2023 ഡിസംബർ ₹ 10

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
9048341462

മാനേജർ
ഫാ. മാത്യു പുനക്കുളം

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

സർക്കുലേഷൻ മാനേജർ
ഫാ. സിറിൾ പട്ടശ്ശേരിൽ

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്

ഉപദേശക സമിതി
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ,
റവ. സി. അലീന എസ്.ഐ.സി., റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു, ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്


## ഉള്ളടക്കം
contents




യാത്ര പുൽക്കൂട്ടിലേക്ക് 08
ഫാ. എബ്രഹാം തൈപ്പറമ്പിൽ

4 എഡിറ്റോറിയൽ

5 ഇടയശബ്ദം



10 സംഗീതത്തിന് ഒരു ആമുഖം
ഫാ. ഫിലിപ്പ് തായില്ലം



12 ക്രൈസ്തവഗീതങ്ങൾ സംഗീതസാന്ദ്രമായ സൗന്ദര്യശാസ്ത്രം
പ്രൊഫ. കവിയൂർ ശിവപ്രസാദ്

സ്ഥിരം പംക്തികൾ

38. ആരോഗ്യം
ഡോ. നിതിൻ കെ. രാജു

41. ജാലകം
മെർലിൻ റ്റി. മാത്യു

42. സുറിയാനി ഭാഷാ പഠനം
ഫാ. ഡോ. രാജു പറക്കോട്ട്

44. ഹോമിയോപ്പതി
സി.ഡോ.ഐറിൻ SIC


46. ബാലദീപം
ഡോ. ബാബു ഫിലിപ്പ്

49. മല്പാനോട് ചോദിക്കാം




16 മലയാള സിനിമയിൽനിന്നു പിറന്ന ക്രിസ്ത്യൻ ഭക്തിഗാനങ്ങൾ
സി. ഗ്ലാഡിസ് OSS

21




interview



30 സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ആശ്വാസഗീതങ്ങൾ
റവ. ഡോ. മാത്യു ഡാനിയൽ



Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com



# എഡിറ്റോറിയൽ

## Editorial





ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ


സംഗീതമേ എന്റെ ആത്മാവിന് നീ ഒരു പടർന്ന ഭൂമികയാണ്... മുറിവേറ്റ എന്റെ ഹൃദയത്തിന് നീ വിടർന്ന ചിറകുകളാണ്... തളർന്ന എന്റെ ജീവിതത്തിന് തണുപ്പുള്ള തെളിനീരാണ് നീ. വാക്കുകൾ ആത്മാവിന്റെ തേങ്ങലുകളും ഹൃദയം നുറുങ്ങുന്ന പ്രാർത്ഥനകളും ഭക്തിയും മോഹങ്ങളും മോഹഭംഗങ്ങളും പ്രണയവും പേറി സംഗീതത്തിൽ ലയിപ്പിക്കുമ്പോൾ ഗാനങ്ങൾ രൂപപ്പെടുന്നു... ചിലപ്പോൾ സംഗീതം ഒരു മരുന്നാണ്... മറ്റൊന്നും ഏൽക്കാത്തപ്പോൾ മറ്റെല്ലാം പരാജയപ്പെടുമ്പോൾ മനസ്സിന് ആശ്വാസം നൽകുന്ന മരുന്ന്. മുറിവുണക്കുന്ന മരുന്നാണ് ഗാനങ്ങൾ. സ്നേഹം പ്രകടമാക്കാൻ വാക്കുകൾ പരാജയപ്പെടുമ്പോൾ, ദുഃഖം അണപൊട്ടി ഒഴുകുമ്പോൾ വാക്കുകൾ അവസാനിക്കുന്നു: അവിടെ സംഗീതം വിടരുന്നു.

ക്രിസ്തീയ ഭക്തിഗാനങ്ങളുടെ വേരുകൾ തേടിയുള്ള ഒരു യാത്രയാണ് ഈ ലക്കം... വളരെ ആയാസകരമായ ഈ ഉദ്യമം പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. ഇത് ഒരു ശ്രമമാണ്. നമ്മുടെ ചുണ്ടുകളിൽ മിന്നി മറയുന്ന പല ഈണങ്ങളും മലയാള സിനിമയിൽനിന്ന് നമുക്ക് ലഭ്യമായതാണ്. ക്രിസ്തീയ ഭക്തിഗാനങ്ങളുടെ ഒരു അപൂർവ്വശേഖരം തന്നെ അവിടെയുണ്ട്. ക്രിസ്തീയതയുടെ ആത്മീയഭാവങ്ങളിൽ ഇത്രത്തോളം വേരോട്ടമുള്ള ആ ഗാനങ്ങൾ തേടിഉള്ള യാത്രയാണിത്.

ഇതാ, ഭൂമിയുടെ മടിത്തട്ടിൽ ഒരു ക്രിസ്തുമസിന്റെ മഞ്ഞുതുള്ളികൾ കൂടി പൊഴിഞ്ഞു തുടങ്ങി... പ്രതീക്ഷയുടെ ക്രിസ്തുമസ് നക്ഷത്രങ്ങൾ എവിടെയും പ്രത്യക്ഷമായി...ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ജനനത്തിനുള്ള ഒരുക്കം. ആ ജനനം സകലജനത്തിനുമുള്ള പ്രതീക്ഷയുടെയും രക്ഷയുടെയും അനുഭവമായിരുന്നു. നിന്റെ പ്രതീക്ഷയുടെ നാളങ്ങൾ അണഞ്ഞു പോകുന്നുവെങ്കിൽ രക്ഷയുടെ അനുഭവം മഞ്ഞിൽ തണുത്തുറഞ്ഞുവെങ്കിൽ, ഇതാ രക്ഷകന്റെ ജനനദിനം അടുത്തെത്തി. വരൂ നമുക്ക് അവനെ ആരാധിക്കാം.

**ചിലപ്പോൾ സംഗീതം ഒരു മരുന്നാണ്... മറ്റൊന്നും ഏൽക്കാത്തപ്പോൾ മറ്റെല്ലാം പരാജയപ്പെടുമ്പോൾ മനസ്സിന് ആശ്വാസം നൽകുന്ന മരുന്ന്. മുറിവുണക്കുന്ന മരുന്നാണ് ഗാനങ്ങൾ. സ്നേഹം പ്രകടമാക്കാൻ വാക്കുകൾ പരാജയപ്പെടുമ്പോൾ, ദുഃഖം അണപൊട്ടി ഒഴുകുമ്പോൾ വാക്കുകൾ അവസാനിക്കുന്നു: അവിടെ സംഗീതം വിടരുന്നു.**

www.malankaralibrary.com



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)

## ഇടയശബ്ദം

# സന്തോഷത്തിന്റെ സദ്‌വാർത്ത

"ഇതിനു വേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനു വേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്ക് വന്നതും – സത്യത്തിനു സാക്ഷ്യം നൽകാൻ. സത്യത്തിൽനിന്നുള്ളവർ എന്റെ സ്വരം കേൾക്കുന്നു" (യോഹ. 18:37). ക്രിസ്തുമസിന്റെ സന്തോഷത്തിലേക്ക് നാം മന്ദം മന്ദം നടന്നടുക്കുകയാണല്ലോ. സർവ്വജനതകൾക്കും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്‌വാർത്ത. "നമുക്കുവേണ്ടി ഒരു രക്ഷകൻ പിറന്നിരിക്കുന്നു". പീലാത്തോസിന്റെ മുമ്പിൽ വിചാരണ ചെയ്യപ്പെടുമ്പോൾ കർത്താവുതന്നെ, തന്നെക്കുറിച്ചും തന്റെ വരവിനെക്കുറിച്ചും രേഖപ്പെടുത്തിയ സത്യം അതാണ്.

"ഞാനാണ് വഴിയും സത്യവും ജീവനും." വഴി, സത്യം, ജീവൻ: ഇവ ആശയങ്ങളോ താത്വിക വിശകലനങ്ങളോ അല്ല. അവയ്ക്ക് ഒരു മുഖമുണ്ട് – അത് ദൈവപുത്രനായി മനുഷ്യചരിത്രത്തിൽ ജനിച്ച യേശുക്രിസ്തുവിന്റെ മുഖമാണ്. മനുഷ്യനായ ദൈവമാണ് ഈ സത്യം. വർത്തമാനകാലം അസത്യങ്ങളിലോ അർദ്ധസത്യങ്ങളിലോ അഭിരമിക്കുകയാണ്. നിലനിൽക്കുന്നതും ശാശ്വതവുമായ സത്യത്തെ മനുഷ്യൻ സൗകര്യപൂർവ്വം മറക്കുകയോ അവഗണിക്കുകയോ ആണ്. കാരണം അത് അവനു താത്ക്കാലിക ലാഭം നൽകുന്നു. സ്വകാര്യതയിൽ മറഞ്ഞിരിക്കുവാൻ സഹായിക്കുന്നു. നിലപാടുകൾ കൈക്കൊണ്ട് നഷ്ടങ്ങൾ ഉണ്ടാവാതിരിക്കുവാൻ എളുപ്പമാർഗ്ഗമാകുന്നു. മൂഢലോകത്തിൽ ഇരിക്കുന്നതിന്റെ സുഖസുഷുപ്തി അവനെ വലയം ചെയ്യുന്നു. യേശുനാഥൻ വളരെ അസന്നിഗ്ദ്ധമായിട്ടാണ് പറഞ്ഞത്: പിതാവിനെയും മാതാവിനെയും സഹോദരനെയും സഹോദരിയെയും ഭാര്യയെയും മക്കളെയും സ്വജീവനെത്തന്നെയും വെറുക്കാതെ തന്റെ ശിഷ്യനാകുവാൻ ആർക്കും കഴിയില്ല എന്ന്" (ലൂക്കാ. 14:26). ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടത്: ക്രിസ്തുകേന്ദ്രീകൃതമായി നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തണമെന്നും അവിടുത്തേക്കാൾ ഉപരിയായി ഒന്നും നമ്മുടെ മുൻഗണനക്രമത്തിൽ വരരുതെന്നും ആണ്.

വർത്തമാനകാലം അസത്യങ്ങളിലോ അർദ്ധസത്യങ്ങളിലോ അഭിരമിക്കുകയാണ്. നിലനിൽക്കുന്നതും ശാശ്വതവുമായ സത്യത്തെ മനുഷ്യൻ സൗകര്യപൂർവ്വം മറക്കുകയോ അവഗണിക്കുകയോ ആണ്. കാരണം അത് അവനു താത്ക്കാലിക ലാഭം നൽകുന്നു. സ്വകാര്യതയിൽ മറഞ്ഞിരിക്കുവാൻ സഹായിക്കുന്നു.

ദൈവം നമ്മോട് അതീവ കാരുണ്യവാനാകുന്നതുകൊണ്ട് നാം വേണ്ടതുപോലെ അവിടുത്തെ ആദരിക്കുകയോ ബഹുമാനിക്കുകയോ ചെയ്യുന്നില്ല എന്നത് പരമാർത്ഥം. തന്റെ മഹാകരുണയിൽ അവിടുന്ന് നമ്മെ കരുതി നമ്മെ അനുഗ്രഹിക്കുന്നു. സങ്കീർത്തകനെപ്പോലെ

www.malankaralibrary.com



നമുക്കും പറയണം: "കർത്താവ് ചെയ്ത സകല ഉപകാരങ്ങൾക്കും പകരമായി ഞാൻ എന്തു ചെയ്യും. രക്ഷയുടെ പാനപാത്രം എടുത്ത് കർത്താവിന്റെ നാമം ഞാൻ വിളിച്ചപേക്ഷിക്കും" (സങ്കീ. 116:12–13). നമ്മുടെ ക്രിസ്തീയജീവിതത്തെ നാം അൽപ്പംകൂടി ഗൗരവത്തിൽ എടുക്കേണ്ടതുണ്ട്. നമ്മുടെ കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും വിശ്വാസത്തിന്റെ അനുരണനം ഉണ്ടാവണം. നമ്മുടെ ജീവിത അവസ്ഥകളെയും സംഭവിക്കുന്ന കാര്യങ്ങളെയും യേശുകേന്ദ്രീകൃതമായി മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും പഠിക്കണം. നമ്മുടെ കുടുംബങ്ങളിൽ വിശ്വാസത്തിന്റെ നല്ല ശിക്ഷണം നമ്മുടെ മക്കൾക്കു നൽകണം. വർദ്ധിച്ചുവരുന്ന നിരീശ്വരചിന്തകളെയും ശൈലികളെയും മറികടക്കുവാൻ നമ്മുടെ മക്കൾക്ക് സാധിക്കണം. മറ്റു മതങ്ങളിലെ വിശ്വാസികൾ കൂടുതൽ തീക്ഷ്ണത അവരുടെ വിശ്വാസം സംരക്ഷിക്കുവാൻ ശ്രദ്ധിക്കുമ്പോൾ, പൊതുവെ ക്രൈസ്തവവിശ്വാസികൾ ഈ മേഖലയിൽ പിന്നോക്കം പോകുന്നതായിട്ടാണ് തോന്നുന്നത്. നിസ്സാരകാര്യങ്ങൾക്കുപോലും വിശ്വാസം ഉപേക്ഷിക്കുവാനോ, ഇടവകജീവിതം പരിമിതപ്പെടുത്തുവാനോ ശ്രമിക്കുന്ന സഹോദരങ്ങളെ നാം കണ്ടുമുട്ടുന്നു. മതബോധനത്തിന് കുഞ്ഞുങ്ങളെ അയയ്ക്കുന്നതിനോ, പ്രാർത്ഥനകൾ ഉരുവിടുവാൻ നിർബന്ധിക്കുന്നതിനോ, ദൈവാലയത്തിലേക്ക് കൊണ്ടുവരുന്നതിനോ പ്രതിബന്ധങ്ങൾ ഏറുന്നു. നല്ല രൂപീകരണം ഇളംപ്രായത്തിലെ നൽകുന്നില്ലെങ്കിൽ അവർക്ക് ഒന്നും ലഭിക്കുകയില്ല. ക്രിസ്തുമസ് പോലുള്ള ആചരണങ്ങൾ തികച്ചും അവധിയുടെ ഒരാഴ്ചയായി മാത്രം അവ മനസ്സിലാക്കപ്പെടും. പല ക്രിസ്തുമസ് കാർഡുകളിലും നാം കാണുന്നതും ഇപ്രകാരമുള്ള ലോകകാര്യങ്ങൾ ആണ്. ഉണ്ണിയേശുവുള്ള ക്രിസ്തുമസ് കാർഡ് ഇന്നു ലഭ്യമാണോ? ഇവിടെ എല്ലാ ബോധപൂർവ്വമായ നിലപാടുകളും കൈക്കൊണ്ട് വിശ്വാസത്തിന്റെ സാക്ഷ്യം നമുക്കു

**"നമ്മുടെ ജീവിത അവസ്ഥകളെയും സംഭവിക്കുന്ന കാര്യങ്ങളെയും യേശുകേന്ദ്രീകൃതമായി മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും പഠിക്കണം. നമ്മുടെ കുടുംബങ്ങളിൽ വിശ്വാസത്തിന്റെ നല്ല ശിക്ഷണം നമ്മുടെ മക്കൾക്കു നൽകണം. വർദ്ധിച്ചുവരുന്ന നിരീശ്വരചിന്തകളെയും ശൈലികളെയും മറികടക്കുവാൻ നമ്മുടെ മക്കൾക്ക് സാധിക്കണം."**


www.malankaralibrary.com



നയിക്കണം. ക്രൈസ്തവവിശ്വാസവും യേശുനാഥന്റെ പീഡാസഹനവും രക്ഷാകരമായ പ്രവൃത്തികളും വിലയില്ലാത്തതായി പൊതുസമൂഹം കരുതുവാൻ നാം അനുവദിച്ചുകൂടാ. അതിനുള്ള സാഹചര്യങ്ങളും നാം മറികടക്കണം. വിശ്വാസം വളരുന്നത് സാക്ഷ്യത്തിലൂടെയാണ്. അത് നടക്കണം.

ഈ ലക്കത്തിൽ ഇപ്രകാരം സാക്ഷ്യജീവിതം നയിച്ച അനേകം ദൈവദാസീദാസന്മാർ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ രചിച്ച ക്രൈസ്തവഗീതങ്ങളും സംഗീതവും നാം മനസ്സിലാക്കുവാൻ ശ്രമിക്കുകയാണല്ലോ. ഏറെ ശ്രമകരമെങ്കിലും ഇത്രയും വിലയുള്ള ഒരു വിഷയം പഠിക്കുവാനും അനുവാചകർക്ക് അത് പകർന്നു നൽകി വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുവാനും എടുത്ത ശ്രമത്തെ ഞാൻ അനുമോദിക്കുന്നു. വി. ബൈബിളും രക്ഷാകരചരിത്രവും വിശ്വാസസത്യങ്ങളും ആത്മികജീവിതവും വെളിപ്പെടുത്തുന്ന ഈ ഗീതങ്ങളും സംഗീതവും സാംസ്കാരിക ലോകത്തിനുതന്നെ വലിയ ഒരു മുതൽക്കൂട്ടാണ്. കരിസ്മാറ്റിക് പ്രസ്ഥാനത്തോടുകൂടി കടന്നുവന്ന അതിശക്തമായ ഈ ഒരു മേഖല മറ്റു സഭകളിൽ സുവിശേഷ ശുശ്രൂഷയിലൂടെ മുന്നമേ തന്നെ നിലനിന്നിരുന്നു. മലങ്കരസഭയെ സംബന്ധിച്ച് ഇതു രണ്ടും നമ്മുടെ പൈതൃകമായിട്ടുണ്ട് എന്നത് വലിയ സമ്പത്തായി നാം കരുതുന്നു. വി. അപ്രേം പറയുന്നു: "സങ്കീർത്തനത്തിന്റെ ഒരു ഈരടി നിന്റെ നാവിൽ എപ്പോഴും ഉണ്ടായിരിക്കട്ടെ. സാത്താനെ ഓടിക്കുവാൻ അതിനു ശക്തിയുണ്ട്. ആയതിനാൽ എന്തു ചെയ്യുമ്പോഴും അവ നിന്റെ നാവിൽ ഉണ്ടായിരിക്കട്ടെ!"

# പൂനെ – ഖഡ്കി ഭദ്രാസനത്തിന് പുതിയ ഇടയൻ



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൂനെ-ഖഡ്കി സെന്റ് എഫ്രേം ഭദ്രാസനത്തിന്റെപുതിയ ഇടയനായി, പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ അംഗീകാരത്തോടെ, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ, ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ വെരി റവ. ഡോ. മത്തായി കടവിൽ ഓ.ഐ.സി. യെ നിയമിച്ചു.



www.malankaralibrary.com




# യാത്ര പുൽക്കൂട്ടിലേക്ക്



**ഫാ. ഏബ്രഹാം തൈപ്പറമ്പിൽ**
**എം. സി. വൈ. എം.**
**അതിഭദ്രാസന ഡയറക്ടർ**

"ആ പ്രദേശത്തെ വയലുകളിൽ ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയന്മാരുണ്ടായിരുന്നു. കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിന്റെ മഹത്വം അവരുടെ മേൽ പ്രകാശിച്ചു." (ലൂക്കാ 2:8). ഈ പ്രകാശം ലഭിച്ച ഇടയന്മാർ അത് വിശ്വസിച്ചു. ഈ പ്രകാശം ലഭിച്ച ഇടയന്മാർ അത് വിശ്വസിച്ചു, ആ രക്ഷകനെ അന്വേഷിച്ച് യാത്ര പുറപ്പെട്ടു. അവർ അതിവേഗം പോയി, മറിയത്തിനെയും, ജോസഫിനെയും പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെയും കണ്ടു.

ഓരോ ക്രിസ്തുമസും പുൽക്കൂട്ടിലേക്കുള്ള യാത്രയാണ്. പ്രകാശം വിശ്വസിച്ചുള്ള യാത്ര; കുടുംബനാഥനും കുടുംബനാഥയും കുഞ്ഞുങ്ങളും ഒന്നിച്ചുള്ള യാത്ര, ഇടവകസമൂഹമായുള്ള യാത്ര, സഭ മുഴുവനുമായുള്ള യാത്ര. ആട്ടിടയന്മാർ തങ്ങൾ പാർത്ത വയലുകളെയും, ആടുകളെയും, ജീവിതാവസ്ഥകളെയും വിട്ട്, ദിവ്യരക്ഷകൻ പിറന്നിടത്തേക്ക് അതിവേഗം പോയി വിശ്വാസത്തിന്റെ ആഴത്തിൽ നിന്ന് രൂപപ്പെടുന്ന യാത്രയാണിത്. രക്ഷകൻ പിറന്നു എന്ന് ഹൃദയത്തിൽ ബോദ്ധ്യപ്പെട്ടവർക്ക് മാത്രം നടത്താൻ കഴിയുന്ന യാത്ര. അവിടെ നഷ്ടങ്ങളുടെ കണക്കെടുപ്പില്ല, കട

www.malankaralibrary.com

**നമ്മുടെ രക്ഷക്കായുള്ള തിടുക്കത്തിന്റെ വേഗത കുറയ്ക്കുന്നത് ചിലപ്പോൾ നമ്മുടെ സമ്പത്താകാം, പണമാകാം, വീടാകാം, കുടുംബ മഹിമയാകാം, നമ്മുടെ ആരോഗ്യത്തിലുള്ള അമിതമായ താല്പര്യമോ, ആശങ്കയോ ആവാം. ഞാനെന്ന ഭാവമാകാം.**

ന്നുവന്ന മലനിരകളിലേക്ക് തിരിഞ്ഞുനോട്ടമില്ല, ലക്ഷ്യം ദാവീദിന്റെ പട്ടണം, രക്ഷകന്റെ പുൽക്കൂട് ഈ യാത്ര യഥാർത്ഥത്തിൽ നമ്മുടെ ഹൃദയത്തിൽനിന്ന് രക്ഷകന്റെ ഹൃദയത്തിലേക്കുള്ള യാത്രയല്ലേ, ഈ യാത്രയിൽ ആരും ഒറ്റക്കല്ല പോയത്. അവർ പരസ്പരം പറഞ്ഞു, 'നമുക്ക് ബത്‌ലഹേമിലേക്ക്' പോകാം, കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം 'നമുക്ക് കാണാം'. അവർ അതിവേഗം പോയി. പോയത് കൂടെയുള്ളവരുടെ ഹൃദയങ്ങളിലൂടെയാണ്. ക്രിസ്തീയ യാത്ര അങ്ങനെയാണ്. മനുഷ്യഹൃദയങ്ങളിലൂടെ രക്ഷകനിലേക്കുള്ള യാത്ര. എല്ലാവരെയും ചേർത്ത് പിടിക്കുന്ന യാത്ര.

നമ്മുടെ കുടുംബങ്ങളിൽ അപ്പനും അമ്മയും മക്കളും ചേർന്നുള്ള യാത്രയാണ്. നീ പൊയ്ക്കോ ഞാൻ വരുന്നില്ല, ഞാൻ കുറേ കഴിഞ്ഞു വന്നേക്കാം, നീ കുഞ്ഞുങ്ങളെ കൂട്ടി പൊയ്ക്കോ എന്നു പറയാൻ ദർശനം ലഭിച്ചവർക്ക് പറയാനാകില്ല. ഒരിടവകകൂട്ടായ്മയിൽ ഒരു കുടുംബവും മാറ്റിനിർത്തപ്പെടുന്ന ബത്‌ലഹേം യാത്രയില്ല.

അവർ അതിവേഗം പോയി എന്നാണ് സുവിശേഷം രേഖപ്പെടുത്തുന്നത്. രക്ഷകനെ കാണാനുള്ള തിടുക്കം, രക്ഷയിലേക്കുള്ള തിടുക്കം, രക്ഷ സ്വന്തമാക്കാനുള്ള തിടുക്കം. ഈ തിടുക്കം അതിവേഗത കുറഞ്ഞുവരുന്നത് ആത്മീയമന്ദതയുടെ ലക്ഷണമാണ്. ഓരോ ഞായറാഴ്ചകളിലും വി. കൂദാശകളിലൂടെ, വി. വചനത്തിലൂടെ ബത്‌ലഹേമിലേക്കുള്ള, പുൽക്കൂട്ടിലേക്കുള്ള യാത്രയാണ് വിശ്വാസികൾ നടത്തുന്നത്. വചനം കേൾക്കാനുള്ള തിടുക്കം രക്ഷകനിലേക്കുള്ള തിടുക്കം തന്നെയാണ് വി. കുർബാനയിൽ പങ്കെടുക്കാനുള്ള തിടുക്കം രക്ഷകനിലേക്കുള്ള തിടുക്കം തന്നെയാണ് ഓരോ ഞായറാഴ്ചകളിലും രക്ഷകനെ തേടിയുള്ള ആട്ടിടയന്മാരുടെ തിടുക്കമാണ് ദൈവാലയത്തിൽ നാം കാണേണ്ടത്. നമ്മുടെ രക്ഷക്കായുള്ള തിടുക്കത്തിന്റെ വേഗത കുറയ്ക്കുന്നത് ചിലപ്പോൾ നമ്മുടെ സമ്പത്താകാം, പണമാകാം, വീടാകാം, കുടുംബ മഹിമയാകാം, നമ്മുടെ ആരോഗ്യത്തിലുള്ള അമിതമായ താല്പര്യമോ, ആശങ്കയോ ആവാം. ഞാനെന്ന ഭാവമാകാം.

പുൽക്കൂട്ടിലെത്തുമ്പോൾ നമ്മുടെ നിക്ഷേപപാത്രങ്ങൾ 'ഹൃദയം' തുറക്കപ്പെടണം. അതാണ് ദർശനം. നിന്റെ നിക്ഷേപത്തേക്കാൾ വലിയ നിക്ഷേപം അവിടെ നിനക്ക് കാണാം. ആ നിക്ഷേപത്തെപ്പറ്റിയാണ് മാലാഖ പറഞ്ഞത് ''ഇതായിരിക്കും നിങ്ങൾക്ക് അടയാളം, പിള്ളക്കച്ച കൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശു' (വി. ലൂക്കാ 2:12). ഈ നിക്ഷേപം കണ്ടെത്തുന്നവനാണ് സമ്പന്നനാകുന്നത് യഥാർത്ഥ സമ്പന്നൻ. ഇത് സ്വന്തമാക്കുന്നവൻ മറ്റുള്ളവരോട് പങ്കുവയ്ക്കണം. ദൂതന്മാർ കേട്ടവയെല്ലാം മറ്റുള്ളവരെ അറിയിച്ചു. ഈ പങ്കുവയ്ക്കലാണ് സുവിശേഷവൽക്കരണം. കുടുംബങ്ങളിൽ പുൽക്കൂട്ടിലെ സംഭവങ്ങൾ പങ്കുവയ്ക്കപ്പെടണം. ഒറ്റപ്പെട്ടവനോട്, തകർന്നവനോട്, വീണുകിടക്കുന്നവനോട്, കാരുണ്യം ആവശ്യമുള്ളവനോട്, പരാജിതനോട്, രോഗിയോട്, ശത്രുവിനോട് ആട്ടിടയന്മാർ പറഞ്ഞ കാര്യങ്ങൾ കേട്ടവർ അത്ഭുതപ്പെട്ടു (വി. ലൂക്കാ 2:18).



ഇടവകയിൽ, കുടുംബത്തിൽ, വ്യക്തി ജീവിതത്തിൽ, പുൽക്കൂടിലെ സംഭവം അത്ഭുതമാകണം. അപ്പോൾ ഓരോ വ്യക്തിയും പുൽക്കൂടായി മാറും. ഈ ക്രിസ്തുമസ് ദിനത്തിൽ അപ്പൻ, അമ്മ, കുഞ്ഞുങ്ങൾ ഇവർ ഇടയന്മാരെ പോലെ പുറപ്പെടണം, കണ്ട രക്ഷയെ പ്രഘോഷിക്കണം, രക്ഷയെ ഓർത്ത് ദൈവത്തെ സ്തുതിക്കണം. ഈ സ്തുതിപ്പ് കുടുംബങ്ങളിൽ നിന്നുയരുമ്പോൾ കേൾക്കുന്നവർ പറയും 'ഇതാ ഇവിടെ ക്രിസ്തു പിറന്നിരിക്കുന്നു'.●

www.malankaralibrary.com



# സംഗീതത്തിന് ഒരു ആമുഖം

**വൈവിധ്യങ്ങളെ കോർത്തിണക്കാൻ സംഗീതത്തിന് സാധിക്കുന്നതുപോലെ മറ്റൊന്നിനും സാധിക്കുകയില്ല. ഏഴ് സ്വരങ്ങൾ 'സ – രി – ഗ – മ – പ – ധ – നി' ഭാരത സംഗീതത്തിന്റെ അടിസ്ഥാന സ്വരങ്ങളാണ്. ഈ ഏഴ് സ്വരങ്ങളും പ്രകൃതിയിൽനിന്ന് ഉത്ഭവിച്ചു എന്നാണ് ഭാരത സംഗീത ശാസ്ത്രത്തിൽ പറയുന്നത്.**



**ഫാ. ഫിലിപ്പ് തായില്ലം**
**(സംഗീത അദ്ധ്യാപകൻ, സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരുവള്ളിപ്ര തിരുമൂലപുരം)**

സംഗീതം ഒരു ദൈവികകലയാണ്. സംഗീതം വെളിവാക്കപ്പെട്ടതും എന്നാൽ മറഞ്ഞിരിക്കുന്നതും രഹസ്യാത്മകവുമാണ്. ദൈവസൃഷ്ടിയിൽ മറഞ്ഞിരിക്കുന്ന നിഗൂഢതകളിൽ ഒന്നാണ് സംഗീതം. മനുഷ്യൻ കുറെയൊക്കെ കണ്ടെത്തുകയും, അതിൽ പര്യവേക്ഷണം നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ഇനിയും അറിയുവാനും കണ്ടെത്തുവാനും ഏറെയുള്ള ഒരു ശാസ്ത്രശാഖയാണ് സംഗീതം.

സംഗീതത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഓരോ സംസ്കാരത്തിലും അവരവരുടേതായ നിർവചനങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണത്തിന് ഭാരതസംസ്കാരത്തിൽ ബ്രഹ്മാവ് (സ്രഷ്ടാവ്) സാമവേദത്തിൽനിന്ന് സംഗീതം സൃഷ്ടിച്ചു എന്ന് പറയുന്നു. സമാനമായ സിദ്ധാന്തങ്ങൾ വിവിധ സംസ്കാരങ്ങളിലെ സംഗീതജ്ഞർ നൽകിയിട്ടുണ്ട്. അത്തരം സിദ്ധാന്തങ്ങൾ വിശ്വസനീയമെങ്കിലും അവയെല്ലാം അത്ര സ്വീകാര്യമല്ല.

തിരുവചന വെളിച്ചത്തിൽ സംഗീതത്തെ അവലോകനം ചെയ്താൽ ഇപ്രകാരം കാണാൻ സാധിക്കും – കർത്താവ് അരുളിച്ചെയ്തു –

www.malankaralibrary.com

'ഉണ്ടാകട്ടെ' (ഉൽപ്പത്തി 1:1). ദൈവിക ശബ്ദത്തോടെ സൃഷ്ടലോകം ചലിക്കാൻ തുടങ്ങി. ഗ്രഹങ്ങൾ ചലിക്കാൻ തുടങ്ങിയ സമയത്ത് സംഗീതം ഉത്ഭവിച്ചു എന്നുപറയാൻ സാധിക്കും (ഗോളങ്ങളുടെ സംഗീതം).

വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു - ആദിയിൽ വചനമുണ്ടായിരുന്നു (യോഹ. 1:1). ഇതേആശയംതന്നെ ഹിന്ദുമതത്തിലും കാണാം. ദിവ്യമായ ശബ്ദത്തിന് 'ഓം' എന്ന് പേരിട്ടിരിക്കുന്നു. അത് 'നാദബ്രഹ്മ' എന്നറിയപ്പെടുന്നു. ആയതിനാൽ സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ സംഗീതത്തിന്റെ ഉത്ഭവവുമുണ്ട് എന്ന് പറയുവാൻ സാധിക്കും.

എന്താണ് സംഗീതം? സംഗീതം എന്നത് ശബ്ദത്തിന്റെ താളാത്മകമായ ചലനമായി നിർവചിക്കാം (music is a rhythmic movement of sound). പ്രകൃതിയിൽ മറഞ്ഞിരിക്കുന്ന രഹസ്യാത്മകമായ എല്ലാ ചലനങ്ങളുടെയും അടിസ്ഥാനം താളമാണ്. ഋതുക്കളുടെ താളചക്രത്തിലൂടെ സംഗീതത്തിന്റെ ഈ മറഞ്ഞിരിക്കുന്ന നിഗൂഢത നമുക്ക് മനസ്സിലാക്കാൻ സാധിക്കും. സൗരകുടുംബംതന്നെ ഒരു പ്രത്യേക താളക്രമത്തിലാണ് സൂര്യനെ ചുറ്റുന്നത്. ഈ പ്രത്യേക താളത്തിന് ഒരു ചെറിയ മാറ്റം സംഭവിച്ചാൽ പോലും പ്രപഞ്ചം മുഴുവൻ തകരും. ഭാരതീയ സംഗീത പാരമ്പര്യമനുസരിച്ച് അച്ഛന്റെയും അമ്മയുടെയും പദവി അലങ്കരിക്കുന്ന ശബ്ദത്തിന്റെയും താളത്തിന്റെയും (sound and rhythm) സംയോജനമാണ് സംഗീതം. ഈ ശബ്ദത്തിന്റെയും താളത്തിന്റെയും സമയക്രമത്തിന് എന്തെങ്കിലും വ്യത്യാസം ഉണ്ടായാൽ സംഗീതം കർണ്ണത്തിന് ഇമ്പകരമല്ലാതായി മാറും.

പ്രകൃതിയുടെ നിഗൂഢരഹസ്യങ്ങളെ മനസ്സിലാക്കുവാൻ മനുഷ്യൻ വിവിധ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. എന്നാൽ ദൈവിക കലയായ സംഗീതത്തെ മനസ്സിലാക്കുവാൻ പ്രകൃതിതന്നെ വഴിയൊരുക്കുന്നു. പ്രകൃതിയിലെ കാറ്റ്, പക്ഷികളുടെ ശബ്ദം, കിളികളുടെ കോറൽ സംഗീതം, തവളകളുടെ സിംഫണി, ചീവീടുകളുടെ ശബ്ദം, വണ്ടിന്റെ മൂളൽ തുടങ്ങിയവ ദൈവികസംഗീതത്തിന്റെ മഹത്തായ അത്ഭുതങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു.

സംഗീതത്തിന്റെ സവിശേഷത എന്താണ്? വൈവിധ്യങ്ങളെ കോർത്തിണക്കാൻ സംഗീതത്തിന് സാധിക്കുന്നതുപോലെ മറ്റൊന്നിനും സാധിക്കുകയില്ല. ഏഴ് സ്വരങ്ങൾ 'സ-രി-ഗ-മ-പ-ധ-നി' ഭാരത സംഗീതത്തിന്റെ അടിസ്ഥാന സ്വരങ്ങളാണ്. ഈ ഏഴ് സ്വരങ്ങളും പ്രകൃതിയിൽനിന്ന് ഉത്ഭവിച്ചു എന്നാണ് ഭാരത സംഗീത ശാസ്ത്രത്തിൽ പറയുന്നത്. അതിൽ ആദ്യസ്വരമായ 'സ' - (ഷഡ്ജം) മയിൽ നാദത്തിൽ നിന്നാണ് രൂപം കൊണ്ടത്. (ഷഡ്ജം മയൂരവതന്തി)

രണ്ടാമത്തെ സ്വരമായ 'രി' - (ഋഷഭം), കാളക്കൂറ്റന്റെ ശബ്ദത്തിൽനിന്നാണ് രൂപംകൊണ്ടത്. കാളയുടെ ശബ്ദം കേട്ടപ്പോൾ അതിൽ സംഗീതമുണ്ട് എന്ന് മനസ്സിലാക്കുവാൻ ഋഷിമാർക്ക് കഴിഞ്ഞു. മൂന്നാമത്തെ സ്വരമായ 'ഗ' - (ഗാന്ധാരം), ആട് എന്ന മൃഗത്തിന്റെ ശബ്ദത്തിൽനിന്നാണ് രൂപംകൊണ്ടത്. നാലാമത്തെ സ്വരമായ 'മ' - (മദ്ധ്യമം) - ചക്രവാക പക്ഷിയുടെ കരച്ചിലിൽനിന്ന്- രൂപം കൊണ്ടത്. 'പ' (പഞ്ചമം) - കുയിലിന്റെ ശബ്ദത്തിൽനിന്നാണ് രൂപം കൊണ്ടത്. 'ധ' (നിഷാധം) - ആനയുടെ ചിന്നം വിളിയിൽനിന്നാണ് രൂപംകൊണ്ടത്. അങ്ങനെയെങ്കിൽ വ്യത്യസ്ഥങ്ങളായ സാഹചര്യങ്ങളിൽ നിന്ന്, വ്യത്യസ്ഥങ്ങളായ ഉറവകളിൽനിന്ന് ഇങ്ങനെ ഊറ്റിയെടുത്തതെന്തോ അതാണ് സംഗീതം.

ഋഷിമാർ മനസ്സിന്റെ ശുദ്ധീകരണത്തിനുള്ള ആയുധമായി സംഗീതം ഉപയോഗിച്ചിരന്നു. അതിനായി അവർ ആത്മീയ മുദ്രാവാക്യങ്ങൾ സംഗീതാത്മകമായി ഉണ്ടാക്കി. അവരുടെ മനസ്സിൽനിന്ന് എല്ലാ മാലിന്യങ്ങളും പുറന്തള്ളാൻ സപ്തസ്വരങ്ങളിലൂടെ അവർ പലതവണ അവ ആവർത്തിച്ചു. ഒരു പാത്രം വൃത്തിയാക്കുന്നതുപോലെ മനസ്സിന്റെ മൂർച്ചകൂട്ടാൻ ആത്യന്തികമായ ദൈവിക മോഹത്തിനായുള്ള ധ്യാനമായി ഭാരതീയ ഋഷിമാർ സംഗീതത്തെ ദൃശ്യവൽക്കരിച്ചു. ഇതുതന്നെയാണ് സെന്റ് അഗസ്റ്റിൻ പറഞ്ഞത്: "പാടുന്നവൻ രണ്ട് തവണ പ്രാർത്ഥിക്കുന്നു എന്ന്".

സംഗീതം ഒരു കടലാണ്. കടൽ ഭൂഖണ്ഡങ്ങളെ ഭൂഖണ്ഡങ്ങളുമായി ബന്ധിപ്പിക്കുകയും അവയെ ജലത്താൽ മുക്കുകയും ചെയ്യുന്നതുപോലെ സംഗീതം മനുഷ്യകുലത്തെ മുഴുവൻ അതിന്റെ സംഗീത ലഹരിയിൽ ഒരുമിപ്പിക്കുന്നു. മലയാള സംഗീത ലോകത്തെ ഗാനഗന്ധർവ്വനായ കെ. ജെ. യേശുദാസ് ഇപ്രകാരം പറയുന്നു: "സംഗീതം എനിക്ക് കടൽപോലെയാണ്. കടലിലെ മത്സ്യസമ്പത്തിനെ മനസ്സിലാക്കാൻ സാധിക്കാത്തതുപോലെ ഒരു മനുഷ്യായുസ്സുകൊണ്ട് ഈ സംഗീതത്തെ പഠിച്ച് പൂർത്തിയാക്കാൻ കഴിയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു.

സമുദ്രത്തിൽ പലതരം നിധികളും, മുത്തുകളും, പവിഴങ്ങളും, ശംഖുകളും, വിവിധതരം മത്സ്യങ്ങളും ഉൾക്കൊള്ളുന്നതുപോലെ സംഗീതത്തിലും വിവിധതരം ശാഖകൾ ഉണ്ട്. അവ കർണ്ണാടക, ഹിന്ദുസ്ഥാനി, പാശ്ചാത്യ, ബൈസന്റൈൻ എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഓരോ വ്യക്തിക്കും ഇഷ്ടമുള്ള സംഗീതം തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. വൈവിധ്യമാർന്ന സംസ്കാരങ്ങളുടെ സാംസ്കാരിക കലവറയാണ് സംഗീതം. സംഗീതം ദൈവദത്തമാണ്. സംഗീതം ഒരു നദിയുടെ അവസാനിക്കാത്ത ഒഴുക്കുപോലെയാണ്. നമുക്കും ഈ സംഗീതത്തെ അറിയുവാനും പഠിക്കുവാനും ശ്രമിക്കാം.

●

www.malankaralibrary.com





"പൗരാണിക ദൈവാലയ അനുഷ്ഠാനത്തിന്റെ ഭാഗമായിത്തന്നെയാണ് പടിഞ്ഞാറിന്റെ സംഗീതവും ആരംഭിച്ചത്. ക്രൈസ്തവ ദൈവാലയങ്ങളിലെ ശുശ്രൂഷക്രമങ്ങളുടെ ഭാഗമായി സംഗീതം കൂടുതൽ ശ്രദ്ധേയമായി. ഇത്തരം മന്ത്രോച്ചാരണങ്ങളെ 'പ്ലെയ്ൻ ചാന്റ് അഥവാ പ്ലെയ്ൻ സോങ്ങ്' എന്ന് അറിയപ്പെട്ടു. ക്രിസ്തുവർഷം 540 മുതൽ 604 വരെ ജീവിച്ചിരുന്ന ഗ്രിഗറി ഒന്നാമൻ മാർപ്പാപ്പയാണ് ഇത്തരം സംഗീതത്തിന്റെ ഉപജ്ഞാതാവ്."

# ക്രൈസ്തവഗീതങ്ങൾ സംഗീതസാന്ദ്രമായ സൗന്ദര്യശാസ്ത്രം



പ്രൊഫ. കവിയൂർ ശിവപ്രസാദ്

ചരിത്രാതീതകാലഘട്ടം മുതൽക്കേ, സംഗീതം നിലനിന്നിരുന്നു. അത് പ്രത്യേക പേരിലോ, ലക്ഷണങ്ങളിലോ, നിർവ്വചനങ്ങളിലോ ആയിരുന്നില്ല അറിയപ്പെട്ടത്. ശ്രവ്യ, വാചിക, ശാബ്ദിക ഘടകമായി സംഗീതം ആദ്യകാലങ്ങളിൽ നിലനിന്നിരുന്നു. പാശ്ചാത്യസംഗീതത്തെ വിവിധ തരങ്ങളിലായി വിഭജിച്ചിട്ടുണ്ട്. പ്രത്യേക ശൈലിയിലുള്ള സംഗീതരീതി സംഗീതജ്ഞന്മാർ തരംതിരിച്ച് നിർത്തിയിട്ടുണ്ട്. ഇവയെ താഴെപ്പറയുന്ന പ്രകാരം വിഭജിച്ചതായി മനസ്സിലാക്കാം. മിഡീവൽ (Medieval), റെനൈസൻസ് (Renaissance), ബറൂക്ക് (Baroque), ക്ലാസിക്കൽ (Classical), റൊമാന്റിക് (Romantic), ഇരുപതാം നൂറ്റാണ്ട് സംഗീതം (Twentieth Century Music), എന്നിങ്ങനെയാണ് വിഭജിച്ചിരിക്കുന്നത്. എന്നാൽ ഭാരതീയ സംഗീതം ചിട്ടപ്രകാരം സ്ഥാപിച്ചത് സാമവേദ കാലഘട്ടത്തിലാണ്. സാമഗാനങ്ങൾ എന്നതുപോലെ അനുഷ്ഠാനത്തിന്റെ ഭാഗമായിട്ടാണ് സംഗീതത്തെ കരുതിയിരുന്നത്. അതിന്റെ പിൻതുടർച്ചയായി ഭാരതീയ സംഗീതം കാലഘട്ടങ്ങളെ കടന്നുനില്ക്കുന്നു. പൗരാണിക ദൈവാലയ അനുഷ്ഠാനത്തിന്റെ ഭാഗമായിത്തന്നെയാണ് പടിഞ്ഞാറിന്റെ സംഗീതവും ആരംഭിച്ചത്. ക്രൈസ്തവ ദൈവാലയങ്ങളിലെ ശുശ്രൂഷക്രമങ്ങളുടെ ഭാഗമായി സംഗീതം കൂടുതൽ ശ്രദ്ധേയമായി. ഇത്തരം മന്ത്രോച്ചാരണങ്ങളെ 'പ്ലെയ്ൻ ചാന്റ് അഥവാ പ്ലെയ്ൻ സോങ്ങ്' എന്ന് അറിയപ്പെട്ടു. ക്രിസ്തുവർഷം 540 മുതൽ 604 വരെ ജീവിച്ചിരുന്ന ഗ്രിഗറി ഒന്നാമൻ മാർപ്പാപ്പയാണ് ഇത്തരം സംഗീതത്തിന്റെ ഉപജ്ഞാതാവ്.

www.malankaralibrary.com



മധ്യകാലഘട്ടത്തിൽ കുർബാനക്രമം കൂടുതൽ സംഗീതബദ്ധവും ലക്ഷണയുക്തവുമായി. 'ഗ്രിഗോറിയൻ ചാന്റ്' എന്ന പേരിൽ അറിയപ്പെടുന്ന സംഗീതശാഖ ഇപ്പോഴും നിലനിൽക്കുന്നു. അത് അനുഷ്ഠാനത്തിന്റെ തലത്തിൽനിന്നും മാറി സംഗീതകലയുടെ സ്വതന്ത്രനില്പ്പായി കരുതപ്പെടുന്നു. പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ യൂറോപ്പിൽ പ്രത്യേകിച്ചും ഇറ്റലിയിൽ ഇത്തരം സംഗീതരീതിക്ക് പുതിയ രൂപങ്ങളും ഭാവങ്ങളും ഉണ്ടായി. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യകാലംവരെ നിലനിന്നിരുന്ന ഈ സംഗീതപാരമ്പര്യത്തെ 'റെനൈസൻസ്' കാലം എന്ന പേരിലാണ് അറിയപ്പെടുന്നത്. ഴോസ്കിൻ ദെപ്രെ (Josquin des prez), ബയ്ർ (Byrd), പാലസ്ത്രീനാ (Giovanni Pierluigi da Palastrina) എന്നീ മഹദ് സംഗീതജ്ഞർ സൃഷ്ടിച്ച ഒരു സംഗീതലോകം എന്നെന്നും നിലനില്ക്കും.

'ഓപ്പറ'യുടെ കാലഘട്ടം മുതലാണ് ബറോക്സംഗീതം ആവിർഭവിച്ചത്. ഈ കാലഘട്ടത്തിലാണ് ഉപകരണസംഗീതം കൂടുതൽ പ്രസക്തമായത്. മാത്രമല്ല സംഗീത ലിപി ഉണ്ടായതും ശ്രദ്ധേയമായ ലിഖിതരൂപം ആണ്. ഒപ്പം ഓർക്കസ്ട്ര സംഗീതവും പിറവി കൊണ്ടത് ഇക്കാലഘട്ടത്തിലാണ്. ഈ കാലഘട്ടത്തിലെ വളരെ ശ്രദ്ധേയനായ ഒരു സംഗീതജ്ഞനാണ് ബാക്ക് (Bach). 1750 ൽ അദ്ദേഹത്തിന്റെ മരണത്തോടു കൂടി പ്രസ്തുത സംഗീതരീതി അന്യംനിന്നുവെന്ന് പറയാം. അക്കാലം തൊട്ട് പത്തൊൻപതാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടം 'ക്ലാസിക്കൽ' സംഗീതത്തിന്റെ കാലഘട്ടമായിരുന്നു. ഹൈദ(ൻ) (Haydn), മൊസ്സാർട്ട് (Mozart) തുടങ്ങിയവരുടെ രീതിയിലൂടെ പ്രഗത്ഭനായ ബിഥോവൻ (Beethoven) സംഗീതത്തിന് പുതിയ അർത്ഥതലം ഉണ്ടാക്കിയെടുത്തു. ബീഥോവന്റെ കാലഘട്ടത്തിൽ തന്നെ റൊമാന്റിക് (Romanticim) സംഗീതം രൂപഭദ്രമാക്കപ്പെട്ടു. അതിനുശേഷമാണ് ഇരുപതാം നൂറ്റാണ്ട് സംഗീതം പ്രചുരപ്രചരിതമായത്. പിന്നീടാണ് നാടക സിനിമാ സംഗീതരീതിക്ക് ഒരു നവീന രൂപവും ഭാവവും ഉണ്ടായത്. ഇതോടൊപ്പംതന്നെ സ്വതന്ത്രഗീതങ്ങളായി പോപ്പ് സംഗീതവും (ജാസ്സ് സംഗീതവും) ഒക്കെ ലോകമെമ്പാടും വ്യാപിച്ചത്.

മിഡീവ(യ)ൽ കാലഘട്ടം (1100–1425)

റെനൈസൻസ് (1425–1600)

ബറോക്ക് (1600–1750)

ക്ലാസിക്കൽ (1740–1820)

റൊമാന്റിക് (1810–1900)

20–ാം നൂറ്റാണ്ട് സംഗീതം (1900 മുതൽ...)

ഭാരതീയ സംഗീതത്തിലും ഇത്തരത്തിലുള്ള വേർതിരിവുകൾ ഉണ്ടായിട്ടുണ്ട്. ഹിന്ദുസ്ഥാനി സംഗീതവും കർണ്ണാടക സംഗീതവുമായി ഭാരതീയ സംഗീതത്തെ വിഭജിച്ചിരുന്നു. അതിന്റെ ഉപഘടകങ്ങളും സ്വതന്ത്രശാഖയായി നില്ക്കുന്നുണ്ട്. ഇതിനെല്ലാം പുറമേ 'ഫോക്ക്' സംഗീതം ഒരു സമാന്തര സംസ്കാരമായി സാധാരണജനങ്ങൾക്കിടയിൽ വ്യാപിച്ചിരുന്നത് ശ്രദ്ധേയമാണ്.

കുർബാനക്രമത്തിന് അതീതമായി അനുഷ്ഠാന സംഗീതം കേരളീയ ജീവിതത്തിൽ ക്രൈസ്തവർക്കിടയിൽ പ്രചരിച്ചിരുന്നു. തക്സകൾ സുറിയാനിയിലും ലത്തീനിലുമുണ്ടായിരുന്ന കാലത്ത് അതിന്റെ സംഗീതത്തിനനുസരിച്ച് ആരാധനക്രമം മലയാളത്തിലാക്കിയപ്പോൾ പല കീർത്തനങ്ങൾക്കും പ്രാർത്ഥനകൾക്കും വരികൾ രചിച്ചത് കൊട്ടാരത്തിൽ ശങ്കുണ്ണിയും മഹാകവി വള്ളത്തോളുമായിരുന്നു. ഐതിഹ്യമാലയുൾപ്പെടെ നിരവധി കൃതികളുടെ രചയിതാവായിരുന്നു കൊട്ടാരത്തിൽ ശങ്കുണ്ണി. സഭാകവി സി.പി. ചാണ്ടി സാറിന്റെ പ്രവർത്തനങ്ങളും ഈ അവസരത്തിൽ സ്മരിക്കേണ്ടതാണ്.



ആരാധനക്രമത്തിന്റെ ഭാഗമായി വിവിധ ശുശ്രൂഷക്രമങ്ങളുടെ ഭാഗമായി ഉരുത്തിരിഞ്ഞുവന്ന സംഗീത-ഗാനശാഖ കേരളത്തിലെ ക്രൈസ്തവരുടെ ആചാരത്തിന്റെ ഭാഗമായി മാറി. വിശേഷിച്ചും മാമ്മോദീസ, വിവാഹം, മരണം എന്നീ ഘട്ടങ്ങളിലുള്ള പ്രാർത്ഥനാഗാനങ്ങൾ പല ക്രൈസ്തവവിഭാഗങ്ങളും പല രീതിയിൽ സംഗീതാത്മകമാക്കി. ഗദ്യത്തിലുള്ള സങ്കീർത്തനങ്ങൾ (സങ്കീർത്തനങ്ങൾ – കീർത്തനങ്ങൾ ആകയാൽ പദ്യമായിരിക്കാം) ഗാനരൂപത്തിലാക്കി ആലപിക്കുന്നത്, സി.എസ്.ഐ. സഭയുടെ കല്യാണശുശ്രൂഷയിൽ കേൾക്കാവുന്നതാണ്. (സങ്കീർത്തനങ്ങൾ 128 മുതൽ – ആരോഹണ കീർത്തനങ്ങളായിട്ടാണ് അറിയപ്പെടുന്നത്) ആരാധനരീതിയിൽ ഗീതങ്ങൾ ചേർത്ത് ദൈവസാന്നിധ്യത്തെ തിരിച്ചറിയുന്നതിലും തദ്വാരാ ശാരീരികമായും മാനസികമായും തളർന്നു നില്ക്കുന്ന അവശർക്ക്

www.malankaralibrary.com





ആശ്വാസം നല്കുന്നതിനും ഉത്സാഹം നൽകുന്നതിനും കാരണമാകുന്നു. അതിന് സംഗീതം വഹിക്കുന്ന പങ്ക് നിസ്സീമമാണ്. ആരാധന ബൗദ്ധികതലത്തിലുള്ള അന്വേഷണത്തേക്കാൾ ഏറെ വികാരപ്രധാനവും കൂടുതൽ ഭൗതിക ആശ്വാസവുമാണ്. അതിൽ സംഗീതം വഹിക്കുന്ന പങ്ക് ശ്രദ്ധേയമാണ്.

ആരാധനക്രമങ്ങളെ ബന്ധപ്പെടുത്തി പറയുമ്പോൾ ബൈബിളിൽ പലതരത്തിലുള്ള സംഗീതത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എബ്രായ സ്ക്രിപ്ച്ചറുകളിലെ ഗദ്യവും പദ്യവും സശ്രദ്ധം നോക്കുമ്പോൾ ഇസ്രായേല്യ സംഗീതത്തിന്റെ ഔന്നത്യം മനസ്സിലാക്കാവുന്നതാണ്. കേരളത്തിലെ പരമ്പരാഗതസഭകളുടെ ശുശ്രൂഷക്രമങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ളത് സുറിയാനി സംഗീതമാണ്. സഭകളിൽ നില്ക്കുന്ന പ്രാർത്ഥനാരീതിയായ 'കുക്കിലിയോൻ' പ്രത്യേകം പരാമർശിക്കേണ്ടതാണ്. മനുഷ്യനെ ദൈവികസാന്നിദ്ധ്യം അറിയിക്കുന്നതിന് ഉപയുക്തമാക്കുന്ന സർഗ്ഗാത്മക വിഷയാവിഷ്ക്കാരങ്ങളോട് ക്രൈസ്തവ കല കൂടുതൽ ശ്രദ്ധിച്ചത്. പലപ്പോഴും വിനോദപരമായ ഒരു ആനന്ദത്തിനതീതമായി അല്ലെങ്കിൽ വിനോദത്തെ പാടെ അവഗണിച്ച് സന്മാർഗ്ഗബോധനത്തിനുള്ള ഉപാധിയായിട്ടായിരുന്നു കലയെ കണ്ടിരുന്നത്. കേരളത്തിൽ നിലനിന്നിരുന്ന സാംസ്കാരിക സമന്വയവും കലാപാരമ്പര്യവും അക്കാലത്തെ സാഹിത്യകൃതികളും കലാപ്രവർത്തനങ്ങളും ശ്രദ്ധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

വി. തോമാ ശ്ലീഹായുടെ ചരിത്രവുമായി ബന്ധപ്പെട്ട് നിരവധി ഗാനങ്ങൾ കേരളത്തിൽ ഉണ്ട്. റമ്പാൻപാട്ട്, മാർഗ്ഗം കളിപ്പാട്ട്, പരിചമുട്ട് കളിപ്പാട്ട്, പള്ളിപ്പാട്ട്, വീരയടിയൻ പാട്ട്, നിരണം പാട്ട് തുടങ്ങിയ നിരവധി ഗാനരീതികൾ കേരളത്തിൽ പ്രചുരപ്രചാരം ലഭിച്ചിരുന്നു. ആട്ടക്കഥ, തുള്ളൽ, നാടകം തുടങ്ങിയ കലാരൂപങ്ങളിലെല്ലാം തോമാശ്ലീഹായുടെ ചരിത്രം കേരളസംസ്കാരത്തിൽ ലയിച്ചുചേർന്നിട്ടുണ്ട്. ഇതുകൂടാതെ അനുഷ്ഠാനകലകളിലും, കഥാപ്രസംഗം, സിനിമ തുടങ്ങിയ മാധ്യമങ്ങളിലും തോമാശ്ലീഹായുടെ വീരകഥകൾ പ്രതിപാദിക്കുന്നുണ്ട്.

ചേകോട്ടാശാന്റെ ഇസ്രയേൽ വിജയം ശീതങ്കൻ തുള്ളൽ പ്രത്യേകം പരാമർശ വിഷയമാണ്. എഴുമറ്റൂർ രാജരാജവർമ്മ എഴുതിയ അബ്രഹാമിന്റെ ബലി എന്ന ആട്ടക്കഥ പല വേദികളിലും ആടിയിട്ടുണ്ട്. കന്യാബലി, മഗ്ദലന മറിയം തുടങ്ങിയ കഥകളും കഥകളിയായിട്ടുണ്ട്. കത്തോലിക്ക സഭയിലെ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ സിസ്റ്റേഴ്സ്, കുടമാളൂർ മുരളീകൃഷ്ണൻ ചിട്ടപ്പെടുത്തിയ അൽഫോൻസാമ്മയുടെ ജീവിതത്തെ അവലംബിച്ചുള്ള കഥകളി ഈ വിഷയവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ ചർച്ച ചെയ്യേണ്ടതാണ്. 1498 ന് ശേഷം കേരളതീരത്തിറങ്ങിയ പോർച്ചുഗീസുകാരെ, മാർതോമാശ്ലീഹായുടെ ചരിത്രം പാട്ടുരൂപേണയാക്കി പാടി നൃത്തം വെച്ച് എതിരേറ്റ കഥ നമ്മുടെ ചരിത്രത്തിലെ

## തെരഞ്ഞെടുക്കപ്പെട്ടു



ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി ഫാ. ഡോ. ഗീവർഗീസ് കുറ്റിയിലിനെ നിയമിച്ചു. ബഥനി നവജീവൻ പ്രോവിൻസ് അംഗമാണ്. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു കാനൻ നിയമത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടിയ ഫാ. ഗീവർഗീസ്, ബഥനി നവജീവൻ പ്രോവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയറായും പൂനെ ബഥനി വേദവിജ്ഞാനപീഠം ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തിരുവല്ല അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും.

www.malankaralibrary.com





ശ്രദ്ധേയമായ ഏടാണ്. പരിചമുട്ടുകളികളിലും ചവിട്ടുനാടകങ്ങളും കലാകേരളത്തിന് ക്രൈസ്തവർ നൽകിയ സാംസ്കാരിക സംഭാവനകളാണ്. ഇതേപ്പറ്റി നിരവധി പഠനങ്ങൾ വന്നിട്ടുള്ളതിനാൽ വിസ്തരിക്കുന്നില്ല.

അനുഷ്ഠാന സംഗീതത്തോടൊപ്പം ജനസാമാന്യങ്ങളിൽ പ്രചുരപ്രചാരം ലഭിച്ച നിരവധി ഗാനരചയിതാക്കളും സംഗീതസംവിധായകരുമുണ്ട്. സഭാതലത്തിലുള്ള വേർകൃത്യത്തിൽ ഒരു സഭക്കാർ മറ്റ് ചിലരുടെ ഗാനങ്ങളെ അംഗീകരിക്കുന്നില്ല എന്നുള്ളത് വിചിത്രമായ ഒരു വിരോധാഭാസമാണ്. പല പ്രഗത്ഭരായ കവികളും സംഗീതവിദ്വാന്മാരും ഉണ്ട്. എല്ലാവരേയും പരാമർശിക്കുവാൻ കഴിയില്ലല്ലോ? എങ്കിലും ചിലരെ അനുസ്മരിക്കുകയാണ്. പി.എം. കൊച്ചുകുറു എഴുതിയ 'മനമേ പക്ഷി....' 'അതിരാവിലെ..' തുടങ്ങിയ ഗാനങ്ങൾ വളരെയധികം ജനപ്രീതി സമ്പാദിച്ച പാട്ടുകളാണ്. 'എന്തതിശയമേ ദൈവത്തിൻ സ്നേഹം എത്ര മനോഹരമേ' എന്ന ഗാനം എഴുതിയ എം.വി. തൊമ്മിയുടെ ഗാനകൃതികളും എം.ഇ. ചെറിയാൻ രചിച്ച 'മൺമയമാമീയുലകിൽ' ടി.ജെ. വർക്കി എഴുതിയ 'പ്രാർത്ഥന കേൾക്കണമേ കർത്താവേ...' എന്ന ഗാനവും ഈ പട്ടികയിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്നു. വിദ്വാൻകുട്ടി (യുസ്ത്തുസ് യൗസേഫ്) രചിച്ച 'കാന്താ..താമസം എന്തഹോ..' എം.വി. ചെറിയാൻ തന്നെ എഴുതിയ, 'അനുഗ്രഹത്തിൻ അധിപതിയേ' എന്നീ ഗാനങ്ങളും കാലത്തെ അതിജീവിക്കുന്നവയാണ്. വുൾ ബ്രിക്റ്റ് നാഗിൻ എന്ന ജർമ്മൻകാരൻ സായിപ്പ് രചിച്ച, 'സമയമാം രഥത്തിൻ' എന്ന ഗാനം ആബാലവൃദ്ധം ജനങ്ങൾ ആലപിക്കുന്ന ഒന്നാണ്.

ആണ്ടുതോറും ഒരു അനുഷ്ഠാനമെന്നവണ്ണം ക്രിസ്മസ്സിനും ഈസ്റ്ററിനും പുറത്തിറങ്ങുന്ന നിരവധി ഗാനങ്ങൾ മലയാളികൾക്കിടയിൽ പ്രചാരം ലഭിക്കുന്നവയാണ്. സിനിമാ നാടക ശാഖകളിലും ധാരാളം ഗാനങ്ങൾ പുറത്തുവരുന്നുണ്ട്. സ്ഥാനം എന്ന ചിത്രത്തിൽ കെ.ജയകുമാർ രചിച്ച് സാം കടമ്മനിട്ട സംഗീതം ചെയ്ത 'കർത്താവേ നീയെന്നെ...' 'ജീവിതദുഃഖങ്ങൾ നാഥന്റെ' എന്നീ ഗാനങ്ങൾ വളരെയധികം പ്രചാരം ലഭിച്ചവയാണ്. സ്നാപകയോഹന്നാൻ, ജീസസ് തുടങ്ങിയ ചിത്രങ്ങളിലെ ഗാനങ്ങൾ എടുത്തുപറയേണ്ട സവിശേഷതയുള്ളതാണ്.

പരമ്പരാഗത ക്രൈസ്തവവിശ്വാസരീതിയിൽ ഗാനശാഖ പുഷ്ടിപ്പെടുത്തിയത് ഒരുപക്ഷേ തെക്കുംഭാഗത്തെ പാട്ട് എന്ന രീതിയിൽ മാർത്തോമൻ പാട്ടുകൾ ആയി വന്നിട്ടുള്ള ക്നാനായക്കാരുടെ പാട്ടുകളാവാം. ഈ ആചാരക്രമങ്ങൾ ചില സിനിമകളിൽ അതുപോലെ ഉപയോഗിച്ചിട്ടുണ്ടെങ്കിലും. സിനിമയ്ക്കു വേണ്ടി മാത്രം എഴുതിയ ക്രൈസ്തവ ഗീതങ്ങൾ നിരവധിയാണ്. വയലാർ രാമവർമ്മ രചിച്ച് പരവൂർ ദേവരാജൻ സംഗീതം നല്കിയ അനശ്വര ഗാനങ്ങൾ യേശുദാസ് ഗന്ധർവ്വ നാദത്തിൽ ആലപിച്ചിട്ടുണ്ട്. അതിലുപരി പി. സുശീല, എസ്. ജാനകി, കെ. എസ്. ചിത്ര തുടങ്ങിയവരും പാടിയ നിരവധി ഗാനങ്ങൾ കേരളത്തിൽ പ്രചാരത്തിലുണ്ട്. എല്ലാ പാട്ടുകളും ഈ ലേഖനത്തിൽ ചേർക്കാൻ കഴിയില്ലല്ലോ? ദൈവപുത്രന് വീഥിയൊരുക്കുവാൻ..നീയെന്റെ വെളിച്ചം, പാവനനാം ആട്ടിടയാ... ബാവായ്ക്കും പുത്രനും പരിശുദ്ധാത്മാവിനും, ഞാൻ ഉറങ്ങാൻ പോകും, നിത്യവിശുദ്ധയാം കന്യാമറിയമേ, വിശുദ്ധനായ സെബസ്ത്യാനോസ്സേ...ആകാശങ്ങളിലിരിക്കും.., നീയെന്റെ പ്രാർത്ഥന കേട്ടു.., കന്യാമറിയമേ തായേ.., ഇടയകന്യകേ, കാലിത്തൊഴുത്തിൽ പിറന്നവനേ, കന്യാതനയാ കരുണാനിലയാ, ദുഃഖിതരേ പീഡിതരേ, അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും.., യരുശലേമിൻ നായകനെ.., യരുശലേമിലെ സ്വർഗ്ഗദൂതാ.., ബലിയല്ല എനിക്കുവേണ്ടത്.., നന്മ നേരും അമ്മ.., ഓശാന ഓശാന.., ദാവീദിൻ സുതനെ.., സ്നേഹസ്വരൂപനാം എൻ ജീവനായക, ഉഷസ്സിൻ രഥത്തിൽ നിന്നാലും ലോകപിതാവേ.., പള്ളിമണികളെ..., ഈശോ മറിയം യൗസേപ്പേ.., ഉരുകിയുരുകി തെളിയും ഏദനിൽ ആദിയിൽ.., ഓമനകൈകളിലൊലീവില കൊമ്പുമായി..., ദയാപരനായ കർത്താവേ ദീപം കാട്ടുക..നീലാകാശമേ.., സമയമാം രഥത്തിൽ, ദൈവപുത്രൻ ജനിച്ചു.......തുടങ്ങി നിരവധി ഗാനങ്ങൾ ജനസാമാന്യങ്ങളുടെ നിത്യജീവിതത്തിൽ പാടിപ്പതിഞ്ഞ പാട്ടുകളാണ്. ഇതിനെപ്പറ്റിയെല്ലാം തന്നെ വിശദീകരിച്ചുള്ള പഠനം ആവശ്യമാണ്. അടുത്ത തലമുറയ്ക്കുവേണ്ടി ക്രിസ്ത്വാനുഭവത്തോടൊപ്പം ക്രിസ്തുവിശ്വാസത്തോടൊപ്പം ക്രിസ്തീയ സൗന്ദര്യശാസ്ത്രം കൂടി ഉൾക്കൊണ്ട് ഗ്രഹിക്കുകയാണെങ്കിൽ എപ്പിഫെനി, തിയോഫെനി, ക്രിസ്തോഫെനി എന്നീ ഘടകങ്ങൾ അർത്ഥസംപൂർണ്ണമാകും.

www.malankaralibrary.com







# മലയാളസിനിമയിൽനിന്നു പിറന്ന ക്രിസ്ത്യൻ ഭക്തിഗാനങ്ങൾ

നിരവധി ക്രൈസ്തവ ഗാനങ്ങൾ ഭക്തിപുരസ്സരം പകർന്നു നൽകിയ സിനിമകൾ ആണ് മലയാളസിനിമകൾ. സിനിമകൾക്കുവേണ്ടി എഴുതിയ ഗാനങ്ങൾ ഒക്കെയും കൂടുതൽ ജനശ്രദ്ധയാകർഷിച്ചു. ഗാനങ്ങളിൽ നിറഞ്ഞുനിന്ന ക്രൈസ്തവമൂല്യങ്ങൾ പ്രേക്ഷകനിൽ ചലനം സൃഷ്ടിച്ചു. ഒരു ഗാനം ആയിരം സ്തുതികൾക്ക് യോഗ്യമാണ് എന്നത് അന്വർത്ഥമാക്കിക്കൊണ്ട് മലയാളസിനിമയിലൂടെ കടന്നുവന്ന ഭക്തിഗാനങ്ങൾ ക്രൈസ്തവരുടെ മാത്രമല്ല മലയാളിമനസ്സിന്റെ മുഴുവൻ വികാരമായി മാറി. സ്നേഹത്തിന്റെയും കരുണയുടെയും ദൈവികസ്പർശം നൽകുവാൻ ഈ ഗാനങ്ങൾക്ക് സാധിച്ചു. പഴയകാല ക്രൈസ്തവ സിനിമാഗാനങ്ങൾ ഇന്നും മനുഷ്യമനസ്സിൽ അനശ്വരമായി നിലനില്ക്കുന്നു.



**സി. ഗ്ലാഡിസ് OSS**
**അദ്ധ്യാപിക, മലയാളം ഡിപ്പാർട്ട്മെന്റ്, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട**

സിനിമ എന്ന നൂതന കലാരൂപത്തെ സമൂഹത്തിന്റെ വിവിധ മേഖലകളുമായി അടുപ്പിക്കുന്നതിൽ ക്രൈസ്തവഗാനങ്ങൾ സുപ്രധാനപങ്കുവഹിച്ചിട്ടുണ്ട്. ഓരോ ദേശത്തും പ്രാദേശിക സമൂഹത്തിന്റെ സ്വത്വബോധത്തോട് സമരസപ്പെട്ടുകൊണ്ടാണ് സിനിമ എന്ന കലാരൂപം വളർച്ച നേടിയത്. ഗാനാവതരണങ്ങൾ സിനിമയുടെ ആഖ്യാനത്തിൽ മുഖ്യപങ്ക് വഹിച്ചു. ഗാനങ്ങൾ സിനിമയുടെ പ്രധാന ആകർഷണ ഘടകമായി മാറിക്കൊണ്ട് ഭക്തിസിനിമകളിൽ ആവിഷ്കരിക്കുന്നതിൽ ഗാനങ്ങൾക്ക് സുപ്രധാനമായ സ്ഥാനമുണ്ട്. സാമൂഹികകഥ ചിത്രീകരിക്കുന്ന സിനിമയ്ക്കുവേണ്ടി രചിക്കപ്പെട്ട ഭക്തിഗാനങ്ങൾ കഥാപാത്രങ്ങളുടെ ജീവിത പ്രതിസന്ധികളിലെ പ്രാർത്ഥന, ആരാധന എന്നിവയുടെ രൂപത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഭക്തിഗാനത്തിന്റെ ആവർത്തിച്ചുള്ള കേൾവിയിലൂടെ ഭക്തിഗാന രചയിതാവിന്റെ വ്യക്തിത്വം വിസ്മൃതമാകുകയും ഗാനഭാവം ശ്രോതാവിന്റെ ആത്മാവിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നു. നേരിട്ടുള്ള ഈശ്വരസ്തുതി എന്ന നിലയിൽ അല്ലാതെ കഥാപാത്രങ്ങളുടെ ജീവിതത്തിലെ ദുഃഖസന്ദർഭങ്ങളിൽ ഈശ്വരനോടുള്ള പ്രാർത്ഥന, കഥാപാത്രങ്ങളുടെ മനോനില വ്യക്തമാക്കുന്ന പ്രാർത്ഥനാഭാഗങ്ങൾ ഉൾക്കൊള്ളുന്ന അശരീരിഗാനം എന്നിങ്ങനെ രൂപത്തിലും

www.malankaralibrary.com



പഴയകാലഭക്തിഗാനങ്ങൾ ചിത്രീകരിച്ചിട്ടുള്ളതായി കാണാം. ക്രിസ്മസ് കാലത്ത് ഏവരുടേയും ചുണ്ടുകളിൽ തത്തിക്കളിക്കുന്ന നിരവധി ക്രിസ്മസ് ഗാനങ്ങളും സിനിമയിലുണ്ട്. മിക്ക ഭക്തിഗാനങ്ങളും മർദ്ദിതരുടെയും നിന്ദിതരുടെയും പക്ഷത്തുനിന്ന് മനുഷ്യസ്നേഹത്തിനു വേണ്ടി നിലകൊള്ളുന്ന ക്രിസ്തുവിന്റെ ആശയങ്ങളാണ് കഥാപാത്രങ്ങളുടെ ജീവിതവുമായി ചേർത്ത് ഗാനരൂപത്തിൽ പുനർസൃഷ്ടിച്ചിരിക്കുന്നത്.

1954-ൽ പുറത്തിറങ്ങിയ 'സ്നേഹസീമ' എന്ന ചിത്രത്തിലെ "കനിവോലും കമനീയഹൃദയം" എന്ന് തുടങ്ങുന്ന ക്രിസ്തീയ ഭക്തിഗാനം ശങ്കരാഭരണം രാഗത്തിൽ ദക്ഷിണാമൂർത്തി സ്വാമികൾ ആണ് ഈണമിട്ടത്. 1961 -ൽ പുറത്തിറങ്ങിയ 'ജ്ഞാനസുന്ദരി' എന്ന ചിത്രത്തിൽ രണ്ട് ക്രിസ്ത്യൻ ഭക്തിഗാനങ്ങൾ ആണ് ഉള്ളത്. "ആവേ, ആവേ മരിയ" എന്ന ഗാനവും മറ്റൊന്ന് "കന്യാമറിയമേ തായേ" എന്ന ഗാനവും. ഇവ രണ്ടും എഴുതിയത് ശ്രീ.അഭയദേവും ഈണം പകർന്നത് ശ്രീ. ദക്ഷിണമൂർത്തി സ്വാമിയുമാണ്. രണ്ടു ഗാനങ്ങളും ആലപിച്ചിരിക്കുന്നത് പി. ലീലയാണ്. 1962-ൽ പുറത്തിറങ്ങിയ 'ഭാര്യ' എന്ന ചിത്രത്തിലെ രണ്ടു ഗാനങ്ങൾ ആണ് "മുൾക്കിരീടമിതെന്തിന് നൽകി സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന ഗാനവും "ഓമനക്കയ്യിൽ ഒലിവില കൊമ്പുമായി" എന്ന ഗാനവും വയലാറിന്റെ വരികൾക്ക് ഈണം പകർന്നത് ജി. ദേവരാജനും പാടിയിരിക്കുന്നത് പി. സുശീലയുമാണ്. 1963-ൽ പുറത്തിറങ്ങിയ 'റെബേക്ക' എന്ന ചിത്രത്തിനു വേണ്ടി വയലാർ രാമവർമ്മ എഴുതിയ ഗാനമാണ് "യറുശലേമിൻ നായകനെ എന്നു കാണും" എന്നു തുടങ്ങുന്ന ഗാനം. ഇതിന് ഈണം പകർന്നത് കെ. രാഘവനും പാടിയിരിക്കുന്നത് പി. ലീലയുമാണ്. 1964 -ൽ പുറത്തിറങ്ങിയ അൾത്താര

> "ക്രിസ്മസ് കാലത്ത് ഏവരുടേയും ചുണ്ടുകളിൽ തത്തിക്കളിക്കുന്ന നിരവധി ക്രിസ്മസ് ഗാനങ്ങളും സിനിമയിലുണ്ട്. മിക്ക ഭക്തിഗാനങ്ങളും മർദ്ദിതരുടെയും നിന്ദിതരുടെയും പക്ഷത്തുനിന്ന് മനുഷ്യസ്നേഹത്തിനു വേണ്ടി നിലകൊള്ളുന്ന ക്രിസ്തുവിന്റെ ആശയങ്ങളാണ് കഥാപാത്രങ്ങളുടെ ജീവിതവുമായി ചേർത്ത് ഗാനരൂപ ത്തിൽ പുനർസൃഷ്ടിച്ചിരിക്കുന്നത്."

എന്ന സിനിമയിലെ ഗാനമാണ് "കന്യാമറിയമേ പുണ്യപ്രകാശമേ കാത്തുരക്ഷിക്കേണമമ്മേ" തിരുനയിനാർകുറിച്ചി മാധവൻ നായർ എഴുതിയ വരികൾക്ക് ഈണം പകർന്നിരിക്കുന്നത് എം.ബി. ശ്രീനിവാസൻ ആണ്. പി. സുശീലയും, എസ്. ജാനകിയും ചേർന്നാണ് ഗാനം ആലപിച്ചിരിക്കുന്നത്. 1964 -ൽ പുറത്തിറങ്ങിയ 'മണവാട്ടി' എന്ന സിനിമയിലെ ഗാനമാണ് "ഇടയ കന്യകേ പോവുക നീ" വയലാർ രാമവർമ്മ എഴുതിയ ഗാനത്തിന് ഈണം പകർന്നിരിക്കുന്നത് ജി. ദേവരാജനും ഗാനം ആലപിച്ചിരിക്കുന്നത് ശ്രീ യേശുദാസുമാണ്. 1965- ൽ പുറത്തിറങ്ങിയ 'തൊമ്മന്റെ മക്കൾ' എന്ന സിനിമയിലെ "ഞാൻ ഉറങ്ങാൻ പോകും മുൻപായി" എന്ന ഗാനം എഴുതിയത് വർഗീസ് മാളിയേക്കലാണ്. ഈണം പകർന്നിരിക്കുന്നത് ജോബും ആലാപന നിർവ്വഹണം എസ്. ജാനകിയുമാണ്. 1966-ൽ പുറത്തിറങ്ങിയ 'സ്ഥാനാർത്ഥി സാറാമ്മ' എന്ന ചിത്രത്തിൽ വയലാറിന്റെ വരികൾക്ക് എൽ.പി.ആർ. വർമ്മ ഈണം പകർന്ന ക്രിസ്തീയ ഭക്തിഗാനമാണ്, "യെറുശലേമിൻ നാഥ യേശുനാഥാ"എന്ന ഗാനം. 1967 -ൽ പുറത്തിറങ്ങിയ 'നാടൻ പെണ്ണ്' എന്ന സിനിമയിലെ ഗാനമാണ് "ആകാശങ്ങളിലിരിക്കും ഞങ്ങടെ അനശ്വരനായ പിതാവേ"എന്നത്. വയലാർ രാമവർമ്മ എഴുതിയ ഈ ഗാനത്തിന് ഈണം പകന്നിരിക്കുന്നത് ജി. ദേവരാജൻ ആണ്. പി. സുശീലയും കോറസ്സുമാണ് ഗാനം പാടിയിരിക്കുന്നത്. 1969-ൽ പുറത്തിറങ്ങിയ 'നദി' എന്ന സിനിമയ്ക്ക് വേണ്ടി വയലാർ എഴുതിയ ഗാനമാണ് "നിത്യവിശുദ്ധയാം കന്യാമറിയമേ" എന്ന ഗാനം. ഈ ഗാനത്തിന് ഈണം പകർന്നിരിക്കുന്നത് ജി. ദേവരാജനും പാടിയിരിക്കുന്നത് കെ. ജെ. യേശുദാസുമാണ്. 1970-ൽ പുറത്തിറങ്ങിയ 'അരനാഴികനേരം' എന്ന ചലച്ചിത്രത്തിലെ വളരെ പ്രസിദ്ധമായ ഒരു ഗാനമാണ് 'സമയമാം രഥത്തിൽ', ജർമൻ മിഷനറിയായ വി.നാഗൽ എഴുതിയ ഗാനം ചിത്രത്തിനു വേണ്ട രീതിയിൽ മാറ്റി എഴുതിയത് വയലാറാണ്. ഈണം പകർന്നത് ജി. ദേവരാജൻ. പാടിയിരിക്കുന്നത് പി. ലീലയും, മാധുരിയും ചേർന്നാണ്. 1970



www.malankaralibrary.com











-ൽ പുറത്തിറങ്ങിയ 'പേൾവ്യൂ 'എന്ന സിനിമയിലെ ഗാനമാണ് "വിശുദ്ധനായ സെബസ്ത്യാനോസേ".. എന്നു തുടങ്ങുന്ന ഗാനം. വയലാർ രാമവർമ്മ എഴുതിയ ഈ ഗാനത്തിന് ഈണം പകർന്നിരിക്കുന്നത് ജി. ദേവരാജൻ ആണ്. കെ. ജെ. യേശുദാസും ബി. വസന്തയും ചേർന്നാണ് ഗാനം ആലപിച്ചിരിക്കുന്നത്. 1972-ൽ പുറത്തിറങ്ങിയ 'മിസ്സ്മേരി' എന്ന ചിത്രത്തിനു വേണ്ടി ശ്രീകുമാരൻ തമ്പി രചിച്ച് ആർ. കെ. ഗോവർ ഈണം നൽകിയ പാട്ടാണ് "നീയെന്റെ വെളിച്ചം" എന്നു തുടങ്ങുന്ന ഗാനം. പാടിയത് പി. സുശീലയാണ്. 1972 -ൽ പുറത്തിറങ്ങിയ 'മയിലാടും കുന്ന്, എന്ന സിനിമയിലെ ഗാനമാണ് 'ഈശോ മറിയം ഔസേപ്പേ ഈ അപേക്ഷ കൈക്കൊള്ളേണമേ' എന്ന ശോകഗാനം. വയലാർ രാമവർമ്മ എഴുതിയ ഈ ഗാനത്തിന് ഈണം പകന്നിരിക്കുന്നത് ജി. ദേവരാജൻ ആണ്. പി. സുശീലയാണ് ഗാനം ആലപിച്ചിരിക്കുന്നത്. 1973 -ൽ പുറത്തിറങ്ങിയ 'നഖങ്ങൾ' എന്ന സിനിമയിലെ ഗാനമാണ് 'മാതാവേ മാതാവേ മനുഷ്യപുത്രനെ ഞങ്ങൾക്കു നല്കിയ മാതാവേ', വയലാർ രാമവർമ്മ എഴുതിയ ഈ ഗാനത്തിന് ഈണം പകർന്നിരിക്കുന്നത് ജി. ദേവരാജൻ ആണ്. പി. സുശീലയാണ് ഗാനം ആലപിച്ചിരിക്കുന്നത്. 1974-ൽ പുറത്തിറങ്ങിയ 'നാത്തൂൻ' എന്ന ചിത്രത്തിലെ ഗാനമാണ് "യേശുമാതാവേ ജനനി ആശ്രയം നീയെ" എന്ന ഗാനം. ശ്രീകുമാരൻ തമ്പിയുടെ വരികൾക്ക് എസ്. ബാബുരാജ് ആണ് ഈണം പകർന്നിരിക്കുന്നത്. എസ്. ജാനകിയാണ് ഈ ഗാനം ആലപിച്ചിരിക്കുന്നത്.

1977-ൽ പുറത്തിറങ്ങിയ അപരാധി എന്ന സിനിമയിൽ പി. ഭാസ്കരന്റെ വരികൾക്ക് സലിൽ ചൗധരി ഈണം നൽകിയ ഗാനമാണ് "നന്മനേരും അമ്മ" എന്ന ഗാനം. ആലപിച്ചിരിക്കുന്നത് പി. സുജാതയും പി. ലീലയുമാണ്. മലയാളത്തിലെ എക്കാലത്തെയും ഹിറ്റ് ക്രിസ്മസ് ഗാനങ്ങളിൽ ഒന്നാണിത്. ''കാലിത്തൊഴുത്തിൽ പിറന്നവനേ, കരുണ നിറഞ്ഞവനേ..." എന്ന ഗാനം ഏറ്റുപാടാത്ത ആരുമുണ്ടാകില്ല. 1979 ൽ പുറത്തിറങ്ങിയ 'സായൂജ്യം' എന്ന ചിത്രത്തിലെ ഈ ഗാനം എഴുതിയത് യൂസഫലി കേച്ചേരിയും സംഗീതം നൽകിയത് കെ. ജെ. ജോയിയും ചേർന്നാണ്. എസ്. ജാനകിയാണ് ഈ ഗാനം പാടിയിരിക്കുന്നത്. ക്രിസ്മസ് രാത്രിയിൽ പാതിരാ കുർബാനകളിൽ പള്ളികളിൽ ഈ ഗാനം ആലപിക്കാറുണ്ട്.

1979 ൽ പുറത്തിറങ്ങിയ 'തുറമുഖം' എന്ന സിനിമയിലെ ഗാനമാണ് "ശാന്തരാത്രി തിരുരാത്രി" .... എന്ന ഗാനം. പൂവച്ചൽ ഖാദർ എഴുതി എ. കെ. അർജ്ജുനൻ ഈണം പകർന്ന ഗാനത്തിന്റെ ആലാപനം നിർവ്വഹിച്ചിരിക്കുന്നത് ജോളി എബ്രഹാം. 1984 ൽ പുറത്തിറങ്ങിയ 'നോക്കെത്താ ദൂരത്ത് കണ്ണും നട്ട്' എന്ന ചിത്രത്തിൽ ബിച്ചു തിരുമല എഴുതി ജെറി അമൽദേവ് ഈണമിട്ട ഗാനമാണ് "ആരാധനാ നിശാ സംഗീത മേള...വരൂ വരൂ ദേവൻ പിറന്നിതാ..തൊഴാം തൊഴാം നാഥൻ പിറന്നിതാ.. ലാത്തിരി പൂത്തിരി പുഞ്ചിരിചെപ്പോ". എന്നു തുടങ്ങുന്ന ഗാനം. 1985 ൽ പുറത്തിറങ്ങിയ 'കാതോട് കാതോരം' എന്ന സിനിമയിലെ ഗാനമാണ് "ദേവദൂതർ പാടി സ്നേഹദൂതർ പാടി ഈ ഒലീവിൻ പൂക്കൾ ചൂടിയാടും നിലാവിൽ" എന്നത്. ഇതിന്റെ സംഗീത സംവിധാനം നിർവ്വഹിച്ചിരിക്കുന്നത് ഔസേപ്പച്ചനാണ്. മലയാളത്തിന്റെ സ്വന്തം കവി ഒ.എൻ.വി. കുറുപ്പ് എഴുതിയ ഈ ഗാനം പാടിയിരിക്കുന്നത് കെ. ജെ. യേശുദാസ്, കൃഷ്ണചന്ദ്രൻ, ലതിക, രാധിക എന്നിവർ ചേർന്നാണ്. 1997-ൽ പുറത്തിറക്കിയ 'വർണ്ണപ്പകിട്ട്' എന്ന ചിത്രത്തിൽ "അനുപമ സ്നേഹ ചൈതന്യമേ." എന്ന ഗിരീഷ് പുത്തഞ്ചേരിയുടെ വരികൾക്ക് വിദ്യാസാഗർ ഈണം നൽകി കെ.എസ്. ചിത്ര ആലപിച്ച ഗാനം.

1997-ൽ പുറത്തിറക്കിയ 'ഫൈവ് സ്റ്റാർ ഹോസ്പിറ്റൽ എന്ന ചിത്രത്തിലെ ഗാനമാണ് "വാതിൽ തുറക്കൂ നീ കാലമേ"എന്ന യൂസഫലി കേച്ചേരിയുടെ വരികൾക്ക്

www.malankaralibrary.com




ബോംബെ രവി ഈണം പകർന്നു. പാടിയിരിക്കുന്നത് കെ. ജി. മാർക്കോസ്, കെ. ജെ. യേശുദാസ്, കെ. എസ്. ചിത്ര എന്നിവരാണ്. 1998-ൽ പുറത്തിറക്കിയ ഒരു മറവത്തൂർ കനവ് എന്ന ചിത്രത്തിലെ ഗാനമാണ് "കരുണാമയനെ കാവൽ വിളക്കെ" എന്ന ഗാനം. ഗിരീഷ് പുത്തഞ്ചേരിയുടെ വരികൾക്ക് വിദ്യാസാഗർ ഈണം പകർന്ന് കെ. ജെ. യേശുദാസ് ആലപിച്ച ഗാനമാണിത്.

1999-ൽ പുറത്തിറക്കിയ 'വീണ്ടും ചില വീട്ടുകാര്യങ്ങൾ'എന്ന ചിത്രത്തിലെ ഗാനമാണ് "വിശ്വം കാക്കുന്ന നാഥാ" എന്ന ഗാനം. സത്യൻ അന്തിക്കാടിന്റെ വരികൾക്ക് ജോൺസൺ മാസ്റ്റർ ഈണം പകർന്ന് യേശുദാസ് ആലപിച്ച ഗാനമാണിത്. 2002-ൽ പുറത്തിറക്കിയ 'ചതുരംഗം' എന്ന ചിത്രത്തിലെ 'നന്മനിറഞ്ഞവളെ കന്യാമറിയമേ' എന്ന ഗാനത്തിന് വരികൾ നൽകിയത് ഗിരീഷ് പുത്തഞ്ചേരിയാണ്. ഈണം നൽകിയത് എം.ജി. ശ്രീകുമാർ. കെ. എസ്. ചിത്രയാണ് ഗാനം ആലപിച്ചിരിക്കുന്നത്. 'മഞ്ഞിന്റെ മാറാല നീങ്ങുന്നു വിണ്ണിലെ താരകം കൺ തുറന്നു". 2009 ൽ പുറത്തിറങ്ങിയ ലൗഡ് സ്പീക്കറിലെ ഗാനം. ഗാനത്തിലെ കോറസ് ആയി വരുന്ന ഭാഗമാണ് ഏറ്റവും ശ്രദ്ധ നേടിയത്. "മംഗളം മംഗളമേ സോദരരേ മംഗളം മംഗളമേ ഇവരെന്നെന്നേയ്ക്കും നിന്റെ നാമത്തിൽ മഹത്വ മംഗളമേ ജഗദീശാ ഈ ഭവനത്തെ എന്നുമേ കാക്കേണമേ ഇവരെന്നെന്നേയ്ക്കും നിന്റെ നാമത്തിൽ മഹത്വ മംഗളമേ" എന്ന ഭാഗം കരോൾ സംഘങ്ങൾ ഏറ്റെടുത്തതോടെ വൈറലായിരുന്നു. അനിൽ പനച്ചൂരാന്റെ വരികൾക്ക് ബിജിബാലാണ് ഈണം നൽകിയിരിക്കുന്നത്. മമ്മൂട്ടി, അലൻ, ജോയ് മാത്യു എന്നിവർ ചേർന്നാണ് പാടിയിരിക്കുന്നത്.

2013-ൽ പുറത്തിറങ്ങിയ 'ഇമ്മാനുവേൽ 'എന്ന ചിത്രത്തിലെ ഗാനമാണ് "എന്നോടുകൂടെ വസിക്കുന്ന ദൈവമേ" എന്ന ഗാനം. റഫീക്ക് അഹമ്മദിന്റെ വരികൾക്ക് അഫ്സൽ യൂസഫ് ഈണം പകർന്ന ഈ ഗാനം പാടിയിരിക്കുന്നത് രഞ്ജിത്ത് ജയരാമൻ, കോറസ്സ് ദിവ്യ എസ്. മേനോനാണ്. 2013-ൽ പുറത്തിറങ്ങിയ റോമൻസ് എന്ന ചിത്രത്തിലെ ഗാനമാണ് "ഹാലേലുയ്യ..... അർത്തുങ്കലെ പള്ളിയിൽ ചെന്നിട്ടീശോയെ കണ്ടിട്ടൊന്നോശാന പാടാം" രാജീവ് ആലുങ്കലിന്റെ വരികൾക്ക് എം. ജയചന്ദ്രൻ ഈണം പകർന്ന് സുദീപ് കുമാർ, വിജയ് യേശുദാസ് എന്നിവർ ചേർന്നാണ് ഗാനം ആലപിച്ചിരിക്കുന്നത്.

2016-ൽ പുറത്തിറങ്ങിയ 'ചാർലി' എന്ന ചിത്രത്തിലെ "സ്നേഹം നീ നാഥ" എന്ന ഗാനത്തിന് വരികൾ എഴുതിയത് റഫീക്ക് അഹമ്മദാണ്. ഈണം പകർന്നത് ഗോപിസുന്ദർ. ആലപിച്ചത് രാജലക്ഷ്മി. "ഗബ്രിയേലിന്റെ ദർശനസാഫല്യമായ്...സർവ്വലോകർക്കും നന്മയേകും കാരുണ്യമായ്". 2016-ൽ പുറത്തിറങ്ങിയ ഗപ്പി' എന്ന ചിത്രത്തിലെ ഗാനം. വിനായക് ശശികുമാർ എഴുതി വിഷ്ണു വിജയ് ഈണമിട്ട ഗാനം പാടിയിരിക്കുന്നത് തമിഴ് ഗായകൻ ആന്റണി ദാസനാണ്. 2016 -ൽ പുറത്തിറങ്ങിയ 'തോപ്പിൽ ജോപ്പൻ' എന്ന സിനിമയിലെ ഗാനമാണ് "പൂവിതളായ് ഞാൻ നാഥ താവക പാദം തേടി " നിഷാദ് അഹമ്മദിന്റെ വരികൾക്ക് ഈണം പകർന്നത് വിദ്യസാഗറാണ്. അഭിരാമി അജയ് ആണ് ഗാനം ആലപിച്ചിരിക്കുന്നത്. 2017-ൽ പുറത്തിറങ്ങിയ 'ജോർജ്ജേട്ടൻസ് പൂരം' എന്ന ചിത്രത്തിലെ "ഒടുവിലെ യാത്രക്കായി"എന്ന ഗാനത്തിന് വരികൾ എഴുതിയത് ബി. കെ. ഹരിനരായണൻ. ഈണം പകർന്നത് ഗോപിസുന്ദർ. പാടിയത് വിജയ് യേശുദാസും രാജലക്ഷ്മിയും ആണ്.



2017 -ൽ പുറത്തിറങ്ങിയ 'ആദം ജോൺ' എന്ന ചിത്രത്തിലെ ഗാനമാണ് "ഏദൻ തോട്ടം നട്ടോനെ നീയാണെൻ യുവ മണവാളൻ " സി.പി. ചാണ്ടി, ജിലു ജോസഫ് എഴുതിയ വരികൾക്ക് ദീപക് ദേവ് സംഗീതം പകർന്ന ഈ ഗാനത്തിന് കാർത്തിക വൈദ്യനാഥനാണ് ഗാനം ആലപിച്ചിരിക്കുന്നത്. ആരാധനക്രമത്തിലെ വിവാഹഗാനത്തിന് ചെറിയ മാറ്റം വരുത്തിയാണ് ഈ ഗാനം ചെയ്തിരിക്കുന്നത്.

2018-ൽ പുറത്തിറങ്ങിയ അബ്രഹാമിന്റെ സന്തതികൾ എന്ന ചിത്രത്തിലെ "യറുശലേം നായകാ അബലർതൻ

www.malankaralibrary.com



വിമോചകാ" എന്ന ഗാനത്തിന്റെ വരികൾ എഴുതിയത് റഫീക്ക് അഹമ്മദ് ആണ്. ഈണം പകർന്നത് ഗോപിസുന്ദർ. ഗാനം ആലപിച്ചിരിക്കുന്നത് ശ്രേയ ജയദീപ്. 2019 പുറത്തിറങ്ങിയ ജോസഫ് എന്ന ചിത്രത്തിലെ ഗാനമാണ് "ഉയിരിൻ നാഥനെ ഉലകിൻ നാഥിയെ" എന്ന ഗാനത്തിന് വരികൾ എഴുതിയത് ബി. കെ. ഹരിനാരായണൻ, ഈണം പകർന്നത് രഞ്ജിൻ രാജ്. ആലാപനം നിർവ്വഹിച്ചിരിക്കുന്നത് വിജയ് യേശുദാസും മെറിൻ ജോർജ്ജുമാണ്. 2019 -ൽ പുറത്തിറങ്ങിയ 'പൊറിഞ്ചു മറിയം ജോസഫ്' എന്ന സിനിമയിലെ ഗാനമാണ് "പെട പെടയണ പെരുന്നാളാ കൊടികയറണ ദനഹാ" ജോ പോളിന്റെ വരികൾക്ക് ജോക്സ് ബിജോയ് ഈണം പകർന്ന് ജോക്സ് ബിജോയ്, മെറിൻ ഗ്രിഗറി, കേശവ്, വിനോദ്, ജിതിൻ എന്നിവർ ചേർന്നാണ് ഗാനം ആലപിച്ചിരിക്കുന്നത്. 2019-ൽ ക്രിസ്മസ് കാലത്ത് തിയേറ്ററിലെത്തിയ 'മൈ സാന്റാ' എന്ന ചിത്രത്തിലെ "മേഘവീഥിയിൽ പുതുതാരനർത്തനം ഇത് രാജാധിരാജന്റെ രാവല്ലയോ" എന്ന ഗാനം. നിഷാദ് അഹമ്മദ് എഴുതി വിദ്യാസാഗർ ഈണമിട്ട ഗാനം പാടിയിരിക്കുന്നത് ഷെൻബാഗരാജ്, ജെമോൻ, നിവാസ്, നാരായണൻ എന്നിവർ ചേർന്നാണ്.

2021 -ൽ പുറത്തിറങ്ങിയ 'ദി പ്രീസ്റ്റ്' എന്ന സിനിമയിലെ ഗാനമാണ് "നസ്രത്തിൻ നാട്ടിലെ പാവനേ മേരി മാതേ" ബി. കെ. ഹരിനാരായണന്റെ വരികൾക്ക് രാഹുൽ രാജ് ഈണം പകർന്ന് ബേബി നിയ ചാർളി, മെറിൻ ഗ്രിഗറി ആലപിച്ച ഗാനമാണിത് 2022 ൽ പുറത്തിറങ്ങിയ 'വരയൻ' എന്ന സിനിമയിലെ ഗാനമാണ് "നിലാവു പോലെ എന്റെ ഉള്ളിൽ വന്നുദിക്കണേ" പഴയ ക്രൈസ്തവഗാനത്തെ ചിത്രത്തിലൂടെ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. സുഗുണൻ കുമ്പാളിന്റെ വരികൾക്ക് പീറ്റർ ചേരാനല്ലൂർ ഈണം പകർന്ന് മിഥില മൈക്കിൾ ആലപിച്ച ഗാനമാണിത്. 2022 -ൽ പുറത്തിറങ്ങിയ 'കടുവ' എന്ന സിനിമയിലെ ഗാനമാണ് "എദൻ തോട്ടം വീട് ഇത് സ്നേഹം പൂക്കും മേടും ഇതിലാനന്ദത്തിൽ ചേരാം" (കടമറ്റം പള്ളിയുടെ ഗാനം) സന്തോഷ് വർമ്മയുടെ വരികൾക്ക് ജേക്സ് ബിജോയ് സംഗീതം നിർവ്വഹിച്ച് വിജയ് യേശുദാസ്, ശ്വേത അശോക്, സച്ചിൻ രാജ്, കോറസ് എന്നിവർ ചേർന്നാലപിച്ച ഗാനം. ആ സിനിമയിലെ തന്നെ ഗാനമാണ് "ആവോ ദാമാനോ......പാലപ്പള്ളി തിരുപ്പള്ളി പുകളേറും രാക്കുളി നാളാണോ " ശ്രീഹരി തറയിൽ സന്തോഷ് വർമ്മ എന്നിവരുടെ വരികൾക്ക് ജേക്സ് ബിജോയ് സംഗീതം നിർവ്വഹിച്ച് അതുൽ നറുകരയും സംഘവും ചേർന്നാലപിച്ചിരിക്കുന്ന ഗാനമാണിത്. 2023 -ൽ പുറത്തിറങ്ങിയ 'എന്താടാ സജി' എന്ന സിനിമയിലെ ഗാനമാണ് "ആത്മാവിൽ നിറയുന്നോരെൻ ദൈവമേ" അർഷാദ് റഹീമിന്റെ വരികൾക്ക് ഈണം പകർന്നത് വില്യം ഫ്രാൻസിസ് ആണ്. നിത്യാ മാമ്മനാണ് ഗാനം ആലപിച്ചിരിക്കുന്നത്.

ഇങ്ങനെ നിരവധി ക്രൈസ്തവ ഗാനങ്ങളിലൂടെ പ്രേക്ഷകശ്രദ്ധയാകർഷിക്കുവാനും, ജനഹൃദയത്തെ ഭക്തിസാന്ദ്രമാക്കുവാനും മലയാള സിനിമയ്ക്ക് എക്കാലവും കഴിയുന്നുണ്ട്. ഈ സിനിമാഗാനങ്ങളിൽ എല്ലാം എഴുത്തുകാരെ പരിശോധിച്ചാൽ വ്യത്യസ്ത മതങ്ങളിലെ എഴുത്തുകാരുടെ സംഭാവനകളെ കണ്ടെത്താൻ കഴിയും. 1960 -70 കാലഘട്ടങ്ങളിലെ മിക്കഗാനങ്ങളും വയലാർ രാമവർമ്മ, ജി. ദേവരാജ് കൂട്ടുകെട്ടിൽ പിറന്നതാണ്. എങ്ങനെയാണ് വയലാർ ക്രിസ്തീയ ആത്മീയതയെ ഇത്രമാത്രം സ്വാംശീകരിച്ചത് എന്നു ചിന്തിച്ചുപോകും. അദ്ദേഹത്തിന്റെ ഗാനങ്ങളെ മനനം ചെയ്യുമ്പോൾ വിപ്ലവഗാനങ്ങളിൽ നിന്നും ക്രൈസ്തവ ഭക്തിഗാനങ്ങളിലേക്കുള്ള വയലാർ രാമവർമ്മയുടെ മാറ്റം അനായാസവും സ്വാഭാവികവുമായിരുന്നു. മർദ്ദിതരുടെയും നിന്ദിതരുടെയും പക്ഷത്തുനില്ക്കുന്ന യേശുവിനെയാണ് വയലാർ തന്റെ ഭക്തിഗാനങ്ങളിലൂടെ അവതരിപ്പിച്ചത്. പിന്നീട് കടന്നുവന്ന എഴുത്തുകാരും സിനിമയിലെ ഭക്തിഗാനങ്ങളിലൂടെ എല്ലാം ക്രൈസ്തവ ദർശനത്തിന്റെ പച്ചപിടിച്ച മൂല്യങ്ങളെ പ്രേക്ഷകഹൃദയത്തിലെത്തിക്കുവാൻ ശ്രമിച്ചു. വർഷങ്ങൾക്ക് ശേഷവും അർത്ഥപൂർണ്ണമായ ദൈവസങ്കല്പം തേടുന്ന ഭക്തർക്ക് ആശ്വാസവും പ്രത്യാശയും പകരുന്ന, ഈടുറ്റ വരികളാണ് ഈ ക്രിസ്ത്യൻ ഭക്തിഗാനങ്ങളിലൂടെ സിനിമാലോകം മലയാളികൾക്ക് സമ്മാനിച്ചത്.


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി**

www.malankaralibrary.com









'The face of the faceless' ന്റെ സംവിധായകൻ ഡോ. ഷൈസൻ പി. ഔസേഫ് ഇരുപത്തിയഞ്ചോളം രാജ്യങ്ങൾ സന്ദർശിച്ച് അവിടുത്തെ കുട്ടികളുടെയും ജനങ്ങളുടെയും ഉന്നമനത്തിനുവേണ്ടി പ്രയത്നിക്കുകയും അവിടുത്തെ കാലികപ്രാധാന്യമുള്ള വിഷയങ്ങളെ കണ്ടെത്തി ഡോക്യുമെന്ററികളാക്കി അവതരിപ്പിക്കുകയും നിരവധി തവണ രാജ്യാന്തര പുരസ്കാരങ്ങൾ നേടുകയും ചെയ്തിട്ടുള്ള വ്യക്തിയാണ്. അദ്ദേഹത്തിന്റെ ആദ്യ ചലച്ചിത്ര സംരംഭമാണ് 'The face of the faceless'. മുംബൈ സെൻറ് സേവ്യേഴ്സ് കോളേജിലെ ഫിലിം ആന്റ് ടെലിവിഷൻ പ്രൊഡക്ഷൻ ഡിപ്പാർട്ട്മെന്റിൽ കോഴ്സ് മേധാവിയായി പ്രവൃത്തിക്കുന്ന ഡോ. ഷൈസൻ ചാലക്കുടിക്കടുത്ത് മോതിരക്കണ്ണി പെരുമ്പിള്ളിക്കാടൻ കുടുംബാംഗമാണ്.

www.malankaralibrary.com




### 1. സിസ്റ്റർ റാണി മരിയയുടെ ജീവിതം സിനിമയാക്കുവാനുള്ള പ്രചോദനം എന്തായിരുന്നു?

സിസ്റ്റർ റാണി മരിയയുടെ ജീവിതം വളരെ പ്രചോദനം നല്കുന്നതാണ്. കാരണം ഒരു കന്യാസ്ത്രീ സ്വന്തം നാടും വീടും ഒക്കെ ഉപേക്ഷിച്ച് സ്വന്തം ഭാഷയോ സുഹൃത്തുക്കളോ ബന്ധുക്കളോ ഒന്നും ഇല്ലാത്ത സ്ഥലത്തുപോയി മറ്റുള്ളവർക്ക് വേണ്ടി ജീവിതം സമർപ്പിക്കുന്നു, രക്തസാക്ഷിയാകുന്നു. ഇതിനെക്കാളെല്ലാമുപരി സി. റാണി മരിയയുടെ മതമായ നമ്മുടെ ക്രിസ്തീയതയുടെ അടിസ്ഥാന തൂണായ മറ്റുള്ളവരോട് ക്ഷമിക്കുവാനുള്ള മനസ്സ്, അതിൽ അടിയുറച്ചതാണ് ഈ കഥ. സിസ്റ്റർ റാണി മരിയയുടെ കൊലപാതകത്തിനുശേഷം കൊലപാതകി ജയിലിൽ പോകുന്നു. ജയിലിൽനിന്ന് തിരിച്ചു വന്നപ്പോൾ സിസ്റ്റർ റാണി മരിയയുടെ കുടുംബം വളരെ സ്നേഹത്തോടുകൂടി കുടുംബത്തിലെ അംഗത്തെപ്പോലെ അദ്ദേഹത്തെ സ്വീകരിക്കുന്നു. ഈ സംഭവം ഈ ലോകത്ത് വളരെ വിരളമാണ്. അത് എന്നെ ഒത്തിരിയേറെ ആകർഷിച്ചു.

### 2. ഈ സിനിമയുടെ ചിത്രീകരണത്തിൽ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടോ?

2016 മുതലാണ് ഈ സിനിമയുടെ ഉത്ഭവം. ആ നിമിഷം മുതൽ ഈ നിമിഷം വരെ എപ്പോഴും പ്രശ്നങ്ങളും പ്രതിസന്ധികളും മാത്രമായിരുന്നു. ഒരു തീച്ചൂളയിലൂടെ കടന്നു പോകുന്നതിന് തുല്യമാണ് ഈ സിനിമ. സിസ്റ്റർ റാണി മരിയ മരിച്ച മദ്ധ്യപ്രദേശിലെ ഇൻഡോറിൽനിന്ന് ഒന്നര മണിക്കൂർ യാത്ര ചെയ്ത് എത്തുന്നത് ഉദയ്നഗർ എന്ന സ്ഥലത്താണ്. എന്നാൽ ആ സ്ഥലത്ത് ഷൂട്ടിംഗിന് സമ്മതമുണ്ടായിരുന്നില്ല. അതുകൊണ്ട് മറ്റൊരു സ്ഥലത്തേക്ക് ഷൂട്ടിംഗ് മാറ്റേണ്ടി വന്നു. ഇതിലെ കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചും പ്രശ്നങ്ങൾ ഉണ്ടായിരുന്നു. എങ്കിൽ കൂടി ഞങ്ങൾക്ക് അത് പൂർത്തീകരിക്കുവാൻ സാധിച്ചു. സിസ്റ്റർ മരിച്ചത് 52 കുത്തുകൾ കൊണ്ടാണ്. 7 കുത്തുകൾപോലും എനിക്ക് ഈ സിനിമയിൽ നല്ല രീതിയിൽ കാണിക്കാൻ കഴിഞ്ഞില്ല. കാരണം സെൻസർ ബോർഡിന്റെ തീരുമാനം കുത്തുകൾ കൂടു

www.malankaralibrary.com



തൽ കാണിക്കുന്നത് മാറ്റണമെന്നായിരുന്നു. പ്രദർശന സമയത്ത് തിയേറ്ററുകൾ കിട്ടാനുണ്ടായിരുന്നില്ല. ആദ്യം 35 തിയേറ്ററുകളിലായിരുന്നു പ്രദർശനം. അതും ഉച്ചയ്ക്ക് 12 മണിക്കായിരുന്നു. ഉച്ചയ്ക്ക് 12 മണിക്ക് ആര് വന്ന് സിനിമ കാണാനാണ്. പക്ഷെ, ആ 12 മണി സമയത്തും ആളുകൾ വന്ന് കണ്ടു. അതുകൊണ്ട് 35 തിയേറ്റർ എന്നത് 85 ലേക്ക് കടന്നു. ഒരാഴ്ച എന്നത് അഞ്ചാമത്തെ ആഴ്ചയിലേക്ക് കടന്നു. കേരളത്തിൽ പല തിയേറ്ററിലും ഹൗസ്ഫുള്ളായിട്ടാണ് ചിത്രം പ്രദർശനം തുടരുന്നത്.

### 3. ഈ സിനിമ അങ്ങേയ്ക്കുനല്കിയ അനുഭവം?

ഞാൻ 25 രാജ്യങ്ങളിൽ പല വിഷയങ്ങളിൽ ഡോക്യുമെന്ററി ചെയ്തിട്ടുണ്ടെങ്കിലും ഈ വിഷയവും ഇതിന്റെ നിർമ്മാണവും എന്റെ ഹൃദയത്തെ വളരെയധികം സ്പർശിച്ചു. കാരണം 2016 ൽ തുടങ്ങിയതാണ് ഇതിന്റെ ഇതിവൃത്തം തയ്യാറാക്കുന്നതിനായി സിസ്റ്റർ റാണി മരിയ ജീവിച്ച് മരിച്ച സ്ഥലങ്ങളിലൂടെയുള്ള യാത്ര. ആ യാത്ര എന്നുപറയുന്നത് ആ വ്യക്തികളുമായുള്ള ഇടപഴകൽ, കൂടിക്കാഴ്ച, അവരുടെ അനുഭവങ്ങൾ. അങ്ങനെ ശേഖരിച്ച വിവരങ്ങളിൽ നിന്ന് രൂപപ്പെടുത്തിയതാണ് ഇതിന്റെ തിരക്കഥ. ഈ സിനിമയും അതിനായുള്ള യാത്രകളും എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.



**ഒരു കന്യാസ്ത്രീ സ്വന്തം നാടും വീടും ഒക്കെ ഉപേക്ഷിച്ച് സ്വന്തം ഭാഷയോ സുഹൃത്തുക്കളോ ബന്ധുക്കളോ ഒന്നും ഇല്ലാത്ത സ്ഥലത്തുപോയി മറ്റുള്ളവർക്ക് വേണ്ടി ജീവിതം സമർപ്പിക്കുന്നു, രക്തസാക്ഷിയാകുന്നു. ഇതിനെക്കാളെല്ലാമുപരി സി. റാണി മരിയയുടെ മതമായ നമ്മുടെ ക്രിസ്തീയതയുടെ അടിസ്ഥാന തൂണായ മറ്റുള്ളവരോട് ക്ഷമിക്കുവാനുള്ള മനസ്സ്, അതിൽ അടിയുറച്ചതാണ് ഈ കഥ.**

പലപ്പോഴും നടക്കില്ല എന്നു കരുതുന്ന കാര്യങ്ങൾ ദൈവം നടത്തിത്തന്നിട്ടുണ്ട്. ഒന്നോ രണ്ടോ തവണ ഈ സിനിമ നിർത്തിവെച്ചതാണ്. സാമ്പത്തികമായും മറ്റും ഇത് മുന്നോട്ട് പോകുമോ എന്നതിൽ വളരെ സംശയമുണ്ടായിരുന്നു. പക്ഷെ അവിടെയെല്ലാം ദൈവാനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണ്

www.malankaralibrary.com

**ഇത് ഒരു മതത്തിന്റെ സിനിമയായി ട്ടല്ല മാറുന്നത്. മറിച്ച് ഒരു സമൂഹ ത്തിന്റെ സിനിമയായി മാറുകയാണ് ചെയ്തത്. അതുകൊണ്ടായിരിക്കാം 35 തിയേറ്ററുകളിൽ നിന്ന് 85 തിയേറ്ററുകളിലേക്കും ജനങ്ങളുടെ ആവശ്യപ്രകാരം ഒന്നാം വാരത്തിനു ശേഷം രണ്ടാം വാരം, മൂന്നാം വാരം വരെ പോയിക്കൊണ്ടിരിക്കുന്നത്.**

മുന്നോട്ട് പോകാൻ സാധിച്ചത്. ഈ സിനിമയുടെ ഇതുവരെയുള്ള നടത്തിപ്പിന് പ്രത്യാശയും പ്രതീക്ഷയും ഒക്കെ തന്നത് സിസ്റ്റർ റാണി മരിയയുടെ പ്രത്യേകമായ മാദ്ധ്യസ്ഥമാണ്.

### 4. നായിക കഥാപാത്രമായി വിൻസി അലോഷ്യസിലേക്ക് എത്താനുള്ള കാരണം?

എനിക്ക് നിർബന്ധമായിരുന്ന ഒന്ന് ഈ കഥാപാത്രത്തിന് യോജിച്ച മുഖമുള്ള ആളാവണം എന്നതായിരുന്നു. ഒരാളെപ്പറ്റി പറയുമ്പോൾ ഉദാ: ഗാന്ധിജിയെപ്പറ്റി പറയുമ്പോൾ ഗാന്ധിജിയുടെ മുഖഭാവം ആ അഭിനേതാവിൽനിന്ന് നാം പ്രതീക്ഷിക്കുന്നുണ്ട്. അതുപോലെതന്നെയാണ് വിൻസിയെ സംബന്ധിച്ചും. സിസ്റ്റർ റാണി മരിയയുടെ മുഖവുമായി സാമ്യം. അതേ പൊക്കം, അതേ വണ്ണം വിൻസിയുടെ രൂപത്തിലുണ്ടായിരുന്നു. വിൻസിക്ക് അത്ര പ്രായമില്ലെങ്കിൽക്കൂടി മേക്കപ്പിലൂടെ അത് ചെയ്തെടുക്കേണ്ടി വന്നു. ആ പ്രായത്തിലേക്ക് കൊണ്ടുവരേണ്ടി വന്നു. അതുമാത്രമല്ല അഭിനയ ശൈലി, കന്യാസ്ത്രീയായി ഉടുപ്പിട്ടു കഴിഞ്ഞാൽ മുഖത്ത് വരുന്ന വികാരങ്ങളും വിചാരങ്ങളും മാത്രമാണ് കാണുന്ന പ്രേക്ഷകന് സ്വീകരിക്കാൻ സാധിക്കൂ. വിൻസി വളരെ കഴിവുള്ള അഭിനേത്രിയാണ്. വിൻസിയെക്കൊണ്ട് ഒന്ന് രണ്ട് സീനുകളൊക്കെ ചെയ്യിച്ചു നോക്കിയപ്പോൾ അവയൊക്കെ വളരെ പൂർണ്ണതയോടെ ചെയ്തു. അങ്ങനെയാണ് വിൻസിയെ തീരുമാനിച്ചത്.

### 5. സിനിമയുടെ വിജയത്തെ എങ്ങനെ നോക്കിക്കാണുന്നു?

ഈ സിനിമ ഒരു വിജയമാക്കിയത് നമ്മുടെ ക്രിസ്ത്യൻ സമുദായത്തിലെ, അല്ലെങ്കിൽ ഈ വിഷയവുമായി ബന്ധമുള്ള നാമോരോരുത്തരും ആണ്. ഈ സിനിമ തിയേറ്ററിൽ വന്നപ്പോൾ ആദ്യത്തെ ദിവസംതന്നെ എല്ലാവരും വളരെ ചെറിയ സിനിമ, എന്തിന് വരുന്നു എന്നത് ചോദ്യചിഹ്നമായിരുന്നു. പക്ഷെ ആദ്യ ഷോയിൽ കയറി കണ്ടവർ, അവരാണ് മറ്റുള്ളവരെ ഈ തിയേറ്ററിലേക്ക് എത്തിച്ചത്. അതുപോലെ സിനിമ കണ്ടവർ ആരുംതന്നെ സിനിമയെപ്പറ്റി മോശമായ ഒരു വാക്കോ ഒന്നുംതന്നെ പറഞ്ഞിട്ടില്ല. ഇത് ഒരു മതത്തിന്റെ സിനിമയായിട്ടല്ല മാറുന്നത്. മറിച്ച് ഒരു സമൂഹത്തിന്റെ സിനിമയായി മാറുക



www.malankaralibrary.com

യാണ് ചെയ്തത്. അതുകൊണ്ടായിരിക്കാം 35 തിയേറ്ററുകളിൽ നിന്ന് 85 തിയേറ്ററുകളിലേക്കും ജനങ്ങളുടെ ആവശ്യപ്രകാരം ഒന്നാം വാരത്തിനുശേഷം രണ്ടാംവാരം, മൂന്നാംവാരം വരെ പോയിക്കൊണ്ടിരിക്കുന്നത്. ഈ കാലഘട്ടത്തിൽ ക്വാളിറ്റി ഒരാൾ രുചിച്ച് അറിഞ്ഞു കഴിഞ്ഞാൽ അദ്ദേഹം ആ ക്വാളിറ്റിയിലേക്ക് പോകും. സിസ്റ്റർ റാണിമരിയയുടെ ഈ സിനിമയിൽ നല്ലൊരു കഥയുണ്ട്. ഇതിലെ ആർട്ടിസ്റ്റുകളായാലും വളരെ പ്രഗത്ഭരാണ്. 16 സംസ്ഥാനങ്ങളിൽ നിന്നുള്ള 150 ൽ പരം കലാകാരന്മാരാണ് ഈ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നത്. ക്യാമറാമാൻ മഹേഷ്



അനെ ഷാരൂഖ് ഖാന്റെ പ്രിയപ്പെട്ട ക്യാമറാമാനാണ്. നാഷണൽ അവാർഡ് ജേതാവാണ്. കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ വരികൾക്ക് സംഗീതം ചെയ്തിരിക്കുന്നത് പ്രശസ്ത സംഗീത സംവിധായകൻ അൽഫോൻസ് ജോസഫാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ഗായകരായ കെ.എസ്.ചിത്രയും ഹരിഹരനും കൈലാഷ് ഖേറും ആണ് ഇതിലെ ഗാനങ്ങളെ അനശ്വരമാക്കുന്നത്. ബേബിച്ചൻ എർത്തയിൽ എഴുതിയ' പുല്ലുവഴിയിൽ നിന്നും പുണ്യവഴിയിലേക്ക്', 'ഉദയനഗറിലെ സുകൃതതാരകം' എന്നീ കൃതികളിൽ നിന്നുമാണ് സിനിമയ്ക്കുള്ള ആശയം ലഭിച്ചത്. അതൊരു മനോഹരമായ തിരക്കഥയാക്കി മാറ്റിയത് ശ്രീ. ജയ്പാൽ അനന്തനാണ്. ട്രൈലൈറ്റ് ക്രിയേഷൻസിന്റെ ബാനറിൽ സാന്ദ്ര ഡിസൂസ റാണയാണ് ചിത്രത്തിന്റെ നിർമ്മാണം. ഈ സിനിമയുടെ എഡിറ്റിംഗ് നിർവ്വഹിച്ചിരിക്കുന്നത് 120 ലധികം സിനിമകളുടെ എഡിറ്റിംഗ് ചെയ്ത രഞ്ജൻ എബ്രഹാമാണ്. നാഷണൽ അവാർഡ് ജേതാവായ എൻ.ഹരികുമാർ നായരാണ് സൗണ്ട് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ മൂല്യമുള്ള വ്യക്തികളുടെ സേവനമാണ് ഈ സിനിമയെ ജനങ്ങളിലെത്തിക്കാൻ സഹായിച്ചത്. കേരളത്തിലെ മുൻനിര നിർമ്മാതാക്കളായ സെൻട്രൽ പിക്ച്ചേഴ്സാണ് സിനിമ തിയേറ്ററിൽ എത്തിച്ചിരിക്കുന്നത്. അവരുടെ സഹായവും സഹകരണവും എപ്പോഴും ഉണ്ടായിരുന്നു. മലയാളം, ഹിന്ദി, സ്പാനിഷ്, ഫ്രഞ്ച് എന്നീ ഭാഷകളിലായി നിർമ്മിച്ച ചിത്രം മഹാരാഷ്ട്രയിലെ ലോണവാലയിലും സിസ്റ്റർ റാണി മരിയയുടെ ജന്മനാടായ പുല്ലുവഴിയിലും കർമ്മഭൂമിയായ ഇൻഡോറിലുമായിട്ടാണ് ചിത്രീകരണം പൂർത്തിയാക്കിയത്. തിയറ്ററിൽ പോയി കണ്ട ഓരോരുത്തരും ഇതിനെ പ്രോത്സാഹിപ്പിക്കുകയും മറ്റുള്ളവരെ തിയേറ്ററിലേക്ക് കൊണ്ടുവരാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

●

## കവിത

# "കണ്ണീരിൻ പാതയതിലുമെന്നെ..."



**സ്വരാജ് പോൾ**

"കഷ്ടങ്ങളാൽ പൂർണനായ് തീർന്നവനാം
കാരുണ്യനേ നീ എൻ സഖിയല്ലോ?
കണ്ണീരിൻ പാതയതിലുമെന്നെ
കൺമണി പോലെ നീ കാക്കേണമേ
എൻ യേശുവേ, എൻ ആത്മനങ്കൂരമേ,
എൻ ആശയും എൻ ആശ്വാസവും
നീ മാത്രം തന്നെ.
നിന്നോടൊത്തെന്നെന്നും നടന്നിടേണം
നിന്നിഷ്ടം പൂർണ്ണമായ് ചെയ്തിടേണം
നിന്നോടുകൂടെന്നും വസിച്ചിടേണം
വിളിച്ചെല്ലോ എന്നെയും അൻപാലെ നാഥാ
വിശ്വസ്തനായ് നിൻ വേല ചെയ്‌വാൻ
എൻ യേശുവേ, എൻ ആത്മനങ്കൂരമേ,
എൻ ആശയും എൻ ആശ്വാസവും
നീ മാത്രം തന്നെ."

●

www.malankaralibrary.com



## "ദ ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ്സ്" –

# ദൈവികപദ്ധതിയുടെ ഭാഗം



**ബേബിച്ചൻ ഏർത്തയിൽ**

**1995** ഫെബ്രുവരി 25 ന് ഉള്ളുലയ്ക്കുന്ന ആ രക്തസാക്ഷിത്വത്തിന്റെ വാർത്ത, അടുത്ത ദിവസങ്ങളിലെ വർത്തമാനപ്പത്രങ്ങളിൽ അക്ഷരഖനികളായി നിരന്നപ്പോൾ മുതൽ സിസ്റ്റർ റാണിമരിയ, ലേഖകന്റെ ഹൃദയത്തിൽ കുടിയേറി സ്ഥിരപ്രതിഷ്ഠ നേടി. പുഞ്ചിരിക്കുന്ന ആ നിഷ്കളങ്ക മുഖം 28 വർഷങ്ങൾക്കു ശേഷം ഇന്നും മനസ്സിൽ നിന്നും മാഞ്ഞിട്ടില്ല. സിസ്റ്റർ റാണിമരിയയുടെ 21 വർഷത്തെ പാവങ്ങളോടുള്ള കരുണയും കരുതലും മിഷൻ പ്രവർത്തനങ്ങളും വീരോചിതമായ ജീവിതവിശുദ്ധിയും ആരെയുമാകർഷിക്കുന്ന വ്യക്തിത്വവും മനസ്സിലിരുത്തി, പുണ്യജീവിതം നയിച്ച റാണിമരിയയോട് ആദ്യമായി മലയാളത്തിൽ ഒരു മദ്ധ്യസ്ഥപ്രാർത്ഥന എഴുതി, പത്താം ക്ലാസ്സിൽ പരീക്ഷയ്ക്കൊരുങ്ങിയ മകൾക്കു നൽകി മികച്ച വിജയത്തിന് റാണിമരിയയോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഒരു കോപ്പി സിസ്റ്റർ ലിറ്റി വഴി കാഞ്ഞിരപ്പള്ളി എഫ്.സി.സി. പ്രൊവിൻഷ്യാളമ്മക്കും കൈമാറി. അവർ ഈ പ്രാർത്ഥനയുടെ കോപ്പികളെടുത്ത് ഇൻഡോർ മഠത്തിലും ജനറാളമ്മക്കും ഇൻഡോർ ബിഷപ്പിനുമൊക്കെ അയച്ചുകൊടുത്തു. അടുത്ത ദിവസങ്ങളിൽ ഇവിടങ്ങളിൽനിന്നെല്ലാം, തികഞ്ഞ


www.malankaralibrary.com


*സിസ്റ്റർ റാണി മരിയയുടെ ഘാതകൻ സമുന്ദർസിംങ് പുല്ലുവഴിയിലുള്ള സിസ്റ്ററിന്റെ ഭവനത്തിൽ എത്തിയപ്പോൾ – ലേഖകൻ ബേബിച്ചൻ സമീപം*

ആശ്ചര്യവും അത്ഭുതവും സന്തോഷവും നിറഞ്ഞ കത്തുകൾ എനിക്കു വന്നു തുടങ്ങി. ഇൻഡോർ ബിഷപ്പ് ആനാത്തിൽ പിതാവിന്റെ കത്തിൽ, ഈ പ്രാർത്ഥന വളരെ ഇഷ്ടപ്പെട്ടുവെന്നും ഇംഗ്ലീഷിലും ഹിന്ദിയിലും തർജ്ജമ ചെയ്തു മറ്റുള്ളവർക്കു നൽകുമെന്നും അറിയിച്ചപ്പോൾ റാണി മരിയയെക്കുറിച്ചുള്ള എന്റെ ബോദ്ധ്യം ദൃഢപ്പെട്ടു. സിസ്റ്ററിന്റെ സഹനജീവിതത്തെക്കുറിച്ച് ആഴമായി പഠിക്കാൻ തുടങ്ങി. ഇൻഡോറിലും ഭോപ്പാലിലും ബിജ്നോറിലും പുല്ലുവഴിയിലും റാണി മരിയ മിഷൻ സേവനം ചെയ്തിരുന്ന കേന്ദ്രങ്ങളിലുമെല്ലാം ചുറ്റിസഞ്ചരിച്ചു. ഭോപ്പാൽ പ്രൊവിൻഷ്യൽ സി. സ്റ്റാർളിയും മറ്റു നിരവധി സിസ്റ്റർമാരുമായി ബന്ധപ്പെട്ടു വിവരങ്ങൾ മനസിലാക്കി. എല്ലാവരെയും സഹായിക്കുന്ന സാഹസികധീരതയും നിശ്ചയദാർഢ്യവും മിഷണറിയെന്ന നിലയിൽ നിരന്തര പ്രാർത്ഥനയും പ്രവർത്തനവും കോർത്തിണക്കി, സി. റാണി മരിയക്ക് – പാവങ്ങളുടെ അമ്മ, പുഞ്ചിരിക്കുന്ന സിസ്റ്റർ, സാധുക്കളുടെ അത്താണി, ഗ്രാമങ്ങളിലെ ദരിദ്രരുടെ കാണപ്പെട്ട ദൈവം, ബിജ്നോർ റാണി, ഇൻഡോർ റാണി തുടങ്ങിയ നിരവധി വിശേഷണങ്ങൾ കൊണ്ട് ജനങ്ങളുടെ ആദരവ് നേടിയപ്പോൾ ഈ സിസ്റ്റർ എന്റെ മനസ്സിലും വലിയ ചലനങ്ങൾ സൃഷ്ടിച്ചു. സിസ്റ്ററിനെക്കുറിച്ച് ലേഖനങ്ങളും ഫീച്ചറുകളും എഴുതാൻ തുടങ്ങി. മദ്ധ്യസ്ഥപ്രാർത്ഥനയുടെ ആയിരക്കണക്കിനു കോപ്പികൾ അച്ചടിപ്പിച്ചു വിതരണം ചെയ്തു. കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ മാത്യു അറയ്ക്കൽ പിതാവ് പ്രാർത്ഥനയ്ക്ക് അംഗീകാരം നൽകി, പ്രോത്സാഹിപ്പിച്ചു. "പുല്ലുവഴിയിൽനിന്നും പുണ്യവഴിയിലേക്ക്" – എന്ന കേരളത്തിൽ മലയാളത്തിലെ ആദ്യത്തെ ജീവചരിത്രഗ്രന്ഥം, കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നും പ്രസിദ്ധീകരിച്ചത് ഏവർക്കും സ്വീകാര്യമായി. ഭരണങ്ങാനം പള്ളിയിൽ അഭിവന്ദ്യ അറയ്ക്കൽ പിതാവിന്റെ കുർബാനക്കുശേഷം, പാല ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കാശ്മീർ ബിഷപ്പ് ഹിപ്പോളിറ്റസ് കുന്നുങ്കൽ പിതാവിനു നൽകിക്കൊണ്ട് ഈ ഗ്രന്ഥം പ്രകാശനം ചെയ്തതും ചടങ്ങിൽ 300–ൽ പരം സിസ്റ്റേഴ്സും 100–ൽ പരം വൈദികരും അത്മായരും പങ്കെടുത്തതും ചരിത്രം.

തുടർന്ന് "ഇൻഡോർ റാണി", "ദൈവദാസി സി. റാണി മരിയ", "ഉദയനഗറിലെ സുകൃതതാരകം" എന്നീ ഗ്രന്ഥങ്ങളും എഴുതി പ്രസിദ്ധീകരിച്ചു.

ശാലോം ടിവി ആദ്യമായി "ഇൻഡോർ റാണി" എന്ന പേരിൽ ഒന്നരമണിക്കൂർ ദൈർഘ്യ

www.malankaralibrary.com




മുള്ള ഡോക്യുമെന്ററി ഫിലിം പ്രക്ഷേപണം ചെയ്തതിന്റെ പിന്നിലും സജീവമായി പ്രവർത്തിച്ചു. റാണി മരിയയുടെ ഫോട്ടോ ഉൾപ്പെടുത്തി രണ്ടായിരത്തി അഞ്ഞൂറു കലണ്ടറുകൾ അച്ചടപ്പിച്ചു വിതരണം ചെയ്തു. റാണി മരിയ ഫൗണ്ടേഷനു തുടക്കം കുറിച്ചു.

റാണി മരിയയുടെ ജീവിതമഹത്വവും സാക്ഷ്യവും ലോകം മുഴുവനറിയണമെന്ന ഉൽക്കടമായ ആഗ്രഹം മാത്രമാണ് ഇതിനെല്ലാം എന്നെ പ്രേരിപ്പിച്ചത്. ക്രൂരനായ കൊലയാളി സമുന്ദർ സിംഗിനെ ആദ്യമായി പുല്ലുവഴിയിലെ റാണി മരിയയുടെ വട്ടാലിൽ കുടുംബത്തിൽ മാതാപിതാക്കളുടെ മുമ്പിലെത്തിക്കാനുള്ള ദൗത്യവും എനിക്കു ലഭിച്ച ഭാഗ്യമാണ്. അന്നു ഞാനെടുപ്പിച്ച ഫോട്ടോകളാണ് ഇന്നും മാധ്യമങ്ങളിൽ കാണപ്പെടുന്നത്. ശാലോം ടി.വി. പ്രക്ഷേപണം ചെയ്ത പ്രസിദ്ധമായ ഡോക്യുമെന്ററിക്കു തുടക്കം കുറിച്ചതും മറ്റാരുമല്ല. സി. റാണി മരിയയുടെ അനുജത്തി സി. സെൽമിയുമായും കുടുംബാംഗങ്ങളുമായും ഇന്നും ബന്ധം നിലനിർത്തുന്നു.

സിസ്റ്ററിനെക്കുറിച്ച് അറുപതിൽപരം ലേഖനങ്ങളെഴുതാനും അതുവഴി ലോകമറിയുവാനും ദൈവം എന്നെ നിയോഗിച്ചു എന്നു പൂർണ്ണമായും വിശ്വസിക്കുന്നു. ദരിദ്രരുടെ കൈപിടിച്ച് സ്നേഹത്തിന്റെ ചിറകുകളിലൂടെ സമാധാനത്തിലേക്ക് അവരെ നയിച്ച സി. റാണി മരിയ യേശുവചനങ്ങൾ കർമ്മപഥത്തിലെത്തിച്ച സ്നേഹ സമ്പന്നയായിരുന്നു. സമഗ്രവിമോചകനായ യേശുക്രിസ്തുവിനെ ദരിദ്രരുടെയിടയിൽ അവതരിപ്പിച്ചു. അവരിൽ ആദ്ധ്യാത്മികതയും ശാന്തിയും മാനസിക സന്തുഷ്ടിയും ഭൗതിക നേട്ടങ്ങളുമുണ്ടാകുന്നതിനും, ആ വിശിഷ്ട ജീവിതം സമർപ്പിച്ചു.

റാണി മരിയയുടെ ജീവനെടുത്ത കൊലയാളിയെ മകനായ്, സഹോദരനായ് സ്വീകരിച്ചുകൊണ്ട് കുടുംബാംഗങ്ങൾ രചിച്ച അവിശ്വസനീയമായ സ്നേഹത്തിന്റെ വിപ്ലവഗാഥ, ചരിത്രത്തിനു പുതിയ മാനം പകരുന്നു. ഇപ്പോഴിതാ കാൽനൂറ്റാണ്ടുകൾക്കു മുമ്പു മുതൽ എഴുതിയ എന്റെ രചനകളിൽ നിന്നും ആശയവും പ്രചോദനവുമുൾക്കൊണ്ട്, സി. റാണി മരിയയുടെ സഹനത്തിന്റെയും പരിത്യാഗത്തിന്റെയും അവസാനം അവിശ്വസനീയമായ ക്ഷമയുടെയും സ്നേഹത്തിന്റെയും കഥയായി "ദ ഫെയ്സ് ഓഫ് ദ ഫെയ്സ്ലെസ്സ്" - എന്ന മഹനീയവും അതുല്യവുമായ ചലച്ചിത്രം ഹിന്ദി, മലയാളം, ഇംഗ്ലീഷ്, സ്പാനിഷ്, ഫ്രഞ്ച്, തമിഴ്, തെലുങ്ക് ഭാഷകളിൽ വെള്ളിത്തിരയിലെത്തിയിരിക്കുന്നു. ഇന്ന് 85 ഓളം തിയറ്ററുകളിൽ അഞ്ചാം വാരം നിറഞ്ഞ സദസ്സിൽ പ്രദർശനം തുടരുന്നു. മഹാകാരുണ്യത്തിന്റെ ഇതിഹാസമായ് ഹൃദയങ്ങളിൽ സ്വീകരിച്ച പ്രേക്ഷകലക്ഷങ്ങൾ ഒന്നടങ്കം പറയുന്നു, ഇതാ ഒരു "സൂപ്പർഹിറ്റ് ചലച്ചിത്രം". ചരിത്രത്തിലാദ്യമായി വത്തിക്കാനിൽ ഒരു മലയാള ചിത്രത്തിന്റെ പ്രദർശനത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ പങ്കെടുക്കുന്നു.

ജനമനസ്സും ഹൃദയവും കണ്ണീരു നിറച്ച് ഹൃദയഹാരിയായ ഈ നവചിത്രം കണ്ട് തൃപ്തിയടയുന്നു. നിറഞ്ഞ ചർച്ചകളാകുന്നു. മുഖമില്ലാത്തവരുടെ മുഖമായി മലയാളത്തിൽ നിന്നും ഈ അന്തർദേശീയ ഫിലിം 40 ൽ പരം ഇന്റർനാഷണൽ അവാർഡുകൾക്ക് തെരഞ്ഞെടുക്കപ്പെട്ടതും ചരിത്ര സംഭവം. ഭാരതത്തിലെ ആദ്യത്തെ വാഴ്ത്തപ്പെട്ട രക്തസാക്ഷി റാണിമരിയയുടെ പ്രൈ സ്റ്റോറി എഴുതാൻ ദൈവാനുഗ്രഹം ലഭിച്ചതു പോലെതന്നെ, ചിത്രത്തിന്റെ ഭാഗമാകാൻ കഴിഞ്ഞവരും ദൈവികപദ്ധതിയുടെ ഭാഗമായി വന്നവരാണ്, സംവിധായകൻ ഡോ. ഷൈസൻ പി. ഔസേപ്പും പ്രൊഡ്യൂസർ ഡോ. സാന്ദ്ര ഡിസൂസ റാണയുമെല്ലാം. 2022 ലെ മികച്ച നടിക്കുള്ള സംസ്ഥാന അവാർഡ് നേടിയ വിൻസി അലോഷ്യസ് റാണി മരിയയായി അഭ്രപാളികളിൽ ജീവിക്കുന്നു. 16 ൽപരം സംസ്ഥാനങ്ങളിൽ നിന്നുള്ള 150 ൽ പരം കലാകാരന്മാർ ചിത്രത്തിൽ വേഷമിട്ടിരിക്കുന്നു.

www.malankaralibrary.com

# ഉണ്ണീശോയെ ഒരുക്കാം

കൊച്ചുകൂട്ടുകാരേ, ക്രിസ്തുമസ് എത്തിയല്ലോ! ഈ വർഷവും നമുക്ക് ഒരു പുൽക്കൂടൊരുക്കേണ്ടേ? നിങ്ങൾ നിറം കൊടുക്കുന്ന ചിത്രങ്ങൾ മറക്കാതെ താഴെ കാണുന്ന വിലാസത്തിലോ വാട്സ്ആപ്പ് നമ്പറിലോ അയച്ചുതരുക. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ കാത്തിരിക്കുന്നു.

**ചീഫ് എഡിറ്റർ, ഐക്യദീപം, സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല – 689 101. പത്തനംതിട്ട**



***നിർദ്ദേശങ്ങൾ :*** *♦ ക്രയോൺസ്/കളർ പെൻസിൽ ഉപയോഗിക്കുക.*
*♦ വാട്സ്ആപ്പിൽ അയയ്ക്കുമ്പോൾ (9495734018) ചിത്രത്തിന് തെളിച്ചം ഉണ്ടായിരിക്കണം. ചിത്രം അടങ്ങുന്ന പേജ് പൂർണമായും അയച്ചു തരുക. ♦ 1 മുതൽ 5 വരെ സണ്ടേസ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കായിരിക്കും മത്സരം.* ♦ 2024 ജനുവരി 20 ന് മുമ്പായി അയച്ചുതരുക.

*പേര്* :............................................................ *ഇടവക* : ............................................................

*ക്ലാസ്* : ............................................................ *ഫോൺ നമ്പർ* : ............................................................

www.malankaralibrary.com



# സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ആശ്വാസഗീതങ്ങൾ



റവ. ഡോ. മാത്യു ഡാനിയൽ

'എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണി തന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെന്റെ ഉള്ളം ചൊല്ലുന്നു...'

കേരളത്തിലെ ക്രൈസ്തവരുടെ ഹൃദയങ്ങളിൽ ഈ ഗീതം കുടിയിരിക്കുവാൻ തുടങ്ങിയിട്ടു ദശാബ്ദങ്ങൾ കഴിഞ്ഞു. ദുർനിവാരദുഃഖത്തിന്റെയും ഏകാന്തതയുടെയും അന്ധകാരയാമങ്ങളിൽ, ആശ്വാസത്തിന്റെ പ്രകാശധാര ചൊരിയുന്ന ഈ ഗാനം സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ *ആശ്വാസഗീതങ്ങളിൽ*നിന്ന് ഉദ്ധരിച്ചതാണ്.

## പ്രേഷിതചരിത്രത്തിലെ യുഗപുരുഷൻ

ആശ്വാസഗീതങ്ങൾ സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ജീവിതവുമായി, ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിലെ പ്രേഷിതപ്രവർത്തനചരിത്രത്തിലെ ഒരു യുഗപുരുഷനായ അദ്ദേഹം 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തെ പ്രകാശമാനമാക്കുകയുണ്ടായി. സാധുവിന്റെ ജനനംകൊണ്ട് അനുഗൃഹീതമായത് ആദ്ധ്യാത്മിക സംസ്കാരത്തിന്റെ തീരഭൂമിയായ ഇടയാറന്മുള ഗ്രാമത്തിലെ മൂത്താമ്പാക്കൽ തറവാടാണ്. 1883 വൃശ്ചികം 23-ാം തീയതിയായിരുന്നു അദ്ദേഹത്തിന്റെ ജനനം. സൗമ്യനും നിർമ്മലഹൃദയനുമായ ഇട്ടിയും ദൈവഭക്തയായ മറിയാമ്മയുമായിരുന്നു മാതാപിതാക്കൾ. ആറു സഹോദരിമാർക്കുശേഷമുണ്ടായ പുരുഷസന്താനമാകയാൽ, മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും വാത്സല്യഭാജനമായി വളർന്നു. സാധു കൊച്ചുകുഞ്ഞ് ഉപദേശിക്ക് പ്രാഥമിക വിദ്യാഭ്യാസമേ ലഭിച്ചിരുന്നുള്ളു. ഭക്തനായ കുന്നുംപുറത്ത് കെ.വി. ചെറിയാൻ സാറായിരുന്നു കൊച്ചുകുഞ്ഞിന്റെ പ്രധാന ഗുരു. മാതാവിന്റെ നിര്യാണവും, തുടർന്നു പിതാവിന്റെ വേർപാടും കുടുംബഭാരം പേറുവാൻ അദ്ദേഹത്തിനെ ചെറുപ്പത്തിൽതന്നെ നിർബന്ധിതനാക്കി. കൃഷിയായിരുന്നു പ്രധാന ജീവിതമാർഗ്ഗം; ഇടയ്ക്കു കച്ചവടത്തിലും ഏർപ്പെട്ടു. ബാല്യംമുതൽ തന്നെ അരുമനാഥനുവേണ്ടി ജീവിതമർപ്പിച്ച കൊച്ചുകുഞ്ഞ് കൃഷിയും കച്ചവടവുംകൊണ്ടു തൃപ്തനാകാതെ ആത്മീയപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു.

www.malankaralibrary.com



## കണ്ണുനീരിന്റെ താഴ്‌വരയിൽ

കൊച്ചുകുഞ്ഞിന്റെ ജീവിതം കടുത്ത പരീക്ഷണങ്ങളുടെയും സംഘർഷങ്ങളുടെയും തീച്ചൂളയാകുവാൻ അധികം വൈകിയില്ല. കുടുംബഭാരവും അദ്ധ്വാനത്തിന്റെ ക്ഷീണവും ഒരു വശത്ത്; സുവിശേഷത്തിനുവേണ്ടിയുള്ള വെമ്പലും വേദനയും മറുവശത്ത്. ശാരീരികപീഡനവും മാനസികവേദനയും സാമ്പത്തികക്ലേശവും ആ ജീവിതത്തെ ഏറെ ഞെരുക്കി. പ്രിയമകന്റെ അകാലത്തിലുള്ള മരണം ഏറെ തളർത്തി. കണ്ണുനീരിന്റെ ദിനങ്ങൾ (ബാഖായുടെ ദിനങ്ങൾ) എന്നാണ് ആ ഘട്ടത്തെ സാധു വിശേഷിപ്പിച്ചിട്ടുള്ളത്. ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ദിനങ്ങൾ. വേദപുസ്തകധ്യാനവും പ്രാർത്ഥനയുമായി ഭോജ്യപേയങ്ങൾ. ഈ ഏകാന്തതയുടെ നിലവറ ദിവ്യദർശനങ്ങളുടെ ഈറ്റില്ലമായി പരിണമിച്ചു. ദൈവഹിതത്തിനു മുമ്പിൽ പൂർണ്ണവിധേയത്വത്തോടെ, സുവിശേഷപ്രവർത്തനത്തിനായി സ്വയം സമർപ്പിതനായി.

ഋഷിയുടെ ജീവിതനിഷ്ഠകൾ സാധു സ്വയം വരിച്ചു. മൂന്നു ദശവർഷക്കാലം വിശ്രമമില്ലാതെ, സുവിശേഷ പ്രവർത്തനത്തിൽ വ്യാപൃതനായി. കേരളത്തിൽ അങ്ങോളമിങ്ങോളം മാത്രമല്ല, തമിഴ്നാട്ടിലും സിലോണിലുമെല്ലാം സഞ്ചരിച്ചു. മലങ്കരസഭയുടെ ആത്മീയ ഉണർവ്വിന്റെ ഘട്ടമായിരുന്നു അത്. പ്രസംഗവേദികളിൽ മാത്രം സാധുകൊച്ചുകുഞ്ഞിന്റെ പ്രേഷിതപ്രവർത്തനം ഒതുങ്ങിനിന്നില്ല. സാമൂഹിക പരിവർത്തനം ലക്ഷ്യമാക്കി പ്രസ്ഥാനങ്ങൾക്കു രൂപം നൽകി. പുസ്തകങ്ങളിലൂടെയും ലഘുപത്രികകളിലൂടെയും കാലോചിതമായ പ്രബോധനങ്ങൾ നൽകി സമൂഹമനഃസാക്ഷി ഉണർത്തി. അശരണരെയും ആലംബഹീനരെയും സംരക്ഷിക്കാനുള്ള സ്ഥാപനങ്ങൾ ആരംഭിച്ചു. അക്ഷീണമായ പരിശ്രമത്തിന്റെ പരിസമാപ്തിയായിരുന്നു, സാധുവിന്റെ ജീവിതസായാഹ്നം. കൊ.വ. 1121 വൃശ്ചികം 15 വെള്ളിയാഴ്ച സാധു കൊച്ചുകുഞ്ഞ് ഉപദേശി നിത്യസ്വസ്ഥതയിലേക്കു പ്രവേശിച്ചു. സാധുവിന്റെ നിർദ്ദേശപ്രകാരം, കബറിടത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

'ഇടയാറന്മുള മൂത്താമ്പാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ മൺകൂടാരം. ആത്മാവ് നക്ഷത്രഗോളങ്ങൾക്കപ്പുറം കർത്താവിനെ എതിരേല്പാൻ പോയിരിക്കുന്നു. എന്റെ കർത്താവിന്റെ വരവിൽ, ദിവ്യകൂടിക്കാഴ്ചയിൽ എല്ലാവരുമായി കണ്ടുകൊള്ളാം.'

## അനുഭവത്തിന്റെ ആഴങ്ങളിൽ

ആഴമായ ആത്മീയാനുഭവങ്ങളിൽനിന്ന് ഉറവെടുത്തതാണ്, ഉപദേശിയുടെ ഗാനങ്ങൾ. 'എന്റെ ഏക ആശ്രയമായി, മനസ്സലിവുകളുടെ പിതാവും സർവ്വാശ്വാസത്തിന്റെയും ദൈവവുമായവൻ എളിയവനും

"'ഇടയാറന്മുള മൂത്താമ്പാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ മൺകൂടാരം. ആത്മാവ് നക്ഷത്രഗോളങ്ങൾക്കപ്പുറം കർത്താവിനെ എതിരേല്പാൻ പോയിരിക്കുന്നു. എന്റെ കർത്താവിന്റെ വരവിൽ, ദിവ്യകൂടിക്കാഴ്ചയിൽ എല്ലാവരുമായി കണ്ടുകൊള്ളാം.'"

പരദേശിയുമായ ഈ അടിയന്മേൽ കരളലിഞ്ഞു, ദിവ്യനടത്തിപ്പിൽ അപ്പോഴപ്പോൾ നൽകുന്ന ആശ്വാസദൂതുകളാണ് ഈ പുസ്തകത്തിൽ പ്രസിദ്ധം ചെയ്യുന്നത്. 'ഞാൻ പരദേശിയായി പാർക്കുന്ന ഭവനത്തിൽ നിന്റെ പ്രമാണങ്ങൾ എന്റെ പാട്ടുകളായിരുന്നു' എന്നു പുരാണ സങ്കീർത്തനക്കാരൻ പറയുന്നതുപോലെ അടിയന്റെ ഈ ആശ്വാസഗീതങ്ങൾ, ഉയരത്തിൽനിന്ന് എനിക്കു ലഭിച്ചിട്ടുള്ള പ്രമാണങ്ങളുടെ ഒരു സഞ്ചയവുമാകുന്നു' എന്ന് *ആശ്വാസഗീതങ്ങളുടെ പതിനെട്ടാം പതിപ്പിന്റെ* (1939) മുഖവുരയിൽ കുറിച്ചിരിക്കുന്നത് അർത്ഥവത്താണ്.

മനുഷ്യാത്മാവിനെ സമാശ്വാസത്തിന്റെ സങ്കേതങ്ങളിലേക്കു നയിക്കുന്ന കീർത്തനങ്ങളാണ്, ആശ്വാസഗീതങ്ങളിൽ പ്രസിദ്ധം. സുപ്രസിദ്ധകീർത്തനങ്ങളെല്ലാം തന്നെ, ജീവിതത്തിന്റെ നിർണ്ണായക നിമിഷങ്ങളിൽ പാടിയവയാണ്. ബാഖായുടെ താഴ്‌വരയിൽ കഴിയുന്ന, ആനന്ദനാടിനെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ഒരാത്മാവിന്റെ ഹൃദയത്തുടിപ്പുകളാണ് അവയിൽ മുഴങ്ങിക്കേൾക്കുന്നത്. ലാളിത്യമാണ് ആശ്വാസഗീതങ്ങളുടെ മുഖമുദ്ര. ഭക്തഹൃദയത്തിൽ പകരുന്ന സമാശ്വാസമാണ്, അവയുടെ അന്തർധാര. ആശ്വാസമരുളുന്ന ഗീതങ്ങളിലാണ് സാധുവിന്റെ കാവ്യാത്മക മനസ്സിന്റെ തനിമ തിളങ്ങിനിൽക്കുന്നത്. സമാശ്വാസത്തിന്റെ കുളിരുറവ ചൈതന്യധാരപോലെ അനുവാചകമനസ്സിലേക്ക് ഒഴുകിയെത്തുന്നു.

## ദുഃഖത്തിന്റെ ഗദ്ഗദവും പ്രത്യാശയുടെ ആനന്ദവും

ക്രൈസ്തവജീവിതം മോഹനമാണെങ്കിലും അതിനെ പ്രദീപ്തമാക്കുന്നത് പരലോകപ്രതീക്ഷയാണ്. ഭക്തകവിയായ സാധു കൊച്ചുകുഞ്ഞിന്റെ ഭാവനചിറകു വിടർത്തുന്നത് ആ പരലോകപ്രതീക്ഷയിൽ കണ്ണുനട്ടുകൊണ്ടാണ്. ക്രിസ്തുവിന്റെ പുനഃരാഗമന

www.malankaralibrary.com


ത്തിലുള്ള അചഞ്ചലമായ വിശ്വാസവും പ്രത്യാശയുമാണ് പ്രാപഞ്ചിക ദുരിതങ്ങൾ നിസ്സാരമെന്നു കരുതുന്നതിനു ഭക്തകവിയെ പ്രേരിപ്പിച്ചത്. "ആനന്ദമുണ്ടെനിക്കാനന്ദമുണ്ടെനിക്കേശു മഹാരാജ സന്നിധിയിൽ" എന്നാരംഭിക്കുന്ന പ്രസിദ്ധഗീതമാണ് സാധുവിന്റെ രചനകളിൽ ആദ്യത്തേത്. ഭക്തനെ നിരന്തരം വേട്ടയാടുന്ന ദുരിതാനുഭവങ്ങൾ ഭക്തിഗീതങ്ങളുടെ സാമാന്യപ്രമേയമാകുന്നു. കാലാതിവർത്തിയായ ഗാനങ്ങൾക്കു പിന്നിൽ തീവ്രമായ ഒരു നൊമ്പരത്തിന്റെ അനുഭവമുണ്ടാകും. ഉപദേശിയുടെ പ്രഖ്യാതമായ ഗീതങ്ങളുടെ പിന്നിൽ തീവ്രമായ ദുഃഖാനുഭവങ്ങളാണുള്ളത്.

ജീവിതത്തിൽ അസാധാരണമായ ആത്മസംഘർഷങ്ങളുടെയും നൊമ്പരങ്ങളുടെയും വേള. കടുത്ത ശാരീരിക അസ്വസ്ഥതകൾ, അതിനേക്കാളേറെ മാനസികപീഡകൾ. ഒരു പ്രഭാതത്തിൽ ഉദിച്ചുയരുന്ന സൂര്യന്റെ വെയിൽ കാഞ്ഞ് സാധു തിണ്ണയ്ക്ക് ഇരുന്നപ്പോൾ വിജനമായ പാതയിലൂടെ സ്വന്തത്തിലുള്ള ഒരാൾ നടന്നുവരുന്നത് ദൂരെവച്ചുതന്നെ ശ്രദ്ധയിൽപ്പെട്ടു. തന്നെ സന്ദർശിക്കാനുള്ള വരവായിരിക്കുമെന്ന് കരുതിയെങ്കിലും വീടിനടുത്തെത്തിയപ്പോൾ അയാൾ ശീലക്കുട നിവർത്തി മുഖംമറച്ചു കടന്നുപോയി. തന്റെ ദൈന്യാവസ്ഥ അറിഞ്ഞിട്ടാണല്ലോ കണ്ടിട്ടും കാണാത്തവനെപ്പോലെ കടന്നുപോയത്. സാധുവിന് ബോധ്യമായി, ആരും സഹായമില്ല, എല്ലാവരും കണ്ടും കാണാതെയും പോകുന്നവർ. ആ ഭക്തന്റെ മനസ്സ് ആത്മനാഥനെക്കുറിച്ചുള്ള ചിന്തയിൽ ധൈര്യം അവലംബിച്ചു: 'എനിക്ക് സഹായകനായി വാനിലൊരു ദൈവമുണ്ട്'! പൈതൽ പ്രായം മുതൽ തന്നെ പോറ്റി പുലർത്തിയ സ്വർഗീയ താതന്റെ ദിവ്യപരിപാലനത്തിന്റെ ചിത്രങ്ങൾ ഒന്നൊന്നായി മനസ്സിൽ തെളിഞ്ഞു. സ്വർഗീയ സിംഹാസനത്തിൽ ഇരുന്നരുളുന്ന എന്റെ ദൈവം എന്നിൽ കനിവ് കാട്ടുന്നുവല്ലോ എന്ന് ഓർമ്മിച്ചപ്പോൾ, ഭക്തമനസ്സിൽ നിറഞ്ഞ് തുളുമ്പിയ വരികളാണ്, 'എന്റെ ദൈവം സ്വർഗസിംഹാസനം തന്നിലെന്നിൽ കനിഞ്ഞെന്നെ ഓർത്തീടുന്നു...' എന്നാരംഭിക്കുന്ന അനുഭവതീവ്രമായ ഗാനം.

മറ്റൊരു ഹൃദയസ്പർശകമായ ഗാനത്തിന്റെ പശ്ചാത്തലം ഇങ്ങനെ: അയൽവക്കത്ത് പാർത്തിരുന്ന പിതൃസഹോദരന്റെ മകനും കുടുംബവും നാടുവിട്ട് ഭാര്യവീട്ടിനടുത്തേക്ക് താമസം മാറ്റുന്നു എന്നറിഞ്ഞപ്പോൾ കഠിനമായ ഏകാന്തത സാധുവിന്റെ ഹൃദയത്തെ മഥിച്ചു. പത്മോസ്ദ്വീപിന്റെ അനുഭവത്തിലേക്ക് ദൈവമേ, ഞാൻ എത്തിച്ചേരുകയാണല്ലോ! ഈ ഏകാന്തതയിൽ ആരുണ്ട് തുണയായി? ഭക്തമനസ്സ് സമാശ്വാസത്തിന്റെ തീരത്തണഞ്ഞു. മനസ്സലിവുകളുടെ സ്വർഗീയപിതാവ് കൂടെയുണ്ടെങ്കിൽ സാധുവായ എന്റെ മനസ്സ് എന്തിന് കലങ്ങുന്നു. ആകാശത്തിലെ പറവകളെ പോറ്റുകയും വയലിലെ ലില്ലിപ്പൂക്കളെ ചമയിച്ചെടുക്കുകയും ചെയ്യുന്നവൻ എന്നെ പോറ്റുമെന്ന ചിന്ത മനസ്സിൽ രൂഢമായപ്പോൾ, ഭക്തന്റെ അധരങ്ങൾ മന്ത്രിച്ചു:

'എന്റെ ദൈവം മഹത്ത്വത്തിൽ
ആർദ്രവാനായി ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണിതന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെന്റെ ഉള്ളം ചൊല്ലുന്നു....'

അകാലത്തിൽ മരിച്ചുപോയ മകന്റെ പ്രായക്കാരനെ ഉപദേശിയുടെ ഭാര്യ വിളിച്ചു പറമ്പിൽ കിളപ്പിക്കുന്നതു കണ്ടപ്പോൾ, മകനെക്കുറിച്ചുള്ള സ്മരണയിൽ ആ ഭക്തന്റെ മനസ്സ് വിങ്ങി. വർഷങ്ങൾക്കുമുമ്പ് ദുഃഖത്തിന്റെ പാനപാത്രം കർത്താവ് തന്റെ കരങ്ങളിൽ ഏല്പിച്ച അനുഭവം തീവ്രതരമായി സ്മരണയിൽ ഉണർന്നു. ഒരു പ്രദേശത്തെ യോഗം കഴിഞ്ഞു മടങ്ങിവരുമ്പോൾ, വേദനകൊണ്ട് തിണ്ണയ്ക്കു കിടന്ന് ഉരുളുന്ന പ്രിയമകൻ ശമുവേൽകുട്ടിയെ കയ്യിലേന്തിയ, ജീവിതത്തിന്റെ കടുത്ത പരീക്ഷണഘട്ടം. ദോഷമായിട്ടൊന്നും സ്വർഗീയ താതൻ തന്നോടു ചെയ്തിട്ടില്ല എന്ന് ആ ഭക്തമനസ്സ് ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ടു. തേജസ്സേറിയ സ്വർഗീയ ഭാഗ്യങ്ങളെക്കുറിച്ചുള്ള ദർശനംകൊണ്ട് ഉള്ള് നിറഞ്ഞപ്പോൾ ഉറവെടു

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**സേബാ അന്ന കുറിയാക്കോസ്,**
**കല്ലൂപ്പാറ**

www.malankaralibrary.com



ത്തതാണ്, വിഖ്യാതമായ 'ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ...' എന്നാരംഭിക്കുന്ന ഗാനം. ഇങ്ങനെ എത്രയോ മുഹൂർത്തങ്ങൾ. ജീവിതത്തിന്റെ ദുരിതാനുഭവങ്ങളിൽ ഉരുകിപ്പാകമായവയാണ് സാധുവിന്റെ പ്രസിദ്ധഗീതങ്ങൾ. ദുഃഖത്തിന്റെ ഗദ്ഗദം പ്രത്യാശയുടെ ആനന്ദമായി പരിണമിക്കുകയാണ്, ഇവിടെയെല്ലാം.

## പ്രകൃതിയുടെ തുറന്ന പാഠശാലയിൽ

അനുഭവമാണ് സാധുവിന്റെ കൈമുതൽ. വേദപ്രമാണങ്ങളാണ് അടിത്തറ. പ്രകൃതിയുടെ തുറന്ന പാഠശാലയിലാണ് അദ്ദേഹം അഭ്യസനം നടത്തിയത്. ബൈബിൾ സംസ്കാരത്തിന്റെ വെളിച്ചത്തിൽ ജീവിതാപഗ്രഥനം നടത്തിയ ഭക്തകവിയുടെ ഭാവനയിൽ വയലിലെ റോസയും ആറ്റിലെ മത്സ്യവും കരയുന്ന കാക്കയും കാട്ടിലെ മൃഗങ്ങളും തെളിഞ്ഞുവരുന്നു.

'കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല,
ദൈവം അവയ്ക്കായി വേണ്ടതേകുന്നു.
ലില്ലിപ്പുഷ്പങ്ങൾക്കുമവൻ ശോഭ നൽകുന്നു'.
(എന്റെ ദൈവം മഹത്വത്തിൽ-)

'കരയുന്ന കാക്കയ്ക്കും വയലിലെ റോസയ്ക്കും
ഭക്ഷ്യവും ഭംഗിയും നൽകുന്നവൻ
കാട്ടിലെ മൃഗങ്ങളാറ്റിലെ മത്സ്യങ്ങ-
ളെല്ലാം സർവേശനെ നോക്കീടുന്നു.'
(എന്റെ ദൈവം സ്വർഗസിംഹാസനം-)

## ധ്യാനത്തിന്റെ അരുവിക്കരയിൽ

ആത്മീയാനുഭൂതിയുടെ അത്യുന്നത മേഖലകളിലേക്ക് അനുവാചകനെ നയിക്കുന്ന ആശ്വാസഗീതങ്ങൾ മികച്ച ധ്യാനാത്മക കവനങ്ങളാണ്. കൊച്ചുകുഞ്ഞുപദേശിയുടെ കാവ്യരചനാരീതി തന്നെ ധ്യാനാത്മകമാണ്. കുരിശിനെയും ക്രിസ്തുവിന്റെ സ്നേഹത്തെയും സ്വർഗീയാനന്ദത്തെയും ധ്യാനിച്ചുകൊണ്ടു സ്വർഗീയാനുഭൂതിയുടെ ലഹരിയിൽ മുഴുകുകയാണ് അദ്ദേഹം. ക്രൂശിനെ ധ്യാനിച്ചുകൊണ്ടു മലയാളത്തിൽ രചിക്കപ്പെട്ട ഏറ്റവും ഹൃദയവർജകമായ വർണനയാണ് 'ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്ന താരിതാ...' എന്നാരംഭിക്കുന്ന ഗീതം.

## വൈവിധ്യത്തിന്റെ മുഖങ്ങൾ

പ്രതിപാദ്യത്തിലും പ്രതിപാദനരീതിയിലും വൈവിധ്യം പുലർത്തുന്ന ഒട്ടേറെ ഗാനങ്ങൾ സാധു കൊച്ചുകുഞ്ഞ് രചിച്ചിട്ടുണ്ട്. സാമൂഹിക പരിഷ്കരണം ലക്ഷ്യമാക്കി രചിച്ചവ അവയിൽ പ്രാധാന്യമർഹിക്കുന്നു. 'കർത്താവിന്റെ പക്ഷത്തു നില്പാൻ ആരുണ്ട്'എന്നു നാമകരണം ചെയ്തിരിക്കുന്ന ഗീതത്തിൽനിന്ന് ഒരു ഭാഗം:

'കർത്താവിൻ പക്ഷത്തു നിൽപ്പാൻ
ഇവിടെത്ര മഹാത്മാക്കളുണ്ട്?

ക്രൂശിൽ മരിച്ചേശു ക്രിസ്തൻ-നിന്നു
കെഞ്ചുന്നു നമ്മളോടിന്നും.

ദ്രവ്യം ദ്രവ്യം എന്നുമാത്രം-അയ്യോ
യൂദയെപ്പോലോർത്തീടല്ലേ.

മദ്യപാനം ചെയ്‌വോരുണ്ടോ-അയ്യോ
കഷ്ടം കഷ്ടം അവർ കൃത്യം

കാഠിന്യം പൂണ്ടവരുണ്ടോ-അയ്യോ
കഷ്ടം കഷ്ടം അവർ കൃത്യം

ബീഡി വലിപ്പവരുണ്ടോ-അയ്യോ
കഷ്ടം കഷ്ടം അവർ കൃത്യം

മന്ത്രവാദം ചെയ്‌വോരുണ്ടോ-അയ്യോ
കഷ്ടം കഷ്ടം അവർ കൃത്യം

അന്യായമായ ലാഭക്കാരുണ്ടോ-അയ്യോ
കഷ്ടം കഷ്ടം അവർ കൃത്യം

മദ്യങ്ങൾ വിൽക്കുന്നോരുണ്ടോ-അയ്യോ
കഷ്ടം കഷ്ടം അവർ കൃത്യം

വെള്ളസിംഹാസനം വേഗം-അയ്യോ
സ്ഥാപിച്ചു ന്യായം വിധിക്കും.'


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ജോർജ് കുര്യൻ, മുണ്ടകത്തിൽ, തടിയൂർ**

www.malankaralibrary.com



ഞായറാഴ്ച ആരാധനാഗീതം, സന്ധ്യാകാല വന്ദനം, ബാലികമാർ ഗീതം, സ്ത്രീജനഗീതം, വൈവാഹികാനുഗ്രഹം, സ്വർഗീയാനുഗ്രഹമണിമാല, ഭക്തന്മാർക്കുള്ള വാഗ്ദാനമാല എന്നിങ്ങനെ വിഷയവൈവിധ്യമുള്ള ഗീതങ്ങൾ വേറെയുമുണ്ട്, ആശ്വാസഗീതങ്ങളിൽ.

### ഹൃദയത്തിന്റെ ഭാഷ, മനസ്സിന്റെ സംഗീതം

അനുഭവങ്ങളുടെ ഉറവകളിൽനിന്ന് അനിയന്ത്രിതമായി പ്രവഹിച്ച വികാരങ്ങളുടെ ഭാഷയിലുള്ള ആവിഷ്കാരമാണ്, കൊച്ചുകുഞ്ഞുപദേശിയുടെ ഗീതങ്ങൾ. അവയുടെ കാവ്യഭംഗി വിസ്മരിക്കാനാവില്ല.

'കൊട്ടാരമായാലും വിട്ടേ മതിയാവൂ
കോട്ടയ്ക്കകത്തേക്കും മൃത്യു കയറിച്ചെല്ലും.'

ഇവിടെ കൃത്രിമത്വത്തിന്റെ സ്പർശമില്ലെങ്കിലും പ്രാസഭംഗി ഒത്തിണങ്ങിയിട്ടുണ്ട്.

'ഉഷഃകാലം നാം എഴുന്നേല്ക്കുക
പരനേശുവെ സ്തുതിപ്പാൻ...'

എന്ന പ്രഭാതകീർത്തനത്തിന്റെ നിലീനലാവണ്യം അനുഭവവേദ്യമാണ്. ഹൃദയത്തിന്റെ ഭാഷയിൽ രൂപമെടുത്ത ഈ ഗാനങ്ങളുടെ സംഗീതഭംഗിയും ശ്രദ്ധേയമാണ്. സംഗീതസാന്ദ്രമായൊരു മനസ്സിന്റെ സൃഷ്ടിയാണ് അവ. താളവും ലയവും രീതിയുമെല്ലാം ശരിയായിരിക്കത്തക്കവണ്ണം ഹൃദയത്തിൽ പാകപ്പെടുന്ന ഈ അപൂർവസൃഷ്ടികളിൽ, ഭക്തഹൃദയത്തിന്റെ തുടിപ്പുകളാണ് കേൾക്കുക. 'കരുത്തുറ്റ വികാരങ്ങളുടെ നൈസ്സർഗികമായ ബഹിർഗമനമാണ് എല്ലാ നല്ല കവിതയും' എന്ന വേഡ്സ്‌വർത്തിന്റെ വാക്കുകൾ ഇവിടെ സ്മരിക്കുന്നു.

ഡോ. കെ. എം. ജോർജ് അഭിപ്രായപ്പെട്ടതുപോലെ, 'തികഞ്ഞ ആത്മീയാനുഭവത്തിന്റെയും, ഭാവനാസുരഭിലമായ ഒരു വിശിഷ്ടഹൃദയത്തിന്റെയും അരുമസന്താനങ്ങളായ ആശ്വാസഗീതങ്ങൾ, ഈ ലോകജീവിതത്തിന്റെ ചാഞ്ചല്യങ്ങളിലും മാത്സര്യങ്ങളിലും കിടന്നുഴലുന്ന അനേകലക്ഷങ്ങൾക്ക് എന്നും ആശ്വാസത്തിന്റെ നീരുറവയാണ്; സമാധാനത്തിന്റെയും ശാന്തിയുടെയും പച്ചമേച്ചിൽസ്ഥലമാണ്; അജ്ഞാനാന്ധകാരത്തെ അകറ്റുന്ന അനവദ്യദീപമാണ്. മലയാളഭാഷ നിലനിൽക്കുന്നിടത്തോളം കാലം, ഒരു മലയാള ക്രൈസ്തവനെങ്കിലും ജീവിച്ചിരിക്കുന്നിടത്തോളം കാലം, ആശ്വാസഗീതങ്ങളിലെ ഭക്ത്യുദ്ദീപകങ്ങളായ പാട്ടുകൾ അന്തരീക്ഷത്തിൽ മാറ്റൊലികൊള്ളാതിരിക്കില്ല.' ●

# എന്റെ ക്രിസ്തുമസ് അനുഭവം

**പ്രകാശ് പോൾ** (സിനി ആർട്ടിസ്റ്റ്)

*ചെറുപ്പകാലത്തെ ക്രിസ്തുമസിന് എന്തൊരു നിറമായിരുന്നു! തണുപ്പുള്ള രാത്രിയും മഞ്ഞിന്റെ മണവും തിളങ്ങുന്ന ക്രിസ്തുമസ് വിളക്കുകളും അതിനുള്ളിൽനിന്നു പ്രകാശം പരത്തി ഉരുകിയമരുന്ന മെഴുകുതിരികളും ദൂരെ നിശ്ശബ്ദതയിൽനിന്ന് ഒഴുകിയെത്തുന്ന കരോൾ ഗാനങ്ങളുമൊക്കെ ചേർന്ന് ബാല്യത്തിലെ മനസ്സിലേക്കു പെയ്തിറങ്ങിയിരുന്ന ആഹ്ലാദത്തിന്റെ പെരുമഴക്കാലം നഷ്ടപ്പെട്ടു തുടങ്ങിയത് എന്നുമുതലാണെന്ന് ഓർമ്മയില്ല. നിറങ്ങളും ശബ്ദങ്ങളും ഗന്ധങ്ങളും ഒന്നിച്ചൊരുക്കിയ ആ ആഘോഷരാവുകൾ ഓർമ്മകളിൽനിന്നും അന്യമായിത്തുടങ്ങിയതും എന്നുമുതലാണെന്നറിയില്ല. പതിറ്റാണ്ടുകൾ പലതു കഴിഞ്ഞു. വാർദ്ധക്യത്തിലേക്കു കടന്നുനിൽക്കുന്ന ഈ വേളയിൽ ബാല്യകാലസ്മരണകൾ പലതും അനുവാദം ചോദിക്കാതെ പലപ്പോഴും കടന്നുവരാറുണ്ട്. ചിലതു ചെറുമഴ പോലെ. ചിലത് ഒരിളംകാറ്റുപോലെ. അപൂർവം ചില ഓർമകൾ മിന്നൽപ്പിണരുപോലെയും വരും. അത്തരത്തിലൊരോർമ്മയാണ് നൂറനാട്ടെ നേതാജി ബാലജനസഖ്യം 1970-ലോ മറ്റോ നടത്തിയ ക്രിസ്തുമസ് കരോൾ. മുള കീറിയുണ്ടാക്കി വർണക്കടലാസ്സൊട്ടിച്ച കൂറ്റൻ ക്രിസ്തുമസ് നക്ഷത്രങ്ങളുമായുള്ള കരോൾ. ആദ്യമായിട്ടായിരുന്നു ഒരു രാത്രി മുഴുവൻ ഉറങ്ങാതിരിക്കുന്നതും നാട്ടുവഴികളിൽ പാട്ടും പാടി തിമിർത്തു നടക്കുന്നതും. വീട്ടുകാരുടെ അകമ്പടിയില്ലാതെ, നിയന്ത്രണങ്ങളില്ലാതെ, കൂട്ടുകാരോടൊപ്പം ആഘോഷിക്കാൻ ഒരു മുഴുനീളരാത്രി. ക്രിസ്തുമസിനെക്കുറിച്ചുള്ള ഓർമ്മകളിൽ, ആ രാത്രിയോളം തിളക്കമുള്ളതല്ല എനിക്കു മറ്റൊന്നും.*



www.malankaralibrary.com



# ലോകം യു.എ. ഇ. യിലെ എക്സ്പോ സിറ്റിയിലേക്ക്



കാലാവസ്ഥാവ്യതിയാനത്തെ ഫലപ്രദമായി ചെറുക്കാനുള്ള സമഗ്ര ചർച്ചകൾക്ക് വേദിയാകുന്ന ഈ വർഷത്തെ കാലാവസ്ഥാഉച്ചകോടി (കോപ് 28) യുടെ കൗൺഡൗൺ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. യു.എ.ഇ. ആതിഥേയത്വം വഹിക്കുന്ന ഉച്ചകോടി നവംബർ 30 മുതൽ ഡിസംബർ 12 വരെ ദുബായ് എക്സ്പോ സിറ്റിയിലാണ് നടക്കുന്നത്. ലോക നേതാക്കൾ, മന്ത്രിമാർ, ആഗോള കാലാവസ്ഥാമാറ്റത്തിനെതിരായ മുൻനിരപോരാളികൾ, ഉദ്യോഗസ്ഥർ തുടങ്ങി 7,0000 പ്രതിനിധികൾ 12 ദിവസങ്ങളിലായി ദുബായ് എക്സ്പോ സിറ്റിയിൽ ഒരുമിച്ചു കൂടും. ഭാവി തലമുറയ്ക്കു വേണ്ടി ഭൂമിയെ സുരക്ഷിതമായി നിലനിർത്താനുള്ള നടപടികൾ അന്താരാഷ്ട്ര സമൂഹം ഇവിടെ ചർച്ച ചെയ്യും. ഈ അടിയന്തിര സാഹചര്യത്തെ നേരിടാനുള്ള സമയം അതിക്രമിച്ചു കഴിഞ്ഞുവെന്നാണ് ഐക്യരാഷ്ട്രസഭയുടെ ആവർത്തിച്ചുള്ള മുന്നറിയിപ്പ്.



**ജോബി ബേബി**
നഴ്സ്, കുവൈത്ത്

കാലാവസ്ഥാവ്യതിയാനത്തിന്റെ ഏറ്റവും വലിയ ദുരന്തഫലങ്ങൾ ഏറ്റുവാങ്ങിയ നൂറ്റാണ്ടിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. കോവിഡ് മഹാമാരിയും അടിക്കടിയുണ്ടായ വൻപ്രളയവും മനുഷ്യരാശിയെ അത്രമേൽ പിടിച്ചുലച്ചിട്ടുണ്ട്. പ്രകൃതിയെ ഇനിയും സംരക്ഷിച്ച് നിർത്താനായില്ലെങ്കിൽ വരുംതലമുറകൾക്ക് ഇവിടം വാസയോഗ്യമല്ലാതാകുമെന്ന തിരിച്ചറിവിന്റെ സമയം അതിക്രമിച്ചിരിക്കുന്നു. കാർബൺ ഡൈ ഓക്സൈഡിനേക്കാൾ ആഗോളതാപനത്തിന് ആക്കം കൂട്ടുന്ന മീഥെയ്ൻ വാതകത്തിന്റെ സാന്ദ്രത യു.എ.ഇ. യുടെ അന്തരീക്ഷത്തിൽ വർദ്ധിച്ചിരിക്കുന്നുവെന്നാണ് അബുദാബിയിലെ ഖലീഫ യൂണിവേഴ്സിറ്റി നടത്തിയ സാറ്റലൈറ്റ് പഠനത്തിൽ

www.malankaralibrary.com

നിന്ന് വ്യക്തമായത്. ഭൂമിയുടെ അന്തരീക്ഷ താപനില വർധിപ്പിക്കുന്നതിൽ കാർബൺ ഡൈഓക്സൈഡിനേക്കാൾ 86 മടങ്ങ് ശക്തമാണ് മീഥെയ്ൻ വാതകമെന്നാണ് ശാസ്ത്രജ്ഞരുടെ വിലയിരുത്തൽ. ഈ ഒരു പശ്ചാത്തലത്തിലാണ് ആഗോള കാലാവസ്ഥാ ഉച്ചകോടിക്ക് (കോപ് 28) വീണ്ടും ചർച്ചയാവുന്നത്.

ഈജിപ്തിലെ ഷാം അൽ ശൈഖിലായിരുന്നു 2022 ലെ കാലാവസ്ഥാ ഉച്ചകോടി (കോപ് 27) നടന്നത്. സുപ്രധാനമായ ഒരു തീരുമാനം അന്ന് ലോക രാജ്യങ്ങൾ കൈക്കൊണ്ടിരുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി വികസ്വര രാജ്യങ്ങൾക്ക് വികസിത രാജ്യങ്ങൾ നഷ്ടപരിഹാരം നൽകണമെന്നായിരുന്നു തീരുമാനം. ഇതിനായി ലോസ് ആൻഡ് ഡാമേജ് ഫണ്ട് രൂപവത്കരിക്കാൻ ലോക രാജ്യങ്ങൾ സമ്മതിക്കുകയും ചെയ്തിരുന്നു. എന്നാൽ, ആര്? ആർക്ക്? പണം നൽകണമെന്ന കാര്യത്തിൽ ഇനിയും ആശയക്കുഴപ്പം മാറിയിട്ടില്ലെന്നതാണ് ആശങ്കയുണർത്തുന്ന കാര്യം. അന്തരീക്ഷത്തിന് ദോഷകരമായ താപപുറന്തള്ളൽ കുറയ്ക്കുന്നതിലും കാലാവസ്ഥാ ധനസഹായം വർദ്ധിപ്പിക്കുന്നതിലും വികസിത രാജ്യങ്ങൾ ഒരടിപോലും മുന്നോട്ടുപോയിട്ടില്ലെന്നതും ആശങ്കയേറ്റുന്നു. കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കാൻ പത്തു വർഷങ്ങൾക്ക് മുമ്പ് വികസിത രാജ്യങ്ങൾ വികസ്വരരാജ്യങ്ങൾക്ക് വാഗ്ദാനം ചെയ്ത നഷ്ടപരിഹാരമായ 100 ശതകോടി ഡോളർ ഉറപ്പുവരുത്താൻ നടപടി വേണമെന്ന മുറവിളിയും ഒരുഭാഗത്ത് ശക്തമാണ്. ആഗോള താപനില കുറയ്ക്കുന്നതിനായി കോപ് 21 ന്റെ ഭാഗമായിരുന്ന പാരീസ് ഉടമ്പടിയിൽ എടുത്ത തീരുമാനവും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. വ്യവസായ വിപ്ലവത്തിന് മുമ്പുണ്ടായിരുന്ന

## അഭിനന്ദനങ്ങൾ







*എം.സി.എം.എഫ്. അതിഭദ്രാസന ക്വിസ് മത്സരത്തിൽ ഒന്നും രണ്ടു മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ നീരാട്ടുകാവ്, കല്ലിശ്ശേരി, മാന്നാർ ഈസ്റ്റ് ഇടവകകൾക്ക് അഭിനന്ദനങ്ങൾ.*




www.malankaralibrary.com

താപനിലയായ 1.5 ഡിഗ്രി സെൽഷ്യസിൽനിന്ന് ഉയരാതെ നിലനിർത്തണമെന്നായിരുന്നു അന്നെടുത്ത തീരുമാനം. മനുഷ്യൻ പുറത്തുവിടുന്ന ഹരിതഗൃഹ വാതകങ്ങൾ സമുദ്രങ്ങളുടെ താപനില ഉയരുന്നതിലേക്ക് നയിക്കുകയും അതോടൊപ്പം മഞ്ഞുമലകൾ ഉരുകുന്നതിനും സമുദ്ര നിരപ്പ് ഉയരുന്നതിനും കാരണമാകുന്നുണ്ട്. ഇത് ഇല്ലാതാക്കാൻ ലോകരാജ്യങ്ങൾ ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കുറച്ചു ആഗോള താപനില ഈ നൂറ്റാണ്ടിൽ രണ്ട് ഡിഗ്രിക്ക് മുകളിൽ ഉയരാതെ സംരക്ഷിക്കണമെന്നായിരുന്നു പാരിസ് ഉടമ്പടിയുടെ പ്രധാന ലക്ഷ്യം. ഇത് എത്രമാത്രം പാലിക്കപ്പെട്ടുവെന്നത് കോപ് 28ൽ ചർച്ചയാവും.

## പ്രധാന വിഷയങ്ങൾ

**1. കാലാവസ്ഥാ ധനസഹായം**

കാലാവസ്ഥാവ്യതിയാനവും അതിന്റെ അനന്തര ഫലങ്ങളും കൈകാര്യം ചെയ്യുന്നതിന് വലിയ നിക്ഷേപം ആവശ്യമായിവരും. ലോകം കണക്കുകൂട്ടിയതിനേക്കാൾ വളരെ കൂടുതലായിരിക്കുമിതെന്നാണ് വിലയിരുത്തപ്പെടുന്നത്. ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് വികസ്വരരാജ്യങ്ങൾക്ക് 2030-ാടെ ഓരോ വർഷവും കുറഞ്ഞത് 200 ബില്യൺ ഡോളർ ഇതിന് ആവശ്യമാണ് പരമ്പരാഗതമായ സ്രോതസ്സുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കാനും ഫണ്ടിംഗ് ആവശ്യമാണ്. കാലാവസ്ഥാദുരന്തങ്ങൾ മൂലം ഇതിനകം സംഭവിച്ച നാശനഷ്ടങ്ങളുടെ ചെലവുകളുമുണ്ട്. ഈ ഭീമമായ തുക കണ്ടെത്തുന്നത് സംബന്ധിച്ച ചർച്ചകൾ ഉച്ചകോടിയിലെ പ്രധാന ഭാഗമായിരിക്കും

**2. കാലാവസ്ഥാ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ**

ആഗോള താപനില രണ്ട് ഡിഗ്രി സെൽഷ്യസിന് താഴെയായി പരിമിതപ്പെടുത്തുക എന്ന 2015ലെ പാരിസ് ഉടമ്പടിയുടെ ലക്ഷ്യത്തിലേക്ക് ഓരോ രാജ്യങ്ങളും നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതിയുടെ ആദ്യഘട്ട വിലയിരുത്തലും ഉച്ചകോടിയുടെ അജണ്ടയാണ്. 2030 നകം കൈവരിക്കേണ്ട ലക്ഷ്യങ്ങളുടെ പുരോഗതി വിലയിരുത്തുന്ന സുപ്രധാന ഘട്ടമാണ് ഈ വർഷം.

**3. ഫോസിൽ ഇന്ധനങ്ങളുടെ ഭാവി**

ഉച്ചകോടിയിലെ ഏറ്റവും ചൂടേറിയ ചർച്ചകൾ ഫോസിൽ ഇന്ധനങ്ങളുടെ ഭാവിയെക്കുറിച്ചായിരിക്കും. കൂടുതൽ കാർബൺ പുറന്തള്ളുന്ന കൽക്കരി ഓയിൽ, ഗ്യാസ് എന്നിവയുടെ ഉപയോഗം ഘട്ടം ഘട്ടമായി നിർത്തലാക്കാൻ രാജ്യങ്ങൾ പ്രതിജ്ഞാബദ്ധരാകണമോ എന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചേക്കും. കൽക്കരി ഉപയോഗം ഘട്ടംഘട്ടമായി കുറയ്ക്കാൻ കോപ് 26 ൽ രാജ്യങ്ങൾ സമ്മതിച്ചിരുന്നു. എന്നാൽ, എല്ലാ ഫോസിൽ ഇന്ധനങ്ങളും ഉപേക്ഷിക്കാൻ ധാരണ രൂപപ്പെട്ടിട്ടില്ല അമേരിക്കയും യൂറോപ്യൻ യൂണിയനും മറ്റു പല രാജ്യങ്ങളും ഫോസിൽ ഇന്ധനങ്ങൾ ഘട്ടംഘട്ടമായി നിർത്താൻ രാജ്യങ്ങളെ പ്രേരിപ്പിക്കുന്ന കരാറിന് ശ്രമിക്കുന്നുണ്ട്. എന്നാൽ, റഷ്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഫോസിൽ ഇന്ധനത്തിന്റെ ഘട്ടം ഘട്ടമായുള്ള നിരോധനത്തെ എതിർക്കുമെന്ന് നേരത്തെ അറിയിച്ചിട്ടുണ്ട്.

**4. മലിനീകരണം തടയാനുള്ള സാങ്കേതിക വിദ്യകൾ**

യു. എ. ഇ. യും ഫോസിൽ ഇന്ധനങ്ങളെ ആശ്രയിക്കുന്ന മറ്റ് രാജ്യങ്ങളും കാർബൺ പുറന്തള്ളൽ കുറയ്ക്കുവാൻ സഹായിക്കുന്ന നവീന സാങ്കേതിക വിദ്യകളിൽ ഉച്ചകോടിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നുണ്ട്. ആഗോള കാലാവസ്ഥാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എമിഷൻസ് അബേറ്റ്മെന്റ് സാങ്കേതിക വിദ്യകൾ നിർണായകമാണെന്ന് ഇന്റർനാഷനൽ എനർജി ഏജൻസി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവ ചെലവേറിയതും നിലവിൽ വലിയതോതിൽ ഉപയോഗിക്കുന്നതുമല്ല എന്നത് പരിമിതിയാണ്

**5. ശുദ്ധ ഊർജശേഷി വർദ്ധിപ്പിക്കൽ**

2030-ാടെ പുനരുപയോഗ ഊർജശേഷി മൂന്നിരട്ടിയാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾ ഉച്ചകോടിയിൽ രാജ്യങ്ങൾ പരിഗണിച്ചേക്കും. ചൈന ഉൾപ്പെടെയുള്ള പ്രധാന സമ്പദ്‌വ്യവസ്ഥകൾ ഇതിനകംതന്നെ പുനരുപയോഗ ഊർജലക്ഷ്യത്തെ പിന്തുണയ്ക്കുന്നതിനാൽ ഇക്കാര്യത്തിന് വലിയ പിന്തുണ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഔദ്യോഗിക ചർച്ചകൾക്ക് പുറത്ത് സർക്കാരുകളും കമ്പനികളും സ്വന്തം നിലയ്ക്കുള്ള പ്രഖ്യാപനങ്ങളും നടത്തും.

യു. എ. ഇ. യുടെ വ്യവസായ, നൂതനസാങ്കേതികവിദ്യ മന്ത്രി ഡോ. സുൽത്താൻ അൽ ജാബിറിനെയാണ് കോപ് 20 ന്റെ പ്രസിഡന്റായി തെരഞ്ഞെടുത്തിരിക്കുന്നത്. കൃത്യമായ ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങൾക്കാണ് ഇദ്ദേഹം ചുക്കാൻ വഹിക്കുന്നത്. വരും തലമുറയ്ക്കായി പ്രകൃതിയെ സംരക്ഷിച്ചു നിർത്തുകയെന്ന ലക്ഷ്യത്തോടെ 2023 നെ സുസ്ഥിരവർഷമായി പ്രഖ്യാപിച്ച വർഷം തന്നെയാണ് ആഗോള കാലാവസ്ഥാഉച്ചകോടിയും കടന്നുവരുന്നത്. ഭൂമിക്ക് തണലൊരുക്കാൻ സമഗ്രവും കാര്യക്ഷമവുമായ നടപടികൾ ഈ ഉച്ചകോടിയിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷ. അതിന് ചുക്കാൻ പിടിക്കാൻ പ്രകൃതിസൗഹൃദ ആശയങ്ങൾക്ക് ഊന്നൽ നൽകുന്ന യു.എ. ഇ. ക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

www.malankaralibrary.com



# ആന്റിബയോട്ടിക് പ്രതിരോധം വെല്ലുവിളികൾ



ഡോ. നിതിൻ കെ. രാജു
അസി. പ്രൊഫ. പുഷ്പഗിരി മെഡിക്കൽ കോളജ്



രോഗകാര്യങ്ങളിൽ പലപ്പോഴും രോഗികൾതന്നെ തീരുമാനങ്ങൾ എടുക്കാറുണ്ട്. അതിൽപ്പെട്ട ഒന്നാണ് ചികിത്സയ്ക്ക് ആന്റിബയോട്ടിക് മരുന്നുകൾ കൂടിയേതീരൂ എന്ന നിർബന്ധം. മിക്ക ഡോക്ടർമാർക്കും ഇത്തരത്തിലുള്ള നിർബന്ധം നേരിടേണ്ടി വന്നിട്ടുണ്ടാകും. ആദ്യമായി അറിഞ്ഞിരിക്കേണ്ടത് എല്ലാ പനികൾക്കും ആന്റിബയോട്ടിക് മരുന്നുകൾ ആവശ്യമായി വരുന്നില്ല എന്ന വസ്തുതയാണ്. എല്ലാ ബാക്ടീരിയകളും നമ്മുടെ ശത്രുക്കളല്ല എന്നത് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. സാമൂഹിക മാധ്യമങ്ങൾ അങ്ങനെ ഒരു ചിന്ത നമ്മിൽ രൂപപ്പെടുത്തുന്നതിൽ വലിയ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ശരീരത്തിലെ പല സാധാരണ പ്രവർത്തനങ്ങളും നടക്കുന്നതുതന്നെ ബാക്ടീരിയകളുടെ സഹായത്തോടുകൂടിയാണ്. അനാവശ്യമായി ആന്റിബയോട്ടിക് മരുന്നുകൾ കഴിക്കുന്നത് വഴി ഇത്തരത്തിലുള്ള ഉപകാരികളായ ബാക്ടീരിയകളെ കൊന്നൊടുക്കുകയാണ് ചെയ്യുന്നത്. അതുകൂടാതെ ഇത്തരത്തിലുള്ള അമിതമായ ഉപയോഗം വഴി ഉപദ്രവകാരികളായ ബാക്ടീരിയകൾക്ക്, അതായത് അണുബാധയുണ്ടാക്കാൻ ശേഷിയുള്ള ബാക്ടീരിയകൾക്ക് ചികിത്സാപ്രതിരോധശേഷി അല്ലെങ്കിൽ ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് (Antimicrobial resistance) വന്നുചേരുകയും തന്മൂലം ഈ മരുന്നുകൾ ഫലപ്രദമല്ലാത്ത ഒരു സാഹചര്യം ഉണ്ടാവുകയും ചെയ്യും. അതുപോലെ തന്നെ കന്നുകാലി ഫാമുകളിലും പൗൾട്രി ഫാമുകളിലും മൃഗങ്ങളുടെ തൂക്കം കൂട്ടാനും പുഷ്ടിപ്പെടുത്താനും വേണ്ടി നടത്തുന്ന ആന്റിബയോട്ടിക് മരുന്നുകളുടെ ദുരുപയോഗവും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ഇത്തരത്തിൽ ഉണ്ടാകുന്ന ബാക്ടീരിയകൾ കോവിഡിനേക്കാളുമൊക്കെ എത്രയോ മടങ്ങ് അപകടകാരികളാണെന്നുള്ള

www.malankaralibrary.com





യാഥാർത്ഥ്യം നാം പലപ്പോഴും തിരിച്ചറിയാതെ പോകുന്നു.

## ആന്റിബയോട്ടിക്കുകൾ പലതരം

ആന്റിബയോട്ടിക്കുകൾ സൂക്ഷ്മാണുക്കളെ നശിപ്പിക്കുകയോ അവയുടെ വളർച്ച വ്യത്യസ്ത രീതികളിൽ തടയുകയോ ചെയ്യുന്ന മരുന്നുകളാണ്. ചില ആന്റിബയോട്ടിക്കുകൾ സൂക്ഷ്മാണുക്കളുടെ കോശഭിത്തിയെ നശിപ്പിക്കുന്നു. മറ്റുള്ളവ സൂക്ഷ്മാണുക്കളുടെ പ്രത്യുത്പാദനപ്രക്രിയയെ തടയുന്നു. ചില ആന്റിബയോട്ടിക്കുകൾ സൂക്ഷ്മാണുക്കളുടെ പ്രോട്ടീൻ നിർമ്മാണത്തെ തടയുന്നു. ഓരോ തരത്തിലുള്ള ആന്റിബയോട്ടിക്കും വ്യത്യസ്തതരത്തിലുള്ള ഉപദ്രവകാരികളായ സൂക്ഷ്മാണുക്കൾക്കെതിരെ ഫലപ്രദമാണ്. ചില പ്രധാനപ്പെട്ട ആന്റിബയോട്ടിക്കുകൾക്ക് ഉദാഹരണങ്ങളാണ് പെനിസിലിൻ (penicillin), സെഫലോസ്പോരിൻ (cephalosporin), മാക്രോലൈഡുകൾ (macrolides), ടെട്രാസൈക്ലിനുകൾ (tetracycline), ക്വിനോലോണുകൾ (quinolones), ഗ്ലൈക്കോപെപ്റ്റൈഡുകൾ (glycopeptides) എന്നിവ.

## എന്താണ് ആന്റിബയോട്ടിക് പ്രതിരോധം?

അമിതമായ ഉപയോഗം വഴി സൂക്ഷ്മാണുക്കൾക്ക് ആന്റിബയോട്ടിക്കുകൾക്കെതിരെ ജനിതക വ്യതിയാനങ്ങൾ വഴി പ്രതിരോധശേഷി ആർജിച്ചെടുക്കാൻ കഴിയും. ഈ പ്രതിഭാസത്തിന് വിളിക്കുന്ന പേരാണ് ആന്റിബയോട്ടിക് പ്രതിരോധം (antibiotic resistance). അപ്പോൾ ആന്റിബയോട്ടിക്കുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയില്ല. ആന്റിബയോട്ടിക്കുകൾ ആവശ്യമില്ലാത്തപ്പോൾ പോലും ഉപയോഗിക്കുന്നത് സൂക്ഷ്മാണുക്കൾക്ക് ആന്റിബയോട്ടിക്കുകൾക്കെതിരേ പ്രതിരോധം വികസിപ്പിക്കാൻ അവസരം നൽകുന്നു.

ബാക്ടീരിയകൾക്ക് ആന്റിബയോട്ടിക്കുകൾക്കെതിരേയുള്ള പ്രതിരോധം പ്രധാനമായി രണ്ട് മാർഗ്ഗങ്ങളിലൂടെ വികസിപ്പിക്കാൻ കഴിയും. 1. ജനിതക മാറ്റം: സ്വാഭാവികമായും സംവേദകക്ഷമതയുള്ള ബാക്ടീരിയകൾ മ്യൂട്ടേഷൻ വഴി പ്രതിരോധ സംവിധാനം കോഡ് ചെയ്യുന്ന ജീനുകൾ നേടുമ്പോഴാണ് ആർജ്ജിത പ്രതിരോധം സംഭവിക്കുന്നത്. 2. പ്ലാസ്മിഡുകൾ: ഇവ ബാക്ടീരിയകളിൽ കാണപ്പെടുന്ന ചെറുതും വൃത്താകൃതിയിൽ ഉള്ളതുമായ ഡിഎൻഎ തന്മാത്രകളാണ്. പ്ലാസ്മിഡുകളിൽ ആന്റിബയോട്ടിക് പ്രതിരോധ ജീനുകൾ അടങ്ങിയിരിക്കാം. ഒരു ബാക്ടീരിയയ്ക്ക് മറ്റൊരു ബാക്ടീരിയയിൽ നിന്ന് പ്ലാസ്മിഡികൾ സ്വീകരിക്കാൻ കഴിയും. ഇങ്ങനെ ആന്റിബയോട്ടിക് പ്രതിരോധ ജീനുകൾ ബാക്ടീരിയകളുടെ ഇടയിൽ പടരുന്നു.

## ആന്റിബയോട്ടിക് പ്രതിരോധം ആരോഗ്യത്തെ എങ്ങനെ ബാധിക്കും?

1. ഗുരുതരമായ അണുബാധ: ആന്റിബയോട്ടിക്കുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത സൂക്ഷ്മാണുക്കൾ മൂലം ഉണ്ടാകുന്ന അണുബാധകൾ മനുഷ്യരിൽ കൂടുതൽ ഗുരുതരവും ചികിത്സിക്കാൻ പ്രയാസമുള്ളവയുമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാ

www.malankaralibrary.com

ക്കിയേക്കാം. ഇത്തരം അണുബാധകൾ വഴി മരണനിരക്കും വർധിക്കാൻ സാധ്യതയുണ്ട്.

2. നീണ്ട ആശുപത്രിവാസം: ആന്റിബയോട്ടിക് പ്രതിരോധം വികസിപ്പിച്ച സൂക്ഷ്മാണുക്കൾ കാരണമുണ്ടാകുന്ന അണുബാധകൾ ചികിത്സിക്കാൻ കൂടുതൽ സമയമെടുക്കും. ഇത് ആശുപത്രിയിൽ താമസിക്കുന്നതിന്റെ ദൈർഘ്യം വർദ്ധിക്കുന്നതിന് കാരണമായേക്കാം. ഇതുമൂലം ആശുപത്രിജന്യരോഗങ്ങൾ (nosocomial infections) ഉണ്ടാകാനുള്ള സാധ്യതയും കൂടുതലായിരിക്കും.

3. വർദ്ധിച്ച ആരോഗ്യ പരിരക്ഷ ചെലവുകൾ: കൂടുതൽ ചെലവേറിയ മരുന്നുകളും ചികിത്സകളും വഴി മാത്രമേ ഇത്തരം സൂക്ഷ്മാണുക്കൾ വഴിയുണ്ടാകുന്ന അണുബാധകൾ ചികിത്സിക്കാൻ കഴിയൂ. ഇത് രോഗികളുടെ ആരോഗ്യപരിരക്ഷാചെലവുകൾ പതിന്മടങ്ങ് വർധിക്കുന്നതിന് കാരണമാകും.

4. മൃഗങ്ങളുടെ ആരോഗ്യത്തിൽ ഉണ്ടാകുന്ന ആഘാതം: ആന്റിബയോട്ടിക് പ്രതിരോധമുള്ള ബാക്ടീരിയകൾ കന്നുകാലികളിൽ അണുബാധയ്ക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. ഇത് കന്നുകാലികളുടെ ആരോഗ്യത്തെയും ഉത്പാദനക്ഷമതയെയും ബാധിക്കുന്നു. പ്രതിരോധശേഷിയുള്ള ബാക്ടീരിയകൾ മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്ക് പകരാനുള്ള സാധ്യതയും ഇതുമൂലം വർദ്ധിക്കാം.

5. പാരിസ്ഥിതിക പ്രത്യാഘാതം: കൃഷിയിലും ആരോഗ്യസംരക്ഷണത്തിലും മറ്റു മേഖലകളിലും ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുമ്പോൾ അവ പരിസ്ഥിതിയിലേക്ക് പ്രവേശിക്കും. ഇത് പ്രതിരോധശേഷിയുള്ള ബാക്ടീരിയകളുടെ വ്യാപനത്തിനും അതുവഴി ഭക്ഷണവും ജലസ്രോതസ്സുകളും മലിനമാകുന്നതിനും കാരണമാകും.

## ഇനിയെന്ത്?

പുതിയ ആന്റിബയോട്ടിക്കുകൾ വികസിപ്പിക്കുന്നത് വളരെ സമയവും ചെലവുമുള്ള പ്രക്രിയയാണ്. ഗവേഷണങ്ങളിലൂടെ പുതിയ ആന്റിബയോട്ടിക്കുകൾ വികസിപ്പിച്ചാലും ബാക്ടീരിയകൾ അവയ്ക്കെതിരേ പ്രതിരോധം രൂപപ്പെടുത്തിയെടുക്കാൻ സാധ്യതയുണ്ട്. കൂടാതെ പുതിയ ആന്റിബയോട്ടിക്കുകൾ സുരക്ഷിതവും ഫലപ്രദവുമാണെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

ആന്റിബയോട്ടിക് പ്രതിരോധം തടയുന്നതിന് നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിയും. ആന്റിബയോട്ടിക്കുകൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം ആവശ്യമുള്ളപ്പോൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. അതുപോലെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടുന്ന ചികിത്സ തുടങ്ങിക്കഴിഞ്ഞാൽ ശരിയായ അളവിലും സമയത്തും അത് ഉപയോഗിക്കുകയും നിർദ്ദേശിച്ച

**ആന്റിബയോട്ടിക്കുകൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം ആവശ്യമുള്ളപ്പോൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. അതുപോലെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടുന്ന ചികിത്സ തുടങ്ങിക്കഴിഞ്ഞാൽ ശരിയായ അളവിലും സമയത്തും അത് ഉപയോഗിക്കുകയും നിർദ്ദേശിച്ച കാലയളവ് പൂർത്തിയാക്കി എന്ന് ഉറപ്പുവരുത്തേണ്ടതും വളരെ പ്രധാനമാണ്.**


കാലയളവ് പൂർത്തിയാക്കി എന്ന് ഉറപ്പുവരുത്തേണ്ടതും വളരെ പ്രധാനമാണ്. ആന്റിബയോട്ടിക്കുകൾ വൈറൽ അണുബാധകൾക്കെതിരേ ഫലപ്രദമല്ല എന്ന് എല്ലാവരും മനസ്സിലാക്കേണ്ടതുണ്ട്. അണുബാധകൾ ഉണ്ടാകുന്ന അവസരത്തിൽ രോഗപ്പകർച്ച തടയുന്നതിന് കൈകൾ പതിവായി കഴുകുക, ശാരീരിക അകലം പാലിക്കുക, ശുചിത്വം പാലിക്കുക തുടങ്ങിയ അണുബാധ നിയന്ത്രണ നടപടികൾ കർശനമായി സ്വീകരിക്കേണ്ടതുണ്ട്.

ആന്റിബയോട്ടിക്കുകൾക്കെതിരായ പ്രതിരോധം വർദ്ധിക്കുന്നതും പുതിയ ആന്റിബയോട്ടിക്കുകൾ വികസിപ്പിക്കുന്നതിൽ കാര്യമായ പുരോഗതി ഇല്ലാത്തതും ഇപ്പോൾ ഒരു പ്രധാന ആഗോള ആശങ്കയായി മാറിയിരിക്കുന്നു. ആന്റിബയോട്ടിക് പ്രതിരോധം കൈകാര്യം ചെയ്യുന്നതിനും തടയുന്നതിനും ഉള്ള ഒരു ആഗോള പദ്ധതി 2015 ൽ ലോകാരോഗ്യ സംഘടന പുറത്തിറക്കി. ഈ പദ്ധതിയിൽ ആന്റിബയോട്ടിക് പ്രതിരോധത്തിന് കാരണമാകുന്ന ഘടകങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ, ആന്റിബയോട്ടിക്കുകളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ, ആന്റിബയോട്ടിക് പ്രതിരോധത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ ഉൾപ്പെടുന്നു.

പൊതുജനങ്ങളിൽ ആന്റിബയോട്ടിക് പ്രതിരോധത്തെക്കുറിച്ച് അവബോധം വളർത്തേണ്ടത് അനിവാര്യമാണ്. ആന്റിബയോട്ടിക്കുകൾ എങ്ങനെ ശരിയായി ഉപയോഗിക്കണമെന്നും അവ എപ്പോൾ ആവശ്യമല്ലെന്നും പൊതുസമൂഹം അറിയേണ്ടതുണ്ട്. ആന്റിബയോട്ടിക് പ്രതിരോധം തടയുന്നതിൽ നമുക്കെല്ലാവർക്കും വളരെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കാനുണ്ട്. ഭാവി തലമുറകൾക്കായി ആന്റിബയോട്ടിക്കുകളുടെ ഫലപ്രാപ്തി നിലനിർത്താൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

www.malankaralibrary.com






# യഥാർത്ഥ സുഹൃത്തിനെ അറിയാൻ



മെർലിൻ റ്റി മാത്യു

പ്രശ്നങ്ങൾ മഴയായി പെയ്യുമ്പോൾ കുടയായി ആരെങ്കിലും കൂടെയുണ്ടായിരുന്നെങ്കിൽ എന്ന് നാം ചിന്തിക്കാറില്ലേ. ഒരിക്കൽ ഒരു അപ്പൻ മകനോട് പറയുകയാണ്, ഇന്ന് വൈകുന്നേരം ഇവിടെ ഒരു വിരുന്ന് നടക്കാൻ പോവുകയാണ്. ഒരു ആടിനെ കൊന്നിരിക്കുന്നു. ആ ആടിന്റെ ഇറച്ചി പങ്കുവയ്ക്കുവാനായിട്ട് കൂട്ടുകാരെയെല്ലാം നീ വിളിച്ചു കൊണ്ടുവരിക. ബന്ധുക്കളെയും സുഹൃത്തുക്കളെയും ഒക്കെ വിളിച്ചുകൊണ്ടുവരാൻ അപ്പൻ പറയുന്നതു കേട്ടിട്ട് മകൻ കുറെ പേരെ വിളിച്ചു കൊണ്ടുവന്നു. അവരെ ഭക്ഷണശാലയിൽ ഇരുത്തുകയും ഭക്ഷണം വിളമ്പാൻ ആരംഭിക്കുകയും ചെയ്തപ്പോൾ അപ്പൻ അകത്ത് ചെന്ന് മകനോട് ചോദിച്ചു. എല്ലാം നിന്റെ കൂട്ടുകാരാണോ? എന്റെ കൂട്ടുകാരെ നീ വിളിച്ചില്ലല്ലോ എന്ന്. അവൻ പറഞ്ഞു, ഇത് എന്റെ കൂട്ടുകാരല്ല. ഇത് നമ്മുടെ കൂട്ടുകാരാണെന്ന്. അപ്പൻ മകനോട് പറഞ്ഞു, എനിക്ക് ഇവരെ ആരെയും അറിയില്ല. ഈ വന്നിരിക്കുന്നവരെ ആരെയും ഞാൻ കണ്ടിട്ടുമില്ല. ഇവർ ആരാണെന്ന് ഞാൻ പരിചയപ്പെട്ടിട്ടുമില്ല. അപ്പോൾ മകൻ ചിരിച്ചുകൊണ്ട് പറഞ്ഞു, അപ്പാ, പക്ഷെ ഇതാണ് അപ്പന്റെ യഥാർത്ഥ കൂട്ടുകാർ. അപ്പൻ ചോദിച്ചു, അതെന്താ നീ അങ്ങനെ പറയുന്നത്? മകൻ മറുപടിയായി പറഞ്ഞു. നമ്മുടെ കൂട്ടുകാരെ വിളിച്ചുകൊണ്ടുവാ, വിരുന്നുശാലയിലേക്ക് വാ എന്ന് അപ്പൻ പറഞ്ഞപ്പോൾ ഞാൻ റോഡിലേക്ക് ഇറങ്ങിച്ചെന്ന് നമ്മുടെ ഏറ്റവും അടുത്ത കവലയിൽ നിന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. അയ്യോ ഓടി വരണേ നമ്മുടെ വീടിന് തീ പിടിച്ചുവെന്ന്. നമുക്ക് പരിചയമുള്ള ഒരുപാട് പേർ വണ്ടിയിൽ അതുവഴി യാത്രചെയ്തിരുന്നു. എന്നാൽ കേട്ടിട്ടും കേൾക്കാത്തപോലെ വേഗത്തിൽ അവർ പോയി. പലരും കേട്ടിട്ട് ഒന്നും മിണ്ടാതെ നടന്നുപോയി. എന്താണ് സംഭവിച്ചതെന്ന് ചോദിക്കാതെ നമുക്ക് വളരെ വേണ്ടപ്പെട്ടവർ എന്നു നമ്മൾ പലരും ഇവിടേക്ക് കടന്നുവരാൻ മനസ്സുകാണിക്കാതെ പോയപ്പോൾ ആരെന്നെന്ന് അറിയാതെ അവിടെനിന്ന പലരും ഓടിക്കൂടി. അവരെ ഞാൻ വിളിച്ചോണ്ട് നമ്മുടെ വീട്ടിലേക്ക് വന്നു. യഥാർത്ഥത്തിൽ നാം ആപത്തിലാണെന്ന് കേട്ടപ്പോൾ നമ്മെ സഹായിക്കാനായി തയ്യാറായി വന്ന ഇവരല്ലേ നമ്മുടെ കൂട്ടുകാർ. അപ്പൻ ഒന്ന് ചിന്തിച്ചിട്ട് പറഞ്ഞു. അതെ മകനെ. യഥാർത്ഥത്തിൽ കൂട്ടുകാരെന്ന് പറയുന്നത് ആവശ്യനേരത്ത് മാത്രം വരുന്നവരല്ല. മറിച്ച് നമുക്ക് ഒരു പ്രശ്നം വരുമ്പോഴും നമുക്ക് കൂടെ നിൽക്കും എന്ന് ധൈര്യം ഉള്ളവരാണ് നമ്മുടെ കൂട്ടുകാർ.

പ്രിയമുള്ളവരെ, നമ്മുടെ കൂട്ടുകാരും സുഹൃത്തുക്കളും സഹോദരരും ഒക്കെയായിട്ട് ഒരുപാട് പേരെ സങ്കല്പിച്ചു വച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ അവരാണോ നമ്മുടെ കൂട്ടുകാർ. അവർ കൂട്ടുകാരാണെങ്കിൽ നിഴലായും കണ്ണാടിയായും എപ്പോഴും കൂടെ കാണും. നിഴൽ വിട്ടു പിരിയുകയില്ല. കണ്ണാടി ആകട്ടെ കള്ളം പറയുകയുമില്ല. നല്ല കൂട്ടുകാരെ കിട്ടുവാനും ചതിയിൽപ്പെടാതിരിക്കുവാനും നമുക്കെല്ലാം ഈ നല്ല കാലത്ത് സാധ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# ܝܘܠܦܢܐ ܕܠܫܢܐ ܣܘܪܝܝܐ

# സുറിയാനി ഭാഷാ പഠനം



ഫാ. ഡോ. രാജു പറക്കോട്ട്

## പാഠം 19
## കൂദാശകളും കൂദാശാനുകരണ ശുശ്രൂഷകളും

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ കൂദാശകളുടെയും കൂദാശാനുകരണ ശുശ്രൂഷകളുടെയും സുറിയാനി പേരുകളാണ് ഈ പാഠത്തിന്റെ ഉള്ളടക്കം.

**കൂദാശകൾ** (Sacraments)

| | |
|---|---|
| റോസെ = കൂദാശകൾ (Sacraments) രഹസ്യം എന്നാണ് വാക്കിന്റെ പ്രാഥമിക അർത്ഥമെങ്കിലും വി. കുർബ്ബാന, കൂദാശ എന്ന അർത്ഥങ്ങളിലും ഉപയോഗിക്കപ്പെടുന്നു | ܐ̈ܪܙܐ |
| മാമൂദീസൊ = മാമോദീസ (Baptism) മാമോദീസ എന്നത് പൗരസ്ത്യ സുറിയാനി ഉച്ചാരണവും മാമൂദീസൊ എന്നത് പാശ്ചാത്യ സുറിയാനി ഉച്ചാരണവുമാണ്. | ܡܥܡܘܕܝܬܐ |
| മൂറോൻ കാദീശൊ = മൂറോൻ അഭിഷേകം (Chirsmation or confirmation) | ܡܘܪܘܢ ܩܕܝܫܐ |
| കുർബോനൊ = കുർബാന (Eucharist) കുർബാന എന്നത് പൗരസ്ത്യ സുറിയാനി ഉച്ചാരണവും കുർബോനൊ എന്നത് പാശ്ചാത്യ സുറിയാനി ഉച്ചാരണവുമാണ് | ܩܘܪܒܢܐ |
| മൗവ്ദ്യോനൂസൊ = കുമ്പസാരം (Confession) | ܡܘܕܝܢܘܬܐ |
| മെശ്ഹൊ ദക്രീഹൊ = രോഗികളുടെ തൈലാഭിഷേകം (Anointing of the sick) | ܡܫܚܐ ܕܟܪ̈ܝܗܐ |
| കൊഹ്നൂസൊ = തിരുപ്പട്ടം (Holy Order) | ܟܗܢܘܬܐ |

www.malankaralibrary.com


| | |
|---|---|
| സൂവോഗൊ = വിവാഹം (Marriage) നുകം വച്ച് ബന്ധിക്കുക എന്നർത്ഥമുള്ള സാവെഗ് എന്ന ക്രിയയിൽ നിന്നാണ് സൂവോഗൊ എന്ന വാക്കിന്റെ ഉത്ഭവം | ܙܘܘܓܐ |

**കൂദാശാനുകരണ ശുശ്രൂഷകൾ** (Sacramentals)

സഭയുടെ മാദ്ധ്യസ്ഥ്യം വഴി ലഭിക്കുന്ന പ്രത്യേക ആത്മീയ ഫലങ്ങളെ സൂചിപ്പിക്കുന്ന കൂദാശകളെ അനുകരിച്ചുള്ള വിശുദ്ധ അടയാളങ്ങളാണ് കൂദാശാനുകരണങ്ങൾ.

| | |
|---|---|
| മ്കീറൂസൊ = വിവാഹവാഗ്ദാനം (Betrothal) | ܡܟܝܪܘܬܐ |
| ബൂറോക് എസ്കോസൊ = മോതിരങ്ങളുടെ വാഴ്വ് (Blessing of rings) വിവാഹവാഗ്ദാനത്തിന്റെ പ്രത്യേക ശുശ്രൂഷയാണ് മോതിരങ്ങളുടെ വാഴ്വ്. | ܒܘܪܟ ܥܙܩܬܐ |
| ബൂറോക് ക്‌ലീലൊ = കിരീട വാഴ്വ് (Blessing of crown) വിവാഹ കൂദാശയുടെ പ്രത്യേക ശുശ്രൂഷയാണ് കിരീടങ്ങളുടെ വാഴ്വ്. | ܒܘܪܟ ܟܠܝܠܐ |
| ഊഫോയൊ = ശവസംസ്കാരം (Burial) | ܥܘܦܝܐ |
| കന്തീലൊ = കന്തീല (Anointing of the priests) തിരി എന്നാണ് ഈ വാക്കിന്റെ അർത്ഥം. 5 തിരികൾ കത്തിച്ചുകൊണ്ട് നടത്തുന്ന വൈദികഗണത്തിലുള്ളവരുടെ ആഘോഷമായ തൈലാഭിഷേക ശുശ്രൂഷ. | ܩܢܕܝܠܐ |
| ബൂറോക് ബയ്ത്തൊ = ഭവനാശിർവ്വാദം (Blessing of the house) | ܒܘܪܟ ܒܝܬܐ |
| തുൽബോശൊ ദ് ദയ്റോയെ = സന്യാസികളുടെ വസ്ത്രധാരണം (Vestition of the monks) | ܬܘܠܒܫܐ ܕܕܝܪܝܐ |
| സൂപ്പോറൊദ് ദയ്റോയോസൊ = സന്യാസിനികളുടെ മുടിഛേദനം (Tonsure of the nuns) | ܣܘܦܪܐ ܕܕܝܪܝܬܐ |

www.malankaralibrary.com








**സി. ഡോ. ഐറിൻ എസ്.ഐ.സി.**
ബഥനി ഹോമിയോ ക്ലിനിക്, വെച്ചൂച്ചിറ




# പ്രമേഹ രോഗികൾ അറിഞ്ഞിരിക്കേണ്ടവ

ഈ കാലഘട്ടം വ്യത്യസ്ത രുചികളുടെ ഒരു കാലഘട്ടമാണ്. അതിനൊപ്പംതന്നെ ജീവിതശൈലി രോഗങ്ങൾ നാം പോലും അറിയാതെ നമ്മെ പിടികൂടിയിരിക്കുകയാണ്. നവംബർ 14 WHO പ്രമേഹദിനമായി ആചരിക്കുമ്പോൾ പ്രായവ്യത്യാസഭേദമെന്യേ കുട്ടികൾക്കും, മുതിർന്നവർക്കും ചെറുപ്പക്കാർക്കും കണ്ടുവരുന്ന രോഗമാണ് പ്രമേഹം അഥവാ “Diabetics”.

## എന്താണ് ഡയബറ്റിക്സ്?

രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്ന ഹോർമോണാണ് ഇൻസുലിൻ. പാൻക്രിയാസ് ഗ്രന്ഥിയാണ് ഈ ഇൻസുലിനെ ഉത്പാദിപ്പിക്കുന്നത്. ഈ ഗ്രന്ഥി ശരീരത്തിനാവശ്യമായ ഇൻസുലിൻ ഉത്പാദിപ്പിക്കാതിരിക്കുകയോ അല്ലെങ്കിൽ ഉത്പാദിപ്പിക്കുന്ന ഇൻസുലിൻ ശരീരത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാതെ വരികയോ ചെയ്യുന്ന അവസ്ഥയാണ് പ്രമേഹം.

## ഡയബറ്റിക്സിന്റെ കാരണങ്ങൾ എന്തെല്ലാം?

1. പാരമ്പര്യം
2. ജീവിതരീതി
3. വ്യായാമകുറവ്
4. അമിതമായ വണ്ണം (obesity)
5. അനാരോഗ്യകരമായ ഭക്ഷണങ്ങൾ (Unhealthy diet habits)

അമിതമായിട്ടുള്ള മധുരത്തിന്റെ ഉപയോഗം കാർബോഹൈഡ്രേറ്റ് അല്ലെങ്കിൽ അന്നജത്തിന്റെ അമിതമായ ഉപയോഗം, പൂരിത കൊഴുപ്പ് അടങ്ങിയിട്ടുള്ള ബേക്കറി സാധനങ്ങൾ ഇവയൊക്കെ ഡയബറ്റിക്സ് വരാനുള്ള കാരണങ്ങളാണ്.

## പ്രമേഹത്തെ എങ്ങനെ തടയാം

**1.** ഏറ്റവും പ്രധാനമായും ദിവസവും (Exercise) വ്യായാമം ചെയ്യുക. ഏതെങ്കിലും തരത്തിൽ നമുക്ക് വ്യായാമം ചെയ്യാം. ഓട്ടം, നടത്തം, നീന്തൽ, സൈക്കി

www.malankaralibrary.com






ളിംഗ് ഇവയൊക്കെ ചെയ്യാവുന്ന കാര്യങ്ങളാണ്. മുടങ്ങാതെ ആഴ്ചയിൽ 5 ദിവസമെങ്കിലും അരമണിക്കൂർ ശരിയായി ചെയ്താൽ തന്നെ പ്രമേഹത്തെ നമുക്ക് തടയാൻ സാധിക്കും.

2. അമിതമായ വണ്ണം കുറയ്ക്കുക

BMI (Body Mass Index) എന്ന് പറഞ്ഞാൽ ശരീരഭാരസൂചിക എന്നാണ്. അതായത് ഒരു വ്യക്തിയുടെ ഭാരവും ഉയരവും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു സൂചിക. ഇതിൽ അമിതമായ വണ്ണം എന്ന് പറയുന്നത് 25 മുതൽ 29.9 വരെയാണ്. എന്നാൽ പൊണ്ണത്തടി എന്നത് (obesity) 30 അല്ലെങ്കിൽ അതിൽ കൂടുതൽ ഉള്ളവർ ആണ് ഈ obesity യെ കുറക്കുകയാണെങ്കിൽ നമുക്ക് ഡയബെറ്റിക്സിനെ തടയാൻ സാധിക്കും.

3. അമിതമായ മധുരം, കാർബോഹൈഡ്രേറ്റ്, junk food പൂരിത കൊഴുപ്പ് അടങ്ങിയ ബേക്കറി പലഹാരങ്ങൾ ഇവയൊക്കെ ഒരു പരിധിവരെ ഉപേക്ഷിക്കുകയാണെങ്കിൽ നല്ല രീതിയിൽ തന്നെ ഡയബെറ്റിക്സിനെ നിയന്ത്രിക്കുവാൻ സാധിക്കും.

ഒരാൾക്ക് പ്രമേഹം ഉണ്ടെന്ന് തിരിച്ചറിഞ്ഞ് കഴിഞ്ഞാൽ പിന്നെ അയാളുടെ ഏറ്റവും വലിയ ടെൻഷൻ പലതരത്തിലുള്ള ഭക്ഷണങ്ങൾ ഒഴിവാക്കേണ്ടിവരുമെന്നാണ്. എന്നാൽ മിനിമം ആയിട്ട് കഴിക്കുവാണെങ്കിൽ എല്ലാ ഭക്ഷണങ്ങളും ഉൾപ്പെടുത്തി കൊണ്ട് തന്നെ ഒരു ഡയറ്റ് (ഭക്ഷണക്രമം) നമുക്ക് ഫോളോ ചെയ്യാൻ സാധിക്കും.

## പ്രമേഹ രോഗികൾ കഴിക്കേണ്ട ആഹാര രീതി

**1. പ്രഭാതഭക്ഷണം (Breakfast)**

പ്രഭാതഭക്ഷണത്തിന് പ്രധാനമായിട്ട് അരികൊണ്ട് ഉണ്ടാക്കുന്ന ആഹാരമാണ് നാം കഴിക്കുന്നത്. എന്നാൽ അതിനുപകരം ഗോതമ്പ്, റാഗി, ഓട്സ് ഇത് ഒക്കെ ഉപയോഗിച്ച് പ്രഭാതഭക്ഷണം ഉണ്ടാക്കുകയാണെങ്കിൽ വളരെ നല്ലതാണ്. അതായത് റാഗി കൊണ്ട് ദോശ, പുട്ട്, ഇഡ്ഡലി എന്നിവ ഉണ്ടാക്കാം. ഗോതമ്പ് ആണെങ്കിൽ ഗോതമ്പിന്റെ പുട്ട്, ദോശ, ചപ്പാത്തി അതുപോലെ ഓട്സ് ആണെങ്കിൽ ഉപ്പുമാവ്, ഇഡ്ഡലി, ദോശ ഇതൊക്കെ നമുക്ക് പ്രഭാതഭക്ഷണമായി കഴിക്കാവുന്നതാണ്. അരികൊണ്ട് പുട്ട് കഴിക്കുകയാണെങ്കിൽ അതേ അളവിൽ തന്നെ പുട്ടിന്റെ കൂടെ കറിയായിട്ട് എടുക്കുന്ന പയർ, കടല 1:1 എന്ന അനുപാതത്തിൽ കഴിക്കുക. പുട്ടിനോടൊപ്പം പഴം അല്ലെങ്കിൽ പഞ്ചസാര ഉപയോഗിക്കുന്ന ശീലം ഒഴിവാക്കുക. ദോശ കഴിക്കുകയാണെങ്കിൽ കറിയായി ഉപയോഗിക്കാറുള്ള സാമ്പാറിൽ കിഴങ്ങ് ഒഴിവാക്കുവാനായിട്ട് ശ്രദ്ധിക്കുക.

പ്രഭാതഭക്ഷണം എപ്പോഴും 8 മണിക്ക് മുമ്പേ കഴിച്ചിരിക്കണം; ഏറിയാൽ 9 മണി. ജോലിക്ക് പോകാത്തവർ ആണെങ്കിൽ ഈ മേൽപറഞ്ഞ ഭക്ഷണക്രമത്തെ രണ്ടു ഭാഗമായി കഴിക്കാവുന്നതാണ്. ജോലിക്ക് പോകുന്നവർ ആണെങ്കിൽ സാലഡ്, കുക്കുംബർ അതുപോലുള്ളവ ഒഴിവ് സമയങ്ങളിൽ കഴിക്കാവുന്നതാണ്. പൊരിച്ച പലഹാരങ്ങൾ കഴിവതും ഒഴിവാക്കാൻ പരിശ്രമിക്കുക.

**2. ഉച്ചഭക്ഷണം (Lunch)**

പ്രത്യേകമായി ചോറിന്റെ കാര്യത്തിൽ തവിട് അടങ്ങിയ അരി ഉപയോഗിക്കുവാനായിട്ട് ശ്രദ്ധിക്കുക. വെള്ള അരി പൂർണ്ണമായും ഒഴിവാക്കുക. ചോറിന്റെ കറികൾ ആണെങ്കിൽ തോരൻ, പയറുവർഗ്ഗങ്ങൾ, മീൻ ആണെങ്കിൽ കഴിവതും കറിവച്ചത് കഴിക്കാൻ ശ്രദ്ധിക്കുക. ചോറ് എടുക്കുന്ന അതേ അളവിൽ തന്നെ കറികളും കഴിക്കുക. ഇതിന്റെ കൂടെ സാലഡുകൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുക. പച്ചക്കറികൾ ആണെങ്കിൽ ബ്രൊക്കോളി, കാബേജ്, കാരറ്റ്, ബീൻസ്, കുക്കുമ്പർ അതുപോലെ ഇലകറികളായ മുരങ്ങയില, ചീരയില, മുളപ്പിച്ച ധാന്യങ്ങൾ ഇവയൊക്കെ ഭക്ഷണത്തിൽ കൂടുതൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുക.

**3. Tea / Snacks**

ചായ കുടിക്കുമ്പോൾ മധുരം ഉപയോഗിക്കാതെ, പാൽ ഉപയോഗിച്ച് ചായ കുടിക്കാവുന്നതാണ്.

*(ശേഷം പേജ് 47)*

www.malankaralibrary.com




# നന്മ നിറഞ്ഞ മനസ്സ്

പണ്ട് ഒരു പ്രഭാതത്തിൽ, ഒരു ഗുരു തന്റെ ഗുരുകുലത്തിൽ പഠിച്ചിരുന്ന മൂന്നു ശിഷ്യന്മാരോടു പറഞ്ഞു, "ഇന്ന് ഞാൻ നിങ്ങൾക്കായി ഒരു പരീക്ഷ നടത്താൻ പോവുകയാണ്. ഇന്ന് സന്ധ്യയ്ക്ക് മുമ്പായി നിങ്ങൾ ഓരോരുത്തരും സ്വന്തം മുറി, നിങ്ങൾക്ക് ഇഷ്ടമുള്ള ഏതെങ്കിലും വസ്തുക്കൾകൊണ്ട് പൂർണ്ണമായി നിറയ്ക്കണം. സന്ധ്യകഴിയുമ്പോൾ ഞാൻ വന്ന് ഓരോ മുറിയും പരിശോധിച്ച് ഫലം തീരുമാനിക്കാം".

രണ്ടു ശിഷ്യന്മാർ മുറി നിറയ്ക്കുവാനുള്ള വസ്തുക്കൾ തേടി അലഞ്ഞു നടന്നു. മൂന്നാമൻ മുറിയിൽത്തന്നെ ഇരുന്ന്, പതിവ് പോലെ പഠനവും പ്രാർത്ഥനയും തുടർന്നു.

ഒന്നാമത്തെ ശിഷ്യൻ ആശ്രമത്തിലെ പശുക്കൾക്ക് തീറ്റിയായി കരുതിയിരുന്ന ഉണങ്ങിയ കച്ചി കണ്ടെത്തി. ഒരു കൂമ്പാരമായി കൂട്ടിവച്ചിരുന്ന ആ വയ്ക്കോൽ മുഴുവൻ അവൻ ചുമന്നു കൊണ്ടുപോയി സ്വന്തം മുറിയിൽ കുത്തിനിറച്ചു. അവൻ മുറിയുടെ വെളിയിൽ വിജയഭാവത്തിൽ ഗുരുവിന്റെ വരവിനായി കാത്തുനിന്നു.

രണ്ടാമത്തെ ശിഷ്യൻ കുറെയേറെ അന്വേഷണങ്ങൾക്ക് ശേഷം ഒരു വലിയ കുഴിയിൽ കൂട്ടിയിട്ടിരുന്ന മാലിന്യങ്ങളുടെ കൂമ്പാരം കണ്ടെത്തി. ദുർഗന്ധം വമിക്കുന്ന ആ മലിന വസ്തുക്കൾ വാരിക്കൊണ്ട് വന്ന് അവൻ അവന്റെ മുറി മുഴുവൻ നിറച്ചു. അതോടെ അവിടെ മുഴുവൻ ദുർഗന്ധം നിറഞ്ഞു.

മൂന്നാമത്തെ ശിഷ്യൻ നല്ലവനും ബുദ്ധിമാനും വിവേകശാലിയും ആയിരുന്നു. അവൻ ഒരു മെഴുകുതിരിയും കുറേ ചന്ദനത്തിരികളും മുറിയിൽ കരുതി വച്ചു. പരിശോധനയ്ക്കായി ഗുരു എത്താറായപ്പോൾ അവൻ മുറിയുടെ മദ്ധ്യത്തിൽ മെഴുകുതിരിയും ചന്ദനത്തിരികളും കത്തിച്ചു വച്ചു. വെളിച്ചവും സുഗന്ധവും കൊണ്ട് ആ മുറി മുഴുവൻ നിറഞ്ഞു.



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

www.malankaralibrary.com



സന്ധ്യ കഴിഞ്ഞപ്പോൾ വിധി നിർണ്ണയിക്കാനായി ഗുരു വന്നെത്തി. ഒന്നാമത്തെ മുറിയിലെത്തിയ ഗുരു, ആശ്രമത്തിലെ പശുക്കളെ പട്ടിണിയിലാക്കിയ സ്വാർഥനായ ശിഷ്യനെ ശക്തമായി ശകാരിച്ചു. കച്ചി മുഴുവനും ഉടനേ തന്നെ തൊഴുത്തിനടുത്ത് എത്തിച്ച് നേരത്തെ കിടന്നതുപോലെ കൂട്ടിയിടാൻ ഗുരു അവനോടു നിർദ്ദേശിച്ചു.

രൂക്ഷമായ ദുർഗന്ധം സഹിക്കാനാവാതെ രണ്ടാമത്തെ മുറിയിലേക്ക് അടുക്കാൻ അറച്ച് നിന്ന ഗുരു, മുറി മുഴുവൻ വൃത്തികേടാക്കിയതിന് രണ്ടാമത്തെ ശിഷ്യനെ കഠിനമായി കുറ്റപ്പെടുത്തി. മുറിയിലെ മാലിന്യങ്ങൾ മുഴുവൻ ഉടനേ തന്നെ ദൂരേക്ക് മാറ്റിക്കളഞ്ഞ്, മുറി മുഴുവൻ നന്നായി കഴുകി ശുദ്ധിയാക്കുവാൻ ഗുരു അവനോട് കല്പിച്ചു.

രണ്ടു ശിഷ്യരുടെ വിവേകരഹിതമായ പ്രവൃത്തികൾ കണ്ട് ഗുരുവിന്റെ മനസ്സ് മടുത്തു. എന്നാൽ മൂന്നാമത്തെ മുറിയിലേക്കു പ്രവേശിച്ചപ്പോൾ ഗുരുവിന്റെ മനസ്സ് സന്തോഷംകൊണ്ട് നിറഞ്ഞു. പ്രകാശവും പരിമളവും കൊണ്ട് മുറി മുഴുവൻ നിറച്ച മൂന്നാമനെ ഗുരു വാൽസല്യത്തോടെ വാരിപ്പുണർന്നു. അവന്റെ ബുദ്ധിയും വിവേകവും നന്മ നിറഞ്ഞ മനസ്സും ഗുരുവിനെ ആകർഷിച്ചു. അവനെ അദ്ദേഹം അഭിനന്ദിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു.

മനുഷ്യൻ ദൈവത്തിന്റെ ആലയം ആണ്. അതിനാൽ നമ്മുടെ ശരീരവും മനസ്സും ആത്മാവും പരിശുദ്ധമായി പരിപാലിക്കണം. വിശുദ്ധിയുടെ വെളിച്ചവും സൗന്ദര്യവും സൗരഭ്യവും നിറഞ്ഞ ഹൃദയത്തിൽ അഹങ്കാരം, അസൂയ, സ്വാർഥത, ശത്രുത തുടങ്ങിയ മലിന ചിന്തകൾക്ക് പ്രവേശനം ഇല്ല.

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" (വി. മത്തായി 5:8).

---

## പ്രമേഹ രോഗികൾ അറിഞ്ഞിരിക്കേണ്ടവ 45–ാം പേജ് തുടർച്ച

മധുരമില്ലാതെ കഴിക്കാനും കുടിക്കാനും ശീലിക്കുക. ചായയോടൊപ്പം സ്നാക്സ് ആയിട്ട് ഫൈബർ അടങ്ങിയിട്ടുള്ള ബിസ്ക്കറ്റ്, അതായത് ഡയബറ്റിക് രോഗികൾക്ക് ഉപയോഗിക്കുവാൻ ബിസ്ക്കറ്റ്, ബ്രെഡ്, ഗോതമ്പ് കൊണ്ടുള്ള റസ്ക്ക് ഇവ കഴിക്കാവുന്നതാണ്. ബദാം 5, 8 എണ്ണം കഴിക്കാം. അല്ലെങ്കിൽ മത്തൻ കുരു നല്ലതാണ്. ഇതും സ്നാക്സ് ആയി കഴിക്കാവുന്നതാണ്.

**4. രാത്രി (Supper)**

രാത്രി എപ്പോഴും ലഘുഭക്ഷണമാണ് നല്ലത്. നേരത്തേ ആഹാരം കഴിക്കുന്നതിനായി ശ്രദ്ധിക്കുക. അതായത് കിടക്കുന്നതിനു 2 മണിക്കൂർ മുമ്പേ അത്താഴത്തിന് സാലഡ് മാത്രം പറ്റുമെങ്കിൽ കഴിക്കുന്നത് നല്ലതാണ്. അത് മതിയായില്ലെങ്കിൽ 2, 3 ചപ്പാത്തി അല്ലെങ്കിൽ ഗോതമ്പ് ദോശ അല്ലെങ്കിൽ ഓട്സ് ഉപയോഗിച്ചിട്ടുള്ള ദോശ എന്നിവ കഴിക്കാവുന്നതാണ്. ഓട്സ് കാച്ചിക്കുറുക്കിയ പരുവത്തിൽ കുടിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. വൈകുന്നേരങ്ങളിൽ ചിക്കൻ കറി, വെജിറ്റബിൾ കറി എന്നിവ ഉപയോഗിച്ച് ചപ്പാത്തി കഴിക്കാവുന്നതാണ്.

ഫ്രൂട്ട്സ് കഴിക്കുകയാണെങ്കിൽ പ്രത്യേകമായി മാങ്ങ, ചക്ക ഇങ്ങനെയുള്ള പഴങ്ങൾ ഒഴിവാക്കുക. കഴിക്കുകയാണെങ്കിൽ ഒന്നുരണ്ട് ചുളകൾ കഴിക്കുക, അല്ലെങ്കിൽ ഒരു കഷണം മാങ്ങ കഴിക്കുക. എന്നാൽ ആപ്പിൾ, ഓറഞ്ച്, അവക്കാഡോ, പേരക്ക ഇങ്ങനെയുള്ള ഫ്രൂട്ട്സ് കഴിക്കാവുന്നതാണ്. എന്നാൽ ഫ്രൂട്ട്സ് ജ്യൂസ് ആയി കുടിക്കാൻ പാടില്ല. കാരണം പഴങ്ങൾ നമ്മൾ മിക്സിയിലിട്ട് അരക്കുമ്പോൾ ഈ പഴങ്ങളുടെ നാര് അരഞ്ഞു പോകുന്നതുകൊണ്ടാണ് ഇത് ഒഴിവാക്കണം എന്ന് പറയുന്നത്. ഇത്രയും കാര്യങ്ങൾ ആണ് ഭക്ഷണത്തിൽ ശ്രദ്ധിക്കേണ്ടത്. ഇനി പ്രമേഹം ആണ് എന്ന് അറിഞ്ഞിട്ടും കൃത്യമായി ചികിത്സ എടുത്തില്ലെങ്കിൽ അതിന്റെ സങ്കീർണഫലം കണ്ണിനെയും കിഡ്നിയെയും നാഡിയേയും ഒക്കെ ബാധിക്കാൻ ഏറെ സാധ്യതയുണ്ട്. അതുകൊണ്ട് 35 വയസ്സ് കഴിഞ്ഞവർ 3 മാസം കൂടുമ്പോൾ കൃത്യമായി HbA/c ചെയ്ത് നോക്കുക. ഇത് നോക്കുന്നത് പ്രമേഹം നിയന്ത്രണത്തിലാണോ എന്ന് വിലയിരുത്താൻ വേണ്ടിയാണ്.

### ഹോമിയോ മരുന്നുകൾ

### SYZYAIUM JAMBOLANUM Q

രക്തത്തിലെ പഞ്ചസാര വർദ്ധിപ്പിക്കുന്നതിന് ഉടനടി പ്രഭാവം ഉണ്ട്. ഗ്ലൈക്കോഡൂറിയ ഫലം. പ്രമേഹത്തിന് ഏറ്റവും ഉപയോഗപ്രദമായ പ്രതിവിധി മൂത്രത്തിൽ പഞ്ചസാരയുടെ അളവ് കുറയുന്നതിനും അപ്രത്യക്ഷമാകുന്നതിനും മറ്റ് പ്രിതിവിധികളൊന്നും കാരണമാകില്ല. ശരീരത്തിന്റെ മുകൾ ഭാഗത്ത് കുത്തനെയുള്ള ചൂട്; ചെറിയ ചുവന്ന മുഖക്കുരു ശക്തമായ ചൊറിച്ചിൽ, കഠിന ദാഹം, ബലഹീനത, ശോഷണം. വളരെ വലിയ അളവിൽ മൂത്രം, ഉയർന്ന പ്രത്യേക ഗുരുത്വാകർഷണം ചർമ്മത്തിന്റെ പഴയ അൾസർ, പ്രമേഹ വ്രണങ്ങൾ.

ഇങ്ങനെ ലക്ഷണങ്ങൾ ഉള്ളവർക്ക് ഈ കഷായങ്ങൾ (tinctue) ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഹോമിയോയിലെ മറ്റ് മരുന്നുകൾ ആണ് Puls, Ars. bcom, loca, codein, Helleb, Phlocid, Uian.Nit, Phosp, Acir

www.malankaralibrary.com

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**മെർലിൻ ആൻഡ്രൂസ്, എരുമേലി**

## അഭിനന്ദനങ്ങൾ



*ഉജ്വലബാല്യം പുരസ്കാരം നേടിയ പള്ളിക്കത്തോട് ഈസ്റ്റ് പൈക്കല്ലിൽ ആരോൺ ബെന്നിക്ക് അഭിനന്ദനങ്ങൾ. തിരുവല്ല അതിഭദ്രാസനത്തിൽ നെടുമാവ് ഇടവകാംഗമായ ബെന്നി ഏബ്രഹാം - റെജീന മേരി ദമ്പതികളുടെ മകനാണ്.*

## ലോഗോസ് ക്വിസ് വിജയികൾ



*ലോഗോസ് കിസ് മത്സരത്തിൽ തിരുവല്ല അതിഭദ്രാസനത്തിൽനിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി കൊല്ലത്തുവച്ചു നടത്തപ്പെട്ട സെമിഫൈനൽ പരീക്ഷയിൽ പങ്കെടുത്തവർ*

www.malankaralibrary.com





## മല്പാനോട് ചോദിക്കാം

ഫാ. ഡോ. രാജു പറക്കോട്ട്

17

# അംഗീകരിക്കപ്പെട്ട മല്പാന്മാർ!!!

വി. കുർബാനയിലെ അഞ്ചാമത്തെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ "അംഗീകരിക്കപ്പെട്ട മല്പാന്മാരെയും നാം ഓർക്കണം" എന്ന് പ്രാർത്ഥിക്കുന്നുണ്ട്. ആരാണ് അംഗീകരിക്കപ്പെട്ട മല്പാന്മാർ? Doctor of the Universal church (Doctor Ecclesia Universalis) സാർവ്വത്രിക സഭയിലെ മല്പാൻ എന്ന് സഭ ഔദ്യോഗികമായി പ്രഖ്യാപിച്ച വ്യക്തിയാണ് മല്പാൻ. Doctor എന്ന ലത്തീൻ പദത്തിന്റെ തത്തുല്യമായ സുറിയാനി പദമാണ് മല്പാൻ. അദ്ധ്യാപകൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം.

ഒരു വ്യക്തി Doctor of the church (മല്പാൻ) ആയി പ്രഖ്യാപിക്കപ്പെടുന്നതിന് താഴെ പറയുന്ന മൂന്ന് മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതുണ്ട്.

1. സഭയ്ക്കു നല്ലതും, പ്രയോജനപ്രദവും, സത്യവും, കാലാതീതവുമായ പ്രബോധനങ്ങൾ നല്കിയിട്ടുള്ള വ്യക്തിയായിരിക്കണം.
2. ഉന്നതമായ ജീവിതവിശുദ്ധി ഉണ്ടായിരിക്കണം. തന്മൂലം മല്പാൻ വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു.
3. സഭ ഔദ്യോഗികമായി മല്പാനായി അംഗീകരിക്കണം.

കത്തോലിക്കാസഭയിൽ ഇപ്രകാരം 37 അംഗീകരിക്കപ്പെട്ട മല്പാന്മാരാണുള്ളത്. സുറിയാനി സഭയിലെ വി. അപ്രേം (എ.ഡി. 306–373) ഈ 37 മല്പാന്മാരിൽ ഒരാളാണ്.


കേരളത്തിൽ സുറിയാനി ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകരെ പരമ്പരാഗതമായി മല്പാൻ എന്നാണ് വിളിച്ചുവരുന്നത്. ഈ പംക്തിയുടെ പേരുതന്നെ 'മല്പാനോടു ചോദിക്കാം' എന്നാണല്ലോ. ഇതിനും പുറമെ വൈജ്ഞാനിക മേഖലയിലെ സംഭാവനകളെ ആദരിച്ചുകൊണ്ട് ഒരു ബഹുമതിയായും (honourary title) മല്പാൻ എന്ന സ്ഥാനം നല്കുന്ന പതിവുമുണ്ട്. ഫാ. ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ ഇപ്രകാരം മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ മല്പാൻ സ്ഥാനം ലഭിച്ച വ്യക്തിയാണ്.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല – 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com

# Remembrance - December




**Fr. Mathew Thengumthottam**
02 December 1990



**Fr. John Chundevalel**
03 December 2002




**Rt.Rev. Mathew Karimpil Corepiscopo**
07 December 2019



**Fr Mathew Chittakat**
08 December 1970




**Rev. Fr Elias Theckanal**
08 December 2021



**Fr. Thomas Padinjarekutt**
13 December 1993




**Fr. Joseph Karakkalolickal**
14 December 2003



**Fr. James Thannickal**
15 December 1992



**Fr. Peter Ramanatt**
18 December 1977



**Fr. Jacob Chundevalel**
21 December 1980



**Fr. Mathew Vayalil**
26 December 2009



**V.Rev. Simon D Karott Corepiscopo**
30 December 1950




## MATRIMONIAL - 165

മലങ്കര കത്തോലിക്കാ യുവതി, 26 വയസ്സ്, Height : 152 c.m., MBBS കഴിഞ്ഞ് പോസ്റ്റ് ഗ്രാജുവേഷൻ ചെയ്യുന്നതിനായി തയ്യാറെടുക്കുന്നു. അനുയോജ്യരായ ആൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 9246597433

www.malankaralibrary.com

Feel The Change



CRYSTAL CLEANING SERVICES

Varughese Michael (Saji)
Entrepreneur

Address
PRA323, Paliakara
Thiruvalla - 689101
+91 9746370270

Email
crystalcleaningservicetrvl@gmail.com



# മൂന്നാം ചരമവാർഷികം

02–01–2024

## ഒ.ഇ. ജോസഫ് (തങ്കച്ചൻ)

(1945–2021)

ആലാപ്പാമൂട്ടിൽ, മണ്ണടിശ്ശാല

"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"

ഓർമ്മ കുർബാന മണ്ണടിശ്ശാല സെന്റ് ജോസഫ്
മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ
02.01.2024 ചൊവ്വാഴ്ച രാവിലെ 8 മണിക്ക്.

പ്രാർത്ഥനയോടെ സന്തപ്തകുടുംബാംഗങ്ങൾ

www.malankaralibrary.com

Date of Publication : 01-12--2023
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
December 2023




Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil